Newspaper for malayalees Worldwide CHICAGO/TORONTO ◆ Estd.2020

# വാചകം
# VACHAKAM

TORONTO
Vol.1 / Issue 16/ Pages 32
30
ജൂലൈ 2026
വ്യാഴാഴ്ച
1201 കർക്കിടകം 14

Canada | America | India | Keralam | Socialmedia | Cinema | Sports | Technology | World

www.vachakam.com
canada@vachakam.com
news@vachakam.com



# Buying or Selling Property?

**Take advantage of the current market.**
**The Best Address at the Best Price.**

## STRONG NEGOTIATOR

$799,000
FOR SALE







**Ajax** | 4 Bed, 4 Bath

$570,000
FOR SALE



PRICE REDUCED!

**TORONTO DOWNTOWN**

**2-Storey Condo Townhouse**
**1 Bed, 1 Bath**

Townhome in 'Liberty Village! This Bright 1 Bdrm + Den Suite Is Stunning, Granite Counter & Breakfast Bar. Ss Appls, Custom Kitchen Cabinetry, S/S Custom Banisters, An Open Concept W/2 Expansive Windows. 2nd Floor Is A Sprawling Master Suite W/ Ensuite & Den.



FOR LEASE
$3,050

26 Grosbeak Cres
Toronto, Otario
M1X 1X1

3 Bed / 3 Bath

Your neighbourhood full time Realtor at your fingertips.

**Call me today for a Free Home Evaluation.**

**Professional approach in a friendly manner.**

2021 & 2022
PLATINUM CLUB AWARD
RE/MAX

2022
RE/MAX HALL OF FAME



**RE/MAX**
**Community Realty Brokerage**

**Alex Alexander**
**Dir: 647 525 2539**
realtoralexalexander@gmail.com
www.realtorcanadian.com

**1265 Morningside Ave, Suite 203 Toronto. M1B 3V9**
**Office: 416.287.2222 | Fax: 416.282.4488**

Independently owned and operated. Not intended to solicit properties currently for sale or clients under signed contract.

Newspaper for malayalees Worldwide CHICAGO/TORONTO Estd.2020

# വാചകം
VACHAKAM

Canada | America | India | Keralam | Socialmedia | Cinema | Sports | Technology | World

TORONTO
Vol.1 / Issue 16/ Pages32
30
ജൂലൈ 2026
വ്യാഴാഴ്ച
1201 കർക്കിടകം 14

www.vachakam.com
canada@vachakam.com
news@vachakam.com

# അമേരിക്കയെ മാത്രം ആശ്രയിച്ച കാലം കഴിഞ്ഞു; ഊർജ്ജ വിപണിയിൽ ജർമ്മനിയുമായി ചരിത്ര കരാറുമായി കാനഡ



ആഗോള ഊർജ്ജ വാണിജ്യ റിപ്പോർട്ടുകൾ പ്രകാരം, കാനഡ തങ്ങളുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായുള്ള വലിയൊരു അന്താരാഷ്ട്ര വ്യാപാര കരാറിൽ ഒപ്പുവെച്ചിരിക്കുകയാണ്. യൂറോപ്യൻ രാഷ്ട്രങ്ങളിലേക്ക് അത്യാധുനിക ദ്രവീകൃത പ്രകൃതിവാതകം അഥവാ ജിഎൻഎൽ (LNG) കയറ്റുമതി ചെയ്യുന്നതിനായുള്ള രണ്ടാമത്തെ ഭീമൻ കരാറാണ് കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി ഔദ്യോഗികമായി പ്രഖ്യാപിച്ചിരിക്കുന്നത്. അമേരിക്കൻ ഐക്യനാടുകളുമായുള്ള കാനഡയുടെ ദീർഘകാല വ്യാവസായിക അമിതാശ്രയത്വം കുറയ്ക്കുന്നതിന്റെ ഭാഗമായാണ് ഈ തന്ത്രപ്രധാന തീരുമാനം ഉണ്ടായിട്ടുള്ളത്.കാനഡയിൽ നിന്നുള്ള വസ്ത്രങ്ങൾ, സിമന്റ് ഉൾപ്പെടെയുള്ള വിവിധ കയറ്റുമതി ഉൽപ്പാദനങ്ങൾ നൽകുന്നതിൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അമ്പത് ശതമാനം നികുതി ചുമത്തിയ സാഹചര്യത്തിലാണ് ഒട്ടാവ ഇത്തരമൊരു ബദൽ വിപണി പാത കണ്ടെത്തിയത്. ഊർജ്ജ മേഖലയ്ക്ക് മാത്രം ട്രംപ് ഈ നികുതി വർദ്ധനവിൽ നിന്ന് ഒഴിവാക്കൽ നൽകിയിരുന്നുവെങ്കിലും, ഭാവിയിൽ അമേരിക്കയുടെ ഏകപക്ഷീയ ഭീഷണികൾ ഒഴിവാക്കാൻ മറ്റ് വിപണികൾ കണ്ടെത്തുകയാണ് കാനഡയുടെ ലക്ഷ്യം. യുഎസ്-ഇസ്രായേൽ സഖ്യം ഇറാന് നേരെ നടത്തുന്ന കടുത്ത സൈനിക പോരാട്ടങ്ങൾ കാരണം പശ്ചിമേഷ്യൻ എണ്ണ-വാതക വിതരണം അടിയന്തിരമായി തടസ്സപ്പെട്ട പശ്ചാത്തലത്തിൽ, യൂറോപ്പിന് മുന്നിലെ ഏറ്റവും സുരക്ഷിതമായ ആശ്രയകേന്ദ്രമായി കാനഡ മാറിയിരിക്കുന്നു. ഈ ചരിത്രപ്രധാനമായ കരാറിന്റെ സമഗ്രമായ അവലോകനം താഴെ പരിശോധിക്കാം:യൂറോപ്പിലേക്കുള്ള രണ്ടാമത്തെ ഭീമൻ ജിഎൻഎൽ കരാറും കാർണിയുടെ പുതിയ നയതന്ത്രങ്ങളുംകനേഡിയൻ ഗവൺമെന്റ് ഒപ്പുവെച്ച ഈ പുതിയ ഇന്ധന കരാർ രാജ്യത്തിന്റെ പരമ്പരാഗത വിദേശ വ്യാപാര ശൈലികളിൽ

ശേഷം പേജ് 10ൽ



# പ്രൊഫഷണൽ മേഖല ഉപേക്ഷിച്ച് പുതിയ തൊഴിൽ വഴികൾ തേടുന്ന റിയൽ എസ്റ്റേറ്റ് വ്യാപാരികൾ

പ്രൊഫഷണൽ മേഖല ഉപേക്ഷിച്ച് ഏറ്റവും പുതിയ റിയൽ എസ്റ്റേറ്റ് വിപണി റിപ്പോർട്ടുകൾ പ്രകാരം, കാനഡയിലും വടക്കൻ അമേരിക്കൻ മേഖലകളിലും വസ്തു വിൽപന മന്ദഗതിയിലായതിനെ തുടർന്ന് ആയിരക്കണക്കിന് റിയൽ എസ്റ്റേറ്റ് ഏജന്റുകൾ ഈ മേഖലയിൽ നിന്നും വിട്ടുനിൽക്കുകയോ പൂർണ്ണമായി ജോലി ഉപേക്ഷിക്കുകയോ ചെയ്യുകയാണ്. അന്താരാഷ്ട്ര മാധ്യമങ്ങൾ പുറത്തുവിട്ട ആഴത്തിലുള്ള പഠനങ്ങൾ അനുസരിച്ച്, പാൻഡെമിക് കാലഘട്ടത്തിൽ ഉണ്ടായ അനിയന്ത്രിതമായ വിപണി കുതിപ്പിൽ റിയൽ എസ്റ്റേറ്റ് ലൈസൻസ് സ്വന്തമാക്കി സാമ്പത്തിക നേട്ടമുണ്ടാക്കാൻ വന്നവരിലാണ് ഈ വലിയ വീഴ്ച പ്രകടമാകുന്നത്. ഉയർന്ന പലിശ നിരക്കുകളും വായ്പാ ഭാരവും കാരണം വസ്തു വാങ്ങാൻ ആളുകൾ മടിക്കുന്ന നിലവിലെ അന്തരീക്ഷത്തിൽ, ഒരു വർഷത്തിനിടെ ഒരൊറ്റ വിൽപന പോലും നടത്താൻ കഴിയാതെ കടുത്ത സാമ്പത്തിക ബാധ്യതയിലായ മധ്യവർഗ്ഗ ഏജന്റുകൾ തങ്ങളുടെ പഴയ ജോലികളിലേക്കോ പുതിയ ബദൽ മാർഗ്ഗങ്ങളിലേക്കോ ചേക്കേറാൻ നിർബന്ധിതരായിരിക്കുന്നു. ഈ വി

ശേഷം പേജ് 10ൽ

ഒറ്റപ്പെടില്ല എമ്പ്രാന്മാർ; ഒപ്പമുണ്ട് അമ്പലവാസികൾ ........................ പേജ് 14
പുതിയ ലോകത്തിന്റെ വിളി! ........................ പേജ് 18
ആധുനിക ഇന്ത്യയുടെ വഴികാട്ടിയെ ഒടുവിൽ കുറ്റവിമക്തനാക്കിയത്രെ! ........................ പേജ് 19
'പിണറായി ഫ്രൈ' പാർട്ടിക്ക് 'ബൂസ്റ്റാ'യി മാറുമോ? ........................ പേജ് 20
പിന്തിരിഞ്ഞോടുന്ന അധികാരികൾ; പോരാടുന്ന ഒരു ജനത (എൻ.പി.ചെക്കുട്ടി എഴുതുന്നു) ........................ പേജ് 21
'ഫണ്ടു'തട്ടിക്കളിയിൽ സെൽഫ് ഗോളടിച്ച് ........................ പേജ് 23

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ



# പകലോമറ്റം മഹാകുടുംബയോഗം കാനഡ ചാപ്റ്റർ നയാഗ്രയിൽ നടന്നു

നയാഗ്ര: പകലോമറ്റം മഹാകുടുംബ യോഗം കാനഡ ചാപ്റ്റർ കാനഡയിലെ നയാഗ്രയിൽ ബൈജു ജോർജ് പകലോമറ്റത്തിന്റെ ഭവനാങ്കണത്തിൽ 2026 ജൂലൈ 4ന് ചേർന്നു. ചാപ്റ്റർ ചെയർമാന്റെ അധ്യക്ഷതയിൽ ചേർന്ന കുടുംബ സംഗമം നയാഗ്ര സീറോ മലബാർ പള്ളി വികാരി ഫാ. ജോർജ് തുരുത്തിപ്പള്ളി ഉദ്ഘാടനം ചെയ്തു. ഹോളിക്രോസ് സഭാംഗമായ ഫാ. ഷാജി മണ്ഡപത്തിക്കുന്നേൽ അനുഗ്രഹ സന്ദേശം നൽകി. മഹാകുടുംബയോഗം ട്രസ്റ്റ് മെമ്പർ സ്റ്റാൻലി ജോർജ് പകലോമറ്റം കുടുംബ ചരിത്രം ആസ്പദമാക്കി മുഖ്യ പ്രഭാഷണം നടത്തി. ജോർജി അലക്സാണ്ടർ, ജിജി മാത്യു എന്നിവർ ആശംസകൾ നേർന്നു.

ലിജി സൂസൻ, ജോബിൻ വർഗീസ്, ജീവൻ ജിജി, എലിസബത്ത് ജോർജ് എന്നിവരുടെ നേതൃത്വത്തിൽ കുട്ടികൾക്കും മുതിർന്നവർക്കുമായി കലാകായികമത്സരങ്ങൾ നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു. ഫ്രാൻസിസ് താഴമൺ, അലക്സ് അലക്സൻഡർ എന്നിവർ രജിസ്ട്രേഷന് നേതൃത്വം നൽകി. സാജൻ, ജോബു, ഷിൻടോ എന്നിവരുടെ നേതൃത്വത്തിൽ ഉച്ചക്കും വൈകുന്നേരവും ഉള്ള ഭക്ഷണങ്ങൾ ക്രമീകരിച്ചു.

പകലോമറ്റം, താഴമൺ, ചെറുകര, മാമ്പറ, പാണ്ടിരിക്കൽ, പെരുമ്പനാനി, നെടുമ്പ്ലാക്കൽ, പുത്തൂർ, വടക്കേടത്തു, വർക്കന്റേത്തു, തൊണ്ടലിൽ, പള്ളിവാതുക്കൽ എന്നി ശാഖകളിൽ നിന്നുള്ള കുടുംബങ്ങൾ പങ്കെടുത്തു.

അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളേയും തെരഞ്ഞെടുത്തു. ചാപ്റ്റർ ചെയർമാനായി ബൈജു പകലോമറ്റം, സെക്രട്ടറിയായി ജോബു ജോസഫിനേയും ട്രഷറർ ആയി ഫ്രാൻസിസ് താഴ്മണനേയും തെരഞ്ഞെടുത്തു. അലക്സ് അലക്സാണ്ടർ വൈസ് ചെയർമാൻ, റ്റോം സി. തോമസ് ജോ. സെക്രട്ടറി, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായി സാജൻ മാത്യു, ഷന്റോ തോമസ്, സൈമൺ പ്ലാന്തോട്ടം, സുജിത് എബ്രാഹം, ഫിറോസ് ഫിലിപ്പ് കോശി, സാം മാമ്മൻ, ബ്രിൻലി തോമസ് എന്നിവരേയും കലാകായിക കൺവീനർമാരായി ഡോ. ജോബിൻ വറുഗീസ്, എലിസബത്ത് ജോർജ്, ജീവൻ ജിജി എന്നിവരേയും തെരഞ്ഞെടുത്തു. പകലോമറ്റം കുടുംബ സംഗമം സംഘടിപ്പിക്കുവാൻ നേതൃത്വവും സൗകര്യവും ഒരുക്കി നൽകിയ ബൈജു പകലോമറ്റത്തിനെ മംഗള ഫലകം നൽകി ആദരിച്ചു. ഏകദേശം 80 പേർ പങ്കെടുത്ത സമ്മേളനം അഞ്ചു മണയോടെ സമംഗളമായി പര്യവസാനിപ്പിച്ചു.

വർഷത്തിൽ ഒന്ന് നടക്കുന്ന പകലോമറ്റം കുടുംബ കൂട്ടായ്മ ഏവർക്കും ഒരു ഹൃദ്യമായ അനുഭവം ആയി മാറി.



# ദക്ഷിണേഷ്യൻ ഫാമിലി സ്പോർട്സ് ഡേ 2026ൽ ഏഞ്ഞങ്ങ മികച്ച പ്രകടനം കാഴ്ച വെച്ചു

2026 ജൂലൈ 25നും 26നും വാട്ടർലൂ പാർക്കിൽ നടന്ന ദക്ഷിണേഷ്യൻ ഫാമിലി സ്പോർട്സ് ഡേ 2026 വാട്ടർലൂ മേഖലയിലെ വിവിധ സാമുദായിക സംഘടനകളെ സൗഹൃദത്തിന്റെയും സാംസ്കാരിക ഐക്യത്തിന്റെയും, കായികതാൽപര്യത്തിന്റെയും മഹോത്സവത്തിൽ ഒരുമിപ്പിച്ചു.

ഗ്രാന്റ് റിവർ മലയാളീ അസോസിയേഷന്റെ നേതൃത്വത്തിൽ, തമിഴ് കൾച്ചറൽ അസോസിയേഷൻ, ഗോൾഡൻ ട്രയാംഗിൾ മറാത്തി മണ്ഡൽ, ഇന്ത്യൻ കൾച്ചറൽ അസോസിയേഷൻ, KWC തെലുങ്ക് അസോസിയേഷൻ, ബംഗാളി സ്പോർട്സ് ഗ്രൂപ്പ് എന്നിവയുടെ പങ്കാളിത്തത്തോടെയാണ് ഈ കായികമേള സംഘടിപ്പിച്ചത്.

ഈ വർഷത്തെ പരിപാടിക്ക് പ്രസിഡന്റ് റയീസ് നിഷാദിന്റെ നേതൃത്വത്തിൽ ഏഞ്ഞങ്ങ നേതൃത്വം നൽകി.

ബോർഡ് ചെയർമാൻ ബാലു മേനോന്റെ മാർഗ്ഗനിർദ്ദേശത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ ഡയസ് ജെയിംസ് ജോസ്, അനൂപ് നായർ, ഡെന്നിസ് ജോസഫ് എന്നിവരുടെ പിന്തുണയിലും, മറ്റ് GRMA എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, ബോർഡ് അംഗങ്ങൾ, വൊളന്റിയർമാർ എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെയും ദക്ഷിണേഷ്യൻ ഫാമിലി സ്പോർട്സ് ഡേ 2026 വലിയ വിജയമാക്കി മാറ്റി.

മികച്ച പ്രകടനം കാഴ്ചവെച്ച GRMAക്ക് ഇത്തവണ വിവിധ മത്സരങ്ങളിൽ കിരീടം നേടാൻ സാധിച്ചു.


ചാമ്പ്യൻസ് - മുതിർന്നവരുടെ വോളിബോൾ
ചാമ്പ്യൻസ് - ലേഡീസ് ത്രോബോൾ
ചാമ്പ്യൻസ് - കുട്ടികളുടെ സോക്കർ
റണ്ണേഴ്സ്അപ്പ് - കുട്ടികളുടെ സോക്കർ (GRMAയുടെ രണ്ടാമത്തെ ടീം)
റണ്ണേഴ്സ്അപ്പ് - യൂത്ത് വോളിബോൾ
ക്രിക്കറ്റ് GRMA ബ്രൗൺ ടീം - സെമി ഫൈനലിസ്റ്റുകൾ

ദക്ഷിണേഷ്യൻ ഫാമിലി സ്പോർട്സ് ഡേ 2026 മറക്കാനാവാത്ത വിജയമാക്കി മാറ്റിയ എല്ലാ കളിക്കാർക്കും പരിശീലകർക്കും വൊളന്റിയർമാർക്കും സ്പോൺസർമാർക്കും പങ്കാളി സംഘടനകൾക്കും GRMA അഭിനന്ദനങ്ങൾ അറിയിച്ചു. അടുത്ത വർഷം കൂടുതൽ സംഘടനകളെ ഈ മേളയിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കുമെന്ന് സംഘാടകർ അറിയിച്ചു.





# എസ്.എൻ.എ ടൊറന്റോ ഗുരുജയന്തി ആഘോഷിക്കുന്നു: ശ്രീനാരായണഗുരുവിന്റെ ജീവിതവും ദർശനങ്ങളും അനുസ്മരിക്കുന്നു



ടൊറന്റോ, ഒന്റാറിയോ: ശ്രീനാരായണ അസോസിയേഷൻ ടൊറന്റോ ഈ വർഷത്തെ ഗുരുജയന്തി 2026 ഓഗസ്റ്റ് 29 ശനിയാഴ്ച ആഘോഷിക്കുന്നു. സാമൂഹിക പരിഷ്കർത്താവും ആത്മീയ ഗുരുവുമായ ശ്രീനാരായണഗുരുവിന്റെ ജീവിതവും മാനവിക ദർശനങ്ങളും അനുസ്മരിക്കുന്നതിനാണ് ഈ ചടങ്ങ് സംഘടിപ്പിക്കുന്നത്.

'ജാതിഭേദവും മതദ്വേഷവുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനം' എന്ന ഗുരുദേവന്റെ ഉദാത്തമായ ദർശനത്തെ മുൻനിർത്തി, പരസ്പര സൗഹാർദ്ദവും സാംസ്കാരിക കൂട്ടായ്മയും പങ്കുവെക്കാൻ ഈ ഒത്തുചേരൽ അവസരമൊരുക്കുന്നു.

ഈ ആഘോഷ പരിപാടികൾ 2026 ഓഗസ്റ്റ് 29 ശനിയാഴ്ച രാവിലെ 10 മണിക്ക് ബ്ലാക്ക് ബോക്സ്, ക്വീൻ എലിസബത്ത് പാർക്ക് കമ്മ്യൂണിറ്റി സെന്റർ 2302 ആൃശരവഴല ഞറ, ഛമസ്ശഹഹല, ഛച ഘ6ഘ 2ഏ6

### പ്രോഗ്രാം വിവരങ്ങൾ

**ഗുരുപൂജ:** ഗുരുദേവസ്മരണയിൽ നടത്തുന്ന പ്രതീകാത്മകമായ ചടങ്ങുകൾ.

**സാംസ്കാരിക കലാപരിപാടികൾ:** സ്റ്റേജിൽ അരങ്ങേറുന്ന വൈവിധ്യമാർന്ന കലാവിരുന്നുകൾ.

**ലഘുഭക്ഷണം:** പങ്കെടുന്നവർക്കായി ഒരുക്കുന്ന ലഘുഭക്ഷണം.

രജിസ്ട്രേഷനും ആർ.എസ്.വി.പി.യും

പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സൗകര്യങ്ങൾ മുൻകൂട്ടി ക്രമീകരിക്കുന്നതിനായി 2026 ഓഗസ്റ്റ് 23നകം രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.


ഈ സാംസ്കാരിക പരിപാടിയുടെ സുഗമമായ നടത്തിപ്പിലേക്കായി കമ്മ്യൂണിറ്റിയിൽ നിന്നുള്ള സംഭാവനകൾ കൃതജ്ഞതയോടെ സ്വീകരിക്കുന്നതാണ്.

താല്പര്യമുള്ളവർക്ക് സംഭാവനകൾ SNATorontoPayments@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് ഇട്രാൻസ്ഫർ (e-transfer) ചെയ്യാവുന്നതാണ്.

എസ്.എൻ.എ ടൊറന്റോയെക്കുറിച്ച് ഗ്രേറ്റർ ടൊറന്റോ ഏരിയയിൽ ശ്രീനാരായണഗുരുവിന്റെ സമത്വ ദർശനങ്ങൾ പ്രചരിപ്പിക്കുന്നതിനും, സാംസ്കാരികവും സാമൂഹികവുമായ ഒത്തൊരുമ വളർത്തുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന ഒരു മാതൃകാ സംഘടനയാണ് ശ്രീനാരായണ അസോസിയേഷൻ ടൊറന്റോ.


SILK
EXPERTS
SINCE 1924
TIMELESS.
Pulimoottil
SILKS
PALACE ROAD, THRISSUR
+91 9048 434488
SCAN • BROWSE • ORDER
WWW.PULIMOOTTILONLINE.COM
KOLLAM | ADOOR | KOTTAYAM | PALA
THIRUVALLA | THODUPUZHA | KOCHI

# നാറ്റോ സൈനിക ആസ്ഥാനത്ത് ചാരപ്പണി; ചൈനയ്ക്ക് വിവരങ്ങൾ ചോർത്തിയ കനേഡിയൻ യുവതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പുറത്ത്



അന്താരാഷ്ട്ര പ്രതിരോധ സഖ്യമായ നാറ്റോയുടെ അതീവ രഹസ്യങ്ങൾ ചൈനയ്ക്ക് ചോർത്തി നൽകിയ കേസിൽ അറസ്റ്റിലായ കനേഡിയൻ പൗരയെക്കുറിച്ച് നിർണ്ണായക വെളിപ്പെടുത്തലുകൾ. ബെൽജിയത്തിലെ നാറ്റോ ആസ്ഥാനത്ത് നിന്ന് കഴിഞ്ഞ ദിവസങ്ങളിൽ അറസ്റ്റിലായ ഇരുപത്താറുകാരിയായ ബിവി ഴാങ് എന്ന യുവതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങളാണ് ഇപ്പോൾ പുറത്തുവരുന്നത്. വിദേശ രഹസ്യാന്വേഷണ ഏജൻസിയുടെ ഭാഗമായി പ്രവർത്തിച്ചതിന് സിബിസി ന്യൂസ് ആണ് ഇവരുടെ പേര് വിവരങ്ങൾ സ്ഥിരീകരിച്ചത്.

ബ്രസ്സൽസിലെ നാറ്റോ സൈനിക ആസ്ഥാനത്തുള്ള ഇന്റലിജൻസ് വിഭാഗത്തിലാണ് പ്രതി ഇന്റേൺ ആയി സേവനം അനുഷ്ഠിച്ചിരുന്നത്. അതീവ പ്രാധാന്യമുള്ള സൈനിക വിവരങ്ങളും തന്ത്രപ്രധാന രേഖകളും പ്രതി ചൈനീസ് ഉദ്യോഗസ്ഥർക്ക് കൈമാറിയതായി അന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ട്. യൂറോപ്പിലെ പശ്ചാത്തല സൗകര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാനാണ് പ്രതി പ്രധാനമായും ശ്രമിച്ചിരുന്നത്.

കാനഡയിൽ ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷമാണ് ബിവി ഴാങ് നാറ്റോയിലെ ഇന്റേൺഷിപ്പ് പ്രോഗ്രാമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. ചൈനീസ്പശ്ചാത്തലമുള്ളപ്രതിവിദേശ രാജ്യങ്ങളിലെ വിദ്യാർത്ഥികളെ ലക്ഷ്യമിട്ട്പ്രവർത്തിക്കുന്നചാരശൃംഖലയുടെ ഭാഗമാണെന്ന് സംശയിക്കുന്നു. പ്രതിയുടെ പക്കൽ നിന്ന് നിരവധി ഡിജിറ്റൽ ഉപകരണങ്ങളും കമ്പ്യൂട്ടറുകളും ചോദ്യം ചെയ്യലിനായി സുരക്ഷാ ഏജൻസികൾ പിടിച്ചെടുത്തു.

ബെൽജിയൻ ഫെഡറൽ പ്രോസിക്യൂട്ടർ കാര്യാലയമാണ് കേസിന്റെ അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്നത്. വിദേശ രാജ്യത്തിന് വേണ്ടി രാജ്യദ്രോഹപരമായ ചാരപ്രവർത്തനം നടത്തിയെന്ന കുറ്റമാണ് ഇവർക്കെതിരെ ചുമത്തിയിട്ടുള്ളത്. പ്രതി നിലവിൽ കടുത്ത സുരക്ഷാ മാനദണ്ഡങ്ങളോടെ ബെൽജിയത്തിൽ ജുഡീഷ്യൽ കസ്റ്റഡിയിലാണ്.

നാറ്റോയിൽവിവരചോർച്ചഉണ്ടായ സംഭവം ആഗോള തലത്തിൽ വലിയ സുരക്ഷാ ആശങ്കകളാണ് ഉയർത്തിയിരിക്കുന്നത്. അഞ്ചു രാജ്യങ്ങളുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന ഫൈവ് ഐസ് ഇന്റലിജൻസ് സഖ്യവും ഈ വിഷയത്തെ ഏറെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. കനേഡിയൻ പൗരത്വം ഉള്ളവർ സുരക്ഷാ പരിശോധനകളിൽ കടന്നുകൂടുന്നത് പാശ്ചാത്യ രാജ്യങ്ങൾക്ക് പുതിയ വെല്ലുവിളിയാകുന്നു.

സംഭവത്തെക്കുറിച്ച് ബെൽജിയൻ അന്വേഷണ ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കുകയാണെന്ന് ഒട്ടവയിലെ കനേഡിയൻ ഭരണകൂടം അറിയിച്ചു. തങ്ങളുടെ പൗരന്മാരുടെ ചാരപ്രവർത്തനത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുമെന്ന് കനേഡിയൻ സുരക്ഷാ വിഭാഗവും വ്യക്തമാക്കി. കേസിൽ കൂടുതൽ ആളുകൾക്ക് പങ്കുണ്ടോ എന്ന് കണ്ടെത്താൻ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

യൂറോപ്പിലും വടക്കേ അമേരിക്കയിലും ചൈനീസ് ഏജന്റുമാരുടെ നുഴഞ്ഞുകയറ്റം വർദ്ധിച്ചു വരുന്ന സാഹചര്യത്തിലാണ് ഈ വിചിത്രമായ സംഭവം. പ്രധാന രാഷ്ട്രീയ കേന്ദ്രങ്ങളിലേക്കും സൈനിക താവളങ്ങളിലേക്കും ഇത്തരം ഇന്റേണുകളെ ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കുന്ന തന്ത്രമാണ് ചൈന പയറ്റുന്നത്. കേസിന്റെ പരോഗതി അനുസരിച്ച് നാറ്റോ തങ്ങളുടെ സുരക്ഷാ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയേക്കും.

പാശ്ചാത്യ രാജ്യങ്ങൾ ഉയർത്തുന്ന ആരോപണങ്ങൾ പൂർണ്ണമായും അടിസ്ഥാനരഹിതമാണെന്ന് ചൈനീസ് ഭരണകൂടം ആവർത്തിക്കുന്നുണ്ട്. ചൈനയുടെ ആഗോള പ്രതിച്ഛായ തകർക്കാൻ ലക്ഷ്യമിട്ടാണ് ഇത്തരത്തിലുള്ള വ്യാജ കേസുകൾ ഉണ്ടാക്കുന്നതെന്നാണ് ചൈനീസ് നിലപാട്. എന്നാൽ പിടിച്ചെടുത്ത ഡിജിറ്റൽ തെളിവുകൾ ഇവർക്കെതിരെയുള്ള കുറ്റം വ്യക്തമാക്കുന്നതാണെന്ന് അന്വേഷണ ഉദ്യോഗസ്ഥർ ഉറപ്പിച്ചു പറയുന്നു.

നാറ്റോയിലെ മറ്റ് ഡിപ്പാർട്ട്മെന്റുകളിലേക്കും ചാരശൃംഖല വ്യാപിച്ചിട്ടുണ്ടോ എന്ന് കണ്ടെത്താൻ എല്ലാ ജീവനക്കാരുടെയും പ്രവർത്തനങ്ങൾ പരിശോധിക്കുകയാണ്. വരും ദിവസങ്ങളിൽ കൂടുതൽ വിവരങ്ങൾ പുറത്തുവരുമെന്നാണ് സാമ്പത്തിക നയതന്ത്ര ലോകം കരുതുന്നത്.

അറസ്റ്റിലായ കനേഡിയൻ യുവതിക്കെതിരെ അന്താരാഷ്ട്ര നിയമപ്രകാരം കടുത്ത ശിക്ഷ നടപടികൾ ഉണ്ടാകും.

# ബാങ്ക് നാഷണൽ പാർക്കിൽ അപൂർവ്വ അപകടം; മലകയറ്റക്കാരനെ രക്ഷിക്കാൻ ഹെലികോപ്റ്റർ ദൗത്യം, ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്ത്




കാനഡയിലെ ലോകപ്രശസ്തമായ ബാൻഫ് നാഷണൽ പാർക്കിലെ മാർവൽ പീക്കിൽ സാഹസിക മലകയറ്റത്തിനിടെ വൻ അപകടം. കണിശമായ പർവ്വതാരോഹണ പാതയിലൂടെ സഞ്ചരിക്കുകയായിരുന്ന സാഹസിക യാത്രക്കാരനാണ് കുന്നിൻമുകളിൽ വെച്ച് അപകടത്തിൽപ്പെട്ടത്. വിവരമറിഞ്ഞയുടൻ തന്നെ പാർക്സ് കാനഡയുടെ രക്ഷാസേന സ്ഥലത്തെത്തി അടിയന്തര രക്ഷാപ്രവർത്തനം ആരംഭിക്കുകയായിരുന്നു.

അതിസാഹസികമായ ദൗത്യത്തിനൊടുവിലാണ് പരിക്കേറ്റയാളെ മലമുകളിൽ നിന്ന് താഴെയിറക്കാൻ സാധിച്ചത്. അപകടത്തിന്റെ വ്യാപ്തി കണക്കിലെടുത്ത് വൻ സന്നാഹങ്ങളോടെയാണ് രക്ഷാപ്രവർത്തകർ പ്രവർത്തിച്ചത്. സമുദ്രനിരപ്പിൽ നിന്ന് ഏറെ ഉയരത്തിലുള്ള മാർവൽ പീക്കിൽ വെച്ചാണ് ഈ ദാരുണമായ സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടത്.

ദുർഘടമായ ഭൂപ്രകൃതിയും പെട്ടെന്ന് മോശമായ കാലാവസ്ഥയും രക്ഷാപ്രവർത്തനത്തെ വൻതോതിൽ പ്രതികൂലമായി ബാധിച്ചു. എങ്കിലും അത്യാധുനിക ഹെലികോപ്റ്ററിന്റെയും സുരക്ഷാ ഉപകരണങ്ങളുടെയും സഹായത്തോടെ സംഘം ആകാശ മാർഗ്ഗം ദൗത്യം പൂർത്തിയാക്കി. പർവ്വതാരോഹകനെ വളരെ സാഹസികമായി താഴെയിറക്കി ഉടൻ തന്നെ അടുത്തുള്ള ആശുപത്രിയിലേക്ക് മാറ്റി.

മാർവൽ പീക്കിലേക്ക് പോകുന്ന യാത്രികർ കടുത്ത മുൻകരുതലുകൾ എടുക്കണമെന്ന് പാർക്സ് കാനഡ അധികൃതർ അടിയന്തര മുന്നറിയിപ്പ് നൽകി. പരിചയസമ്പന്നരായ പർവ്വതാരോഹകർക്ക് പോലും കടുത്ത വെല്ലുവിളി ഉയർത്തുന്ന പ്രദേശമാണിത്. പ്രദേശത്തെ പാറക്കെട്ടുകളുടെ അയഞ്ഞ സ്വഭാവമാണ് പലപ്പോഴും ഇത്തരം വലിയ അപകടങ്ങൾക്ക് വഴിവെക്കുന്നത്.

പരിക്കേറ്റ വ്യക്തിക്ക് ആവശ്യമായ വിദഗ്ദ്ധ വൈദ്യസഹായം നൽകിവരികയാണെന്ന് പ്രാദേശിക ഭരണകൂടം അറിയിച്ചു. മലനിരകളിൽ വീശിയടിച്ച ശക്തമായ കാറ്റാണ് പർവ്വതാരോഹകന്റെ നിയന്ത്രണം നഷ്ടപ്പെടുത്തിയതെന്നാണ് പ്രാഥമിക നിഗമനം. കൂടെയുണ്ടായിരുന്ന സഹയാത്രികരാണ് അപകടവിവരം ഉടൻ തന്നെ അടിയന്തര സേനയെ അറിയിച്ചത്.

ബാൻഫ് നാഷണൽ പാർക്കിലെ ഉൾവനങ്ങളിലും മലനിരകളിലും തുടർച്ചയായി ഉണ്ടാകുന്ന അപകടങ്ങളിൽ ഉദ്യോഗസ്ഥർ കടുത്ത ആശങ്ക പ്രകടിപ്പിച്ചു. വരും ദിവസങ്ങളിൽ ഇവിടേക്ക് വരുന്ന വിനോദസഞ്ചാരികൾക്കും പർവ്വതാരോഹകർക്കും കൂടുതൽ കർശനമായ നിർദ്ദേശങ്ങൾ നൽകും. കാലാവസ്ഥ പ്രവചനങ്ങൾ കൃത്യമായി പരിശോധിച്ച ശേഷം മാത്രമേ മലകയറ്റത്തിന് അനുമതി നൽകുകയുള്ളൂ.

വേനൽക്കാലത്ത് കാനഡയിലെ ഈ ദേശീയോദ്യാനത്തിലേക്ക് ആയിരക്കണക്കിന് വിനോദസഞ്ചാരികളാണ് ഒഴുകിയെത്തുന്നത്. അതിൽ ഭൂരിഭാഗം പേരും മാർവൽ പീക്ക് പോലെയുള്ള മനോഹരമായ പർവ്വതശിഖരങ്ങൾ സന്ദർശിക്കാൻ ആഗ്രഹിക്കുന്നവരാണ്. എന്നാൽ മുന്നറിയിപ്പുകൾ അവഗണിച്ച് അപകടകരമായ പാതകളിൽ സഞ്ചരിക്കുന്നത് ദുരന്തങ്ങൾക്ക് ഇടയാക്കും.

രക്ഷാപ്രവർത്തനത്തിന്റെ പശ്ചാത്തലത്തിൽ പ്രദേശത്തെ ചില മലകയറ്റ പാതകൾ താൽക്കാലികമായി അടച്ചുപൂട്ടിയിട്ടുണ്ട്. സുരക്ഷാ പരിശോധനകൾ പൂർത്തിയായ ശേഷമേ ഈ പാതകൾ വീണ്ടും പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കൂ. പർവ്വതാരോഹണത്തിന് എത്തുന്നവർ തങ്ങളുടെ പക്കൽ മതിയായ ആശയവിനിമയ ഉപാധികൾ കരുതണമെന്നും സേന നിർദ്ദേശിക്കുന്നു.

ദുർഘടമായ നിമിഷങ്ങളിൽ അതിവേഗം പ്രതികരിച്ച രക്ഷാസേനയെ പ്രശംസിച്ച് നിരവധി പേർ രംഗത്തെത്തി. സമയോചിതമായ ഇടപെടൽ മൂലമാണ് വലിയൊരു ദുരന്തം ഒഴിവാക്കാൻ സാധിച്ചതെന്ന് പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കാനഡയിലെ പാർക്സ് കാവൽക്കാരുടെ കാര്യക്ഷമത ഒരിക്കൽക്കൂടി തെളിയിക്കപ്പെട്ട സംഭവമാണിത്.

യാത്ര ആരംഭിക്കുന്നതിന് മുൻപ് തന്നെ അപകട സാധ്യതകളെക്കുറിച്ച് കൃത്യമായി മനസ്സിലാക്കണമെന്ന് പാർക്ക് അധികൃതർ ആവർത്തിച്ചു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ മലകയറാൻ ശ്രമിക്കുന്നത് കടുത്ത നിയമനടപടികൾക്ക് കാരണമാകും. പുതിയ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ബാൻഫ് നാഷണൽ പാർക്കിൽ സുരക്ഷ ഇരട്ടിയാക്കിയിട്ടുണ്ട്.

# നികുതിപ്പണം ഉപയോഗിച്ച് ലക്ഷങ്ങളുടെ ആഡംബര യാത്ര; സസ്കാച്ചെവൻ പ്രീമിയർ സ്കോട്ട് മോയ്ക്കെതിരെ കടുത്ത പ്രതിഷേധം



ജനങ്ങളുടെ നികുതിപ്പണം ദുരുപയോഗം ചെയ്ത് വിദേശയാത്രകൾ നടത്തിയെന്ന ആരോപണത്തിൽ കാനഡയിലെ സസ്കാച്ചെവൻ പ്രീമിയർ സ്കോട്ട് മോയ്ക്കെതിരെ പ്രതിഷേധം ശക്തമാകുന്നു. ഔദ്യോഗിക ആവശ്യങ്ങൾക്കെന്ന പേരിൽ നടത്തിയ യാത്രകളിൽ വൻ തുക ചെലവിട്ട വിവരങ്ങൾ പുറത്തുവന്നതോടെയാണ് പുതിയ വിവാദം ഉടലെടുത്തത്. പ്രതിപക്ഷ പാർട്ടികളും പൊതുജനങ്ങളും പ്രീമിയറുടെ നടപടിക്കെതിരെ രംഗത്തെത്തിയിട്ടുണ്ട്.

ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ചുരുങ്ങിയ ദിവസങ്ങളിലെ യാത്രയ്ക്കായി ലക്ഷക്കണക്കിന് കനേഡിയൻ ഡോളറാണ് സർക്കാർ ഖജനാവിൽ നിന്ന് ചെലവഴിച്ചിരിക്കുന്നത്. അത്യാധുനിക സൗകര്യങ്ങളുള്ള ഹോട്ടൽ മുറികൾക്കും യാത്രകൾക്കുമായി വൻ തുക വിനിയോഗിച്ചതാണ് പ്രധാന വിമർശനത്തിന് വഴിവെച്ചത്. സാധാരണക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴാണ് ഭരണാധികാരികളുടെ ഈ ധൂർത്ത്.

രാജ്യത്തെ പണപ്പെരുപ്പവും ജീവിതച്ചെലവും ജനങ്ങളെ കഷ്ടപ്പെടുത്തുമ്പോൾ ജനപ്രതിനിധികൾ പൊതുപണം ഇത്തരത്തിൽ പാഴാക്കുന്നത് അംഗീകരിക്കാൻ കഴിയില്ലെന്ന് പ്രതിപക്ഷം ആരോപിച്ചു. അന്താരാഷ്ട്ര തലത്തിൽ പുതിയ നിക്ഷേപങ്ങൾ കൊണ്ടുവരാനാണ് യാത്ര സംഘടിപ്പിച്ചതെന്നാണ് സർക്കാരിന്റെ വിശദീകരണം. എന്നാൽ ഈ യാത്രകൾ കൊണ്ട് പ്രവിശ്യയ്ക്ക് ഉണ്ടായ സാമ്പത്തിക നേട്ടം എന്താണെന്ന് വ്യക്തമാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല.

യാത്രയുടെ വിശദമായ ചെലവുകൾ അടങ്ങിയ രേഖകൾ പുറത്തുവന്നതോടെ വിഷയം പ്രവിശ്യാ പാർലമെന്റിലും വൻ തർക്കങ്ങൾക്ക് വഴിവെക്കും. പ്രീമിയറുടെ കൂടെ യാത്ര ചെയ്ത ഉദ്യോഗസ്ഥ സംഘത്തിന്റെ ചെലവുകളും സർക്കാർ തന്നെയാണ് വഹിച്ചത്. ഇത് സംബന്ധിച്ച് സ്വതന്ത്ര അന്വേഷണം വേണമെന്ന ആവശ്യവും ശക്തമാകുന്നുണ്ട്.

പ്രീമിയർ സ്കോട്ട് മോയിയുടെ ഓഫീസ് ആരോപണങ്ങൾ പൂർണ്ണമായും തള്ളിക്കളഞ്ഞു. പ്രവിശ്യയുടെ വികസനത്തിനും സാമ്പത്തിക വളർച്ചയ്ക്കും ഇത്തരം വിദേശ സന്ദർശനങ്ങൾ അത്യന്താപേക്ഷിതമാണെന്നാണ് ഭരണകൂടത്തിന്റെ വാദം. ഭാവിയിൽ സസ്കാച്ചെവനിലേക്ക് കൂടുതൽ വിദേശ നിക്ഷേപങ്ങൾ എത്തിക്കാൻ ഈ യാത്ര സഹായിക്കുമെന്നും അധികൃതർ അവകാശപ്പെടുന്നു.

എന്നാൽ മുൻപ് നടന്ന സമാനമായ യാത്രകളുടെ ഫലപ്രാപ്തിയെക്കുറിച്ച് പ്രതിപക്ഷം ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. മുൻപ് നടത്തിയ പല വിദേശ യാത്രകളും പരാജയമായിരുന്നുവെന്നും നികുതിദായകരുടെ പണം വെറുതെ പാഴാക്കുക മാത്രമാണ് ചെയ്തതെന്നും അവർ കുറ്റപ്പെടുത്തുന്നു. ജനങ്ങളുടെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകാൻ ഭരണകൂടത്തിന് ബാധ്യതയുണ്ട്.

വിഷയത്തിൽ പൊതുജനങ്ങളുടെ പ്രതിഷേധം രൂക്ഷമായതോടെ വരും ദിവസങ്ങളിൽ കൂടുതൽ വിവരങ്ങൾ പുറത്തുവിടാൻ സർക്കാർ നിർബന്ധിതരാകും. പ്രവിശ്യയിൽ സാമ്പത്തിക പുനഃസംഘടന ആവശ്യമായി വരുമ്പോൾ ഭരണാധികാരികൾ തന്നെ ധൂർത്ത് നടത്തുന്നത് വലിയ രാഷ്ട്രീയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. കാനഡയിലെ മറ്റ് പ്രവിശ്യകളിലും ഈ വിഷയം വലിയ ചർച്ചയായി മാറിക്കഴിഞ്ഞു.

സർക്കാർ ഫണ്ടുകളുടെ ഉപയോഗത്തിൽ സുതാര്യത ഉറപ്പാക്കാൻ കർശനമായ മാനദണ്ഡങ്ങൾ കൊണ്ടുവരണമെന്ന ആവശ്യവും ഉയരുന്നുണ്ട്. അനാവശ്യമായ യാത്രകൾ ഒഴിവാക്കാനും ചെലവുകൾ ചുരുക്കാനും ജനപ്രതിനിധികൾ തയ്യാറാകണം. പ്രതിപക്ഷത്തിന്റെ കടുത്ത നിലപാടുകൾക്ക് മുന്നിൽ പ്രീമിയർ സ്കോട്ട് മോയ് എങ്ങനെ പ്രതികരിക്കുമെന്നാണ് രാഷ്ട്രീയ ലോകം ഉറ്റുനോക്കുന്നത്.




# ലോകപ്രശസ്ത മെന്റലിസ്റ്റ് ആതി ആദ്യമായി കാനഡയിലേക്ക്

ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ പ്രേക്ഷകരെ വിസ്മയിപ്പിച്ച പ്രശസ്ത മെന്റലിസ്റ്റ് ആതി ആദ്യമായി കാനഡയിലേക്ക് വരുന്നു. മനസ്സിനെ അത്ഭുതപ്പെടുത്തുന്ന പ്രകടനങ്ങളും, പ്രേക്ഷകരുടെ ചിന്തകളെ വെല്ലുവിളിക്കുന്ന അസാധാരണ അനുഭവങ്ങളും ഉൾക്കൊള്ളുന്ന ഈ ഷോ, കാനഡയിലെ മലയാളികൾക്കായി ഒരു വ്യത്യസ്ത വിനോദാനുഭവമാകും.

നിങ്ങളുടെ ധാരണകളെയും കേവല ബോധത്തെയും വെല്ലുവിളിക്കുന്ന അപൂർവ അനുഭവമാണ്. ആദ്യമായി കാനഡയിൽ അവതരിപ്പിക്കുന്ന ലൈവ് മെന്റലിസം ഷോ 'INSOMNIA' അടുത്ത വർഷം ഒക്ടോബറിൽ അരങ്ങേറും.

'INSOMNIA' ഒരിക്കലും മറക്കാനാകാത്ത ഒരു അനുഭവത്തിനായി തയ്യാറാകൂ. പരിപാടിയുടെ കൂടുതൽ വിവരങ്ങൾ, വേദികൾ, ടിക്കറ്റ് ബുക്കിംഗ് എന്നിവ ഉടൻ പ്രഖ്യാപിക്കുന്നതാണ്. കാനഡയിലെ എല്ലാ കലാസ്വാദകരെയും ഈ അപൂർവ അനുഭവത്തിന്റെ ഭാഗമാകാൻ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. മികച്ചതും വ്യത്യസ്ഥമായതും ആയ കലാപ്രകടനങ്ങൾ ആസ്വാദകരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സ്പാൻ എൻടർടെയിൻമെന്റ് ആണ് കാനഡയിലേക്ക് ഈ ഷോ കൊണ്ടു വരുന്നത്. ഇത് സ്പാനിന്റെ ആദ്യ ഷോയാണ്. മെന്റലിസ്റ്റ് ആതിയെ പോലെയുള്ള ഒരു ആർട്ടിസ്റ്റിന്റെ ഷോ തന്നെ ആദ്യം ചെയ്യാനാകുന്നത് ഏറെ അഭിമാനത്തോടെ ഞങ്ങൾ കാണുന്നു.

നിങ്ങളുടെ എല്ലാവരുടേയും പിന്തുണയോടെ കാനഡയിലെ പ്രവാസി സമൂഹം ആഗ്രഹിക്കുന്ന മികച്ച ഒരു കലാപ്രകടനമായി ഇത് മാറും എന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.




# അമേരിക്കയ്ക്ക് കാനഡയുടെ കടുത്ത താക്കീത്; ഊർജ്ജ മേഖലയിൽ ട്രംപിന്റെ നയങ്ങൾക്കെതിരെ മാർക്ക് കാർണി രംഗത്ത്

അമേരിക്കയുമായുള്ള വ്യാപാര ബന്ധങ്ങളിൽ അനാവശ്യമായ താരിഫ് ഭീഷണികളും സമ്മർദ്ദങ്ങളും തുടർന്നാൽ ശക്തമായ തിരിച്ചടി നൽകുമെന്ന മുന്നറിയിപ്പുമായി കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി. കാനഡയിലെ ഊർജ്ജ മേഖലയെയും വ്യാപാര താത്പര്യങ്ങളെയും സംരക്ഷിക്കാൻ രാജ്യം പരമാവധി ശ്രമിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഏകപക്ഷീയമായ സാമ്പത്തിക നയങ്ങൾക്കെതിരെയാണ് കാനഡ വീണ്ടും നിലപാട് കടുപ്പിച്ചിരിക്കുന്നത്.

ഉഭയകക്ഷി വ്യാപാരത്തിൽ കാനഡ എന്നും ആത്മാർത്ഥത പുലർത്തിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു. എന്നാൽ അമേരിക്കൻ ഭരണകൂടം കാനഡയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് മേൽ അനാവശ്യ നികുതികളും നിബന്ധനകളും അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയാണ്. ഇതിനെതിരെ ശക്തമായ ബദൽ മാർഗ്ഗങ്ങൾ തേടാൻ കാനഡ നിർബന്ധിതരാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രത്യേകിച്ച് കാനഡയുടെ ഊർജ്ജ മേഖല അമേരിക്കയ്ക്ക് നൽകുന്ന വലിയ പിന്തുണ വിസ്മരിക്കാൻ സാധിക്കില്ല. വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിൽ കനേഡിയൻ എണ്ണയും വാതകവും വലിയ പങ്കാണ് വഹിക്കുന്നത്. ഈ മേഖലയിൽ ഉപരോധങ്ങളോ താരിഫുകളോ ഏർപ്പെടുത്തുന്നത് ഇരു രാജ്യങ്ങളുടെയും സാമ്പത്തിക വ്യവസ്ഥയെ ഒരുപോലെ പ്രതികൂലമായി ബാധിക്കും.

അമേരിക്കൻവിപണിയെമാത്രംആശ്രയിച്ചു മുന്നോട്ട് പോകുന്നത് കാനഡയ്ക്ക് ഇനി സുരക്ഷിതമല്ലെന്ന വിലയിരുത്തലിലാണ് ഭരണകൂടം. ഏഷ്യൻ രാജ്യങ്ങളിലേക്കും യൂറോപ്യൻ വിപണികളിലേക്കും ഊർജ്ജ കയറ്റുമതി വ്യാപിപ്പിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയാണ്. ഇത് വഴി അമേരിക്ക സൃഷ്ടിക്കുന്ന സാമ്പത്തിക ഭീഷണികളെ ലഘൂകരിക്കാൻ സാധിക്കുമെന്നാണ് കാനഡ കരുതുന്നത്.



മധ്യപൂർവേഷ്യൻ യുദ്ധവും അന്താരാഷ്ട്ര വിപണിയിലെ എണ്ണ വില വർദ്ധനവും ലോകത്തെ ആകെ വലയ്ക്കുന്ന സാഹചര്യത്തിലാണ് ഈ പുതിയ വാക്പോര്. ഊർജ്ജ വിപണിയിൽ സ്ഥിരത പുലർത്താൻ കാനഡയുമായുള്ള സഹകരണം അമേരിക്കയ്ക്ക് അത്യന്താപേക്ഷിതമാണ്. എങ്കിലും ട്രംപ് ഭരണകൂടം നിരന്തരം താരിഫ് ഭീഷണികൾ മുഴക്കുന്നത് വ്യാപാരികൾക്കിടയിൽ കടുത്ത ആശങ്ക ഉണ്ടാക്കുന്നുണ്ട്.

കാനഡയിലെ പ്രാദേശിക വ്യവസായങ്ങളെയും തൊഴിലാളികളുടെ തൊഴിൽ സുരക്ഷയെയും സംരക്ഷിക്കുക എന്നതാണ് സർക്കാരിന്റെ പ്രഥമ പരിഗണന. വ്യാപാര കരാറുകളിൽ കാനഡയുടെ പരമാധികാരത്തിന്മേലുള്ള ഒരു കടന്നുകയറ്റവും അനുവദിക്കില്ലെന്ന് മാർക്ക് കാർണി വ്യക്തമാക്കി. രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ ആവശ്യമായ എല്ലാ കടുത്ത തീരുമാനങ്ങളും കൈക്കൊള്ളും.

വരും ദിവസങ്ങളിൽ നടക്കാനിരിക്കുന്ന അന്താരാഷ്ട്ര വ്യാപാര ഉച്ചകോടികളിൽ കാനഡ തങ്ങളുടെ പുതിയ വിപണി നയങ്ങൾ അവതരിപ്പിക്കും. വടക്കേ അമേരിക്കൻ സ്വതന്ത്ര വ്യാപാര കരാറിന്റെ ഭാവി പോലും ഈ പുതിയ തർക്കങ്ങളിലൂടെ ചോദ്യം ചെയ്യപ്പെടുകയാണ്. അമേരിക്കയുമായുള്ള ബന്ധത്തിൽ വലിയൊരു കലത്തിന് ഈ സംഭവവികാസങ്ങൾ കാരണമായേക്കാം.

അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് മേൽ കാനഡയും തിരിച്ചടി എന്നോണം പുതിയ താരിഫുകൾ ചുമത്താൻ ആലോചിക്കുന്നുണ്ട്. വിപണിയിൽ അമേരിക്കൻ കമ്പനികൾക്ക് കാനഡ നൽകിപ്പോരുന്ന ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കാനും സാധ്യതയുണ്ട്. ഇതൊരു സമ്പൂർണ്ണ വ്യാപാര യുദ്ധത്തിലേക്ക് വഴിമാറുമോ എന്നാണ് സാമ്പത്തിക വിദഗ്ദ്ധർ ഉറ്റുനോക്കുന്നത്.

കനേഡിയൻ ജനതയുടെ താല്പര്യങ്ങൾ മുൻനിർത്തി ഉറച്ച തീരുമാനങ്ങളുമായി മുന്നോട്ട് പോകാനാണ് സർക്കാരിന്റെ നീക്കം. അമേരിക്കയുമായുള്ള പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും രാജ്യത്തിന്റെ ആത്മാഭിമാനം പണയം വെക്കില്ല. ഊർജ്ജ മേഖലയിലെ ഈ പുതിയ പോരാട്ടം വരും ദിവസങ്ങളിൽ കൂടുതൽ രൂക്ഷമാകാനാണ് സാധ്യത.

# ഓൺലൈൻ സ്ട്രീമിംഗ് വിപ്ലവം; നെറ്റ്ഫ്ളിക്സ് നികുതി ഒഴിവാക്കാൻ കാനഡ, സിനിമാ മേഖലയ്ക്ക് പുതിയ സാമ്പത്തിക സഹായം

ഓൺലൈൻ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകൾക്കുമേൽ ചുമത്താൻ തീരുമാനിച്ചിരുന്ന ഫീസ് പിൻവലിക്കാൻ കാനഡ സർക്കാർ തീരുമാനിച്ചു. വിദേശ സ്ട്രീമിംഗ് ഭീമന്മാരായ നെറ്റ്ഫ്ളിക്സ് അടക്കമുള്ള കമ്പനികളിൽ നിന്ന് ഈടാക്കാൻ ഉദ്ദേശിച്ചിരുന്ന തുകയ്ക്ക് പകരം സർക്കാർ നേരിട്ട് ഫണ്ട് നൽകാനാണ് നീക്കം. ഇതോടെ കനേഡിയൻ വിനോദ മേഖലയിൽ നിർണ്ണായകമായ മാറ്റങ്ങൾക്ക് വഴിതുറന്നിരിക്കുകയാണ്.

കാനഡയിലെ സാംസ്കാരിക മേഖലയെയും പ്രാദേശിക കലാകാരന്മാരെയും പിന്തുണയ്ക്കാൻ ലക്ഷ്യമിട്ടാണ് 2023ൽ ഓൺലൈൻ സ്ട്രീമിംഗ് നിയമം നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി വലിയ സ്ട്രീമിങ് കമ്പനികൾ തങ്ങളുടെ വരുമാനത്തിന്റെ ഒരു വിഹിതം കനേഡിയൻ വിനോദ വ്യവസായത്തിനായി നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. സാധാരണക്കാർക്കിടയിൽ ഇത് 'നെറ്റ്ഫ്ളിക്സ് ടാക്സ്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

എന്നാൽ കോടതിയിൽ സമർപ്പിച്ച പുതിയ രേഖകൾ പ്രകാരം ഈ സാമ്പത്തിക ബാധ്യത സ്ട്രീമിംഗ് സേവനങ്ങളിൽ നിന്ന് ഒഴിവാക്കാൻ സർക്കാർതീരുമാനിച്ചതായിവ്യക്തമാകുന്നു.കമ്പനികൾ പണം നൽകുന്നതിന് പകരം സാംസ്കാരിക പ്രവർത്തനങ്ങൾക്കായി സർക്കാർ നേരിട്ട് ഫണ്ട് അനുവദിക്കും. ഈ തീരുമാനം രാജ്യത്തെ നിയമ സംവിധാനങ്ങളെയും മാധ്യമ ലോകത്തെയും ഒരുപോലെ അമ്പരപ്പിച്ചിട്ടുണ്ട്.

നേരത്തെ സ്ട്രീമിംഗ് സേവനങ്ങളുടെ കാനഡയിലെ വരുമാനത്തിന്റെ വിഹിതം വർദ്ധിപ്പിക്കാൻ ബ്രോഡ്കാസ്റ്റിംഗ് റെഗുലേറ്ററായ സിആർടിസി ഉത്തരവിട്ടിരുന്നു. എന്നാൽ ഈ തുക അനാവശ്യമായി ഉയർന്നതാണെന്നും ഉപഭോക്താക്കൾക്ക് കൂടുതൽ സാമ്പത്തിക ഭാരം ഉണ്ടാക്കുമെന്നും വിമർശനം ഉയർന്നു. തുടർന്നാണ് വിഷയം പുനഃപരിശോധിക്കാൻ സർക്കാർ നിർബന്ധിതരായത്.




സ്ട്രീമിംഗ് കമ്പനികളിൽ നിന്ന് പിരിച്ചെടുക്കുന്ന പണത്തിന് പകരം പ്രതിവർഷം 600 മില്യൺ ഡോളറിന്റെ സർക്കാർ ഫണ്ട് അനുവദിക്കുമെന്നാണ് സൂചന. വിനോദ മേഖലയ്ക്ക് തടസ്സമില്ലാതെ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ തുക നീക്കിവെക്കുന്നത്. കനേഡിയൻ സിനിമകളുടെയും വെബ് സീരീസുകളുടെയും നിർമ്മാണത്തിന് ഇത് വലിയ പിന്തുണയാകും.

അമേരിക്കൻ ഐക്യനാടുകളുമായി നിലനിൽക്കുന്ന ചില സാമ്പത്തിക വ്യാപാര തർക്കങ്ങളും ഈ തീരുമാനത്തിന് പിന്നിലുണ്ടെന്നാണ് വിദഗ്ദ്ധർ വിലയിരുത്തുന്നത്. അമേരിക്കൻ ടെക് കമ്പനികൾക്ക് കാനഡ അധിക നികുതി ചുമത്തുന്നത് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിൽ അസ്വസ്ഥതകൾ ഉണ്ടാക്കിയിരുന്നു. എന്നാൽ പൗരന്മാർക്ക് അനാവശ്യ ചെലവുകൾ ഒഴിവാക്കാനാണ് ഈ നീക്കമെന്നാണ് സർക്കാർ വിശദീകരണം.

അതേസമയംസർക്കാരിന്റെഈപുതിയതീരുമാനത്തിൽകാനഡയിലെപ്രാദേശിക നിർമ്മാതാക്കളും കലാകാരന്മാരും ആശങ്ക പ്രകടിപ്പിക്കുന്നുണ്ട്. സ്ട്രീമിംഗ് കമ്പനികളിൽ നിന്നുള്ള സ്ഥിരമായ തുക ലഭിക്കാതെ വരുന്നത് പ്രാദേശിക നിർമ്മാണ രംഗത്തെ ബാധിക്കുമോയെന്നാണ് ഇവരുടെ സംശയം. വിഷയത്തിൽ വരും ദിവസങ്ങളിൽ കൂടുതൽ വ്യക്തത വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പുതിയ പോളിസി ഡയറക്ടീവ് വരും ആഴ്ചകളിൽ തന്നെ സർക്കാർ പബ്ലിഷ് ചെയ്യും. വിദേശ സ്ട്രീമിംഗ് കമ്പനികൾ നൽകിയ നിയമപോരാട്ടങ്ങൾക്ക് ഇടയിലാണ് പുതിയ തീരുമാനം വന്നിരിക്കുന്നത്. ഇത് വഴി ഉപഭോക്താക്കൾക്ക് സബ്സ്ക്രിപ്ഷൻ നിരക്കുകൾ പെട്ടെന്ന് ഉയരുന്നത് തടയാൻ സാധിച്ചേക്കും.

മാർക്ക് കാർണിയുടെ നേതൃത്വത്തിലുള്ള കനേഡിയൻ ഭരണകൂടം ജനങ്ങൾക്ക് കൂടുതൽ ആശ്വാസം നൽകുന്ന നിലപാടുകളാണ് സ്വീകരിക്കുന്നത്. ആഗോള വിനോദ ഭീമന്മാരുമായി തർക്കത്തിന് നിൽക്കാതെ വികസനം ഉറപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. പുതിയ മാറ്റങ്ങൾ സാധാരണക്കാരായ പ്രേക്ഷകർക്ക് സ്ട്രീമിംഗ് സേവനങ്ങൾ കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കാൻ സഹായിക്കും. കാനഡയിലെ മാധ്യമ മേഖലയിൽ വരും ദിവസങ്ങളിൽ നിർണ്ണായകമായ ചർച്ചകൾക്ക് ഈ വിഷയം വഴിവെക്കും. കനേഡിയൻ ഉള്ളടക്കങ്ങൾക്ക് ലഭിക്കേണ്ട പ്രാധാന്യവും സാമ്പത്തിക സുരക്ഷിതത്വവും ഉറപ്പുവരുത്താൻ പുതിയ നിർദ്ദേശങ്ങൾ പ്രാപ്തമാകുമോ എന്ന് കണ്ടറിയണം.



# ഗോർഡി ഹോവ് പാലം കരാറിൽ വൻ രാഷ്ട്രീയ പോര്; പാർലമെന്ററി സമിതിയുടെ അവലോകനം തടഞ്ഞ് കനേഡിയൻ ഭരണകൂടം

വിൻഡ്സറിനെയും ഡിട്രോയിറ്റിനെയും ബന്ധിപ്പിക്കുന്ന ചരിത്രപ്രധാനമായ ഗോർഡി ഹോവ് അന്താരാഷ്ട്ര പാലത്തിന്റെ വരുമാന വിഹിത കരാറിനെച്ചൊല്ലി കാനഡയിൽ വലിയ രാഷ്ട്രീയ തർക്കം പുകയുന്നു. അമേരിക്കയുമായി ഒപ്പുവെച്ച പുതിയ വരുമാന പങ്കുവെക്കൽ കരാറിനെക്കുറിച്ച് പാർലമെന്ററി സമിതി അന്വേഷിക്കണമെന്ന പ്രതിപക്ഷ ആവശ്യം ലിബറൽ സർക്കാർ വോട്ടെടുപ്പിലൂടെ തടഞ്ഞു. ഇതോടെ ഹൗസ് ഓഫ് കോമൺസിൽ പ്രതിപക്ഷ പാർട്ടികളും ഭരണപക്ഷവും തമ്മിൽ കടുത്ത വാക്പോരാണ് ഉടലെടുത്തിരിക്കുന്നത്.



കാനഡയിലെ നികുതിദായകരുടെ സമ്പൂർണ്ണ സാമ്പത്തിക സഹായത്തോടെ 6.4 ബില്യൺ ഡോളർ ചെലവഴിച്ചാണ് ഈ ഭീമൻ പാലം നിർമ്മിച്ചത്. എന്നാൽ നിർമ്മാണച്ചെലവ് പോലും തിരിച്ചുപിടിക്കുന്നതിന് മുൻപ് പാലത്തിൽ നിന്നുള്ള വരുമാനത്തിന്റെ പകുതി അമേരിക്കയ്ക്ക് നൽകാൻ പുതിയ കരാറിൽ ധാരണയായതാണ് വിവാദങ്ങൾക്ക് തിരികൊളുത്തിയത്. ഈ കരാറിന് പിന്നിലെ നിഗൂഢതകൾ പുറത്തുകൊണ്ടുവരണമെന്ന് പ്രതിപക്ഷം ശക്തമായി ആവശ്യപ്പെട്ടിരുന്നു.

എന്നാൽ വിഷയത്തിൽ കൂടുതൽ പാർലമെന്ററി അന്വേഷണങ്ങളോ യോഗങ്ങളോ ആവശ്യമില്ലെന്ന നിലപാടാണ് ലിബറൽ എംപിമാർ സ്വീകരിച്ചത്. സമിതിയിൽ വോട്ടെടുപ്പ് നടത്തി അന്വേഷണ നിർദ്ദേശം തള്ളിയതോടെ വിഷയം അന്വേഷിക്കാനുള്ള പ്രതിപക്ഷത്തിന്റെ ശ്രമങ്ങൾക്ക് താൽക്കാലികമായി തിരിച്ചടിയേറ്റു. സർക്കാരിന്റെ ഈ നിലപാടിനെതിരെ പ്രതിപക്ഷ നേതാക്കൾ പാർലമെന്റിൽ പ്രതിഷേധം കടുപ്പിച്ചിട്ടുണ്ട്.

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നിരന്തരമായ താരിഫ് ഭീഷണികളെത്തുടർന്നാണ് കാനഡ ഇത്തരമൊരു കരാറിന് വഴങ്ങിയതെന്നാണ് ഉയരുന്ന പ്രധാന ആരോപണം. അമേരിക്കൻ ട്രേഡ് സമ്മർദ്ദത്തിന് വഴങ്ങി രാജ്യത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾ കനേഡിയൻ ഭരണകൂടം പണയം വെച്ചതായി പ്രധാന പ്രതിപക്ഷ കക്ഷിയായ കൺസർവേറ്റീവ് പാർട്ടി ആരോപിച്ചു. കരാറിന്റെ വിശദാംശങ്ങൾ ജനങ്ങളിൽ നിന്ന് മറച്ചുവെക്കാനാണ് അന്വേഷണം തടഞ്ഞതെന്നും അവർ കുറ്റപ്പെടുത്തി.

കാനഡ നിർമ്മാണച്ചെലവ് പൂർണ്ണമായി തിരിച്ചുപിടിച്ച ശേഷം മാത്രമേ അമേരിക്കയുമായി ടോൾ വരുമാനം പങ്കുവെക്കൂ എന്ന് പ്രധാനമന്ത്രി മാർക്ക് കാർണി നേരത്തെ വ്യക്തമാക്കിയിരുന്നു. എന്നാൽ അടുത്തിടെ പുറത്തുവന്ന താൽക്കാലിക കരാറിന്റെ വിശദാംശങ്ങളിൽ ആദ്യ 15 വർഷം തന്നെ വരുമാനത്തിന്റെ പകുതി അമേരിക്കയ്ക്ക് കൈമാറുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പരസ്പരവിരുദ്ധമായ പ്രസ്താവനകളാണ് പ്രധാനമന്ത്രിയെ പ്രതിരോധത്തിലാക്കിയത്.

പാലത്തിൽ നിന്നുള്ള പ്രവർത്തന ചെലവുകൾ കഴിച്ചുള്ള തുകയുടെ അൻപത് ശതമാനം യുഎസ് ഗവൺമെന്റ് നിയന്ത്രിക്കുന്ന ഒരു പ്രത്യേക വികസന ഫണ്ടിലേക്ക് അടയ്ക്കാനാണ് വ്യവസ്ഥ. എന്നാൽ നിർമ്മാണത്തിന് ചെലവായ തുക തിരിച്ചുപിടിക്കുന്നതിനെക്കുറിച്ച് കരാറിൽ പരാമർശമില്ലാത്തതാണ് തർക്ക വിഷയം. ഈ വ്യവസ്ഥകൾ കാനഡയുടെ സാമ്പത്തിക രംഗത്തിന് വലിയ നഷ്ടമുണ്ടാക്കുമെന്നാണ് സാമ്പത്തിക വിദഗ്ദ്ധരുടെ വിലയിരുത്തൽ.

നിർമ്മാണത്തിൽ യാതൊരു സാമ്പത്തിക പങ്കാളിത്തവും വഹിക്കാത്ത അമേരിക്കയ്ക്ക് വരുമാനം നൽകുന്നത് ന്യായീകരിക്കാനാകില്ലെന്ന് പ്രതിപക്ഷം വ്യക്തമാക്കുന്നു. ട്രംപ് ഭരണകൂടത്തിൽ നിന്നുള്ള കടുത്ത ചരക്കുസേവന നികുതി ഭീഷണികൾ ലഘൂകരിക്കാനാണ് കാനഡ ഈ പടിയിറക്കത്തിന് തയ്യാറായതെന്നാണ് റിപ്പോർട്ടുകൾ. വിഷയത്തിൽ കൂടുതൽ സുതാര്യത വേണമെന്നാണ് ജനങ്ങളും ആഗ്രഹിക്കുന്നത്.

വിവാദങ്ങൾക്കിടെ ഇരുരാജ്യങ്ങളും സംയുക്തമായി നടത്താനിരുന്ന ആഘോഷ ചടങ്ങുകൾ കാനഡ റദ്ദാക്കിയിരുന്നു. അമേരിക്കൻ പ്രസിഡന്റിന്റെ ഏകപക്ഷീയമായ വെല്ലുവിളികളിൽ പ്രതിഷേധിച്ചാണ് കാനഡ ഒറ്റയ്ക്ക് ഉദ്ഘാടന പരിപാടികൾ സംഘടിപ്പിച്ചത്. വാണിജ്യപരമായ ബന്ധങ്ങളിൽ ഉലച്ചിൽ തട്ടുന്നതിനിടയിൽ എടുത്ത ഇത്തരം തീരുമാനങ്ങൾ കാനഡയുടെ ആഭ്യന്തര രാഷ്ട്രീയത്തിൽ വൻ കൊടുങ്കാറ്റാണ് സൃഷ്ടിച്ചിരിക്കുന്നത്.

കരാറിനെച്ചൊല്ലിയുള്ള വിവാദങ്ങൾ തുടരുമ്പോഴും പാലം ഗതാഗതത്തിനായി തുറന്നു കൊടുത്തിട്ടുണ്ട്. യുഎസ് അതിർത്തിയിലേക്കുള്ള ചരക്കുനീക്കത്തിനും യാത്രകൾക്കും ഈ പാലം വലിയ ആശ്വാസമാണ് നൽകുന്നത്. എങ്കിലും സാമ്പത്തിക നഷ്ടത്തെക്കുറിച്ചുള്ള തർക്കങ്ങൾ സർക്കാരിന് ഭാവിയിൽ വലിയ തലവേദനയായി മാറും.

പ്രതിപക്ഷ പാർട്ടികൾ വിഷയത്തിൽ വിട്ടുവീഴ്ചയ്ക്ക് തയ്യാറല്ലെന്ന മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പാർലമെന്റിന്റെ വരും സമ്മേളനങ്ങളിൽ ഗോർഡി ഹോവ് പാലം കരാർ വീണ്ടും പ്രധാന ചർച്ചാവിഷയമാകും. സർക്കാർ സുതാര്യത പുലർത്തണമെന്ന ആവശ്യവുമായി കൂടുതൽ സംഘടനകളും രംഗത്തെത്തിയിട്ടുണ്ട്.



# ജർമ്മനിയുമായി ചരിത്ര കരാറുമായി കാനഡ

(മൂന്നാം പേജ് തുടർച്ച)

കരാർ രാജ്യത്തിന്റെ പരമ്പരാഗത വിദേശ വ്യാപാര ശൈലികളിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

**ശതകോടികളുടെ ജിഎൻഎൽ കരാറും യൂറോപ്യൻ സുരക്ഷയും**

യൂറോപ്യൻ കൂട്ടായ്മകളിലേക്ക് പ്രതിവർഷം ദശലക്ഷക്കണക്കിന് ടൺ പ്രകൃതിവാതകം എത്തിക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതി കാനഡയുടെ ഊർജ്ജ ചരിത്രത്തിലെ ഏറ്റവും വലിയ മുന്നേറ്റങ്ങളിലൊന്നാണ്. റഷ്യയിൽ നിന്നുള്ള ഇന്ധന ഇറക്കുമതി വെട്ടിക്കുറച്ച യൂറോപ്പിന് കനേഡിയൻ അറ്റ്ലാന്റിക് തീരങ്ങളിൽ നിന്നുള്ള ശുദ്ധമായ ഇന്ധനം വലിയ ആശ്വാസം നൽകും. അറ്റ്ലാന്റിക് സമുദ്രം വഴി നേരിട്ട് ഇന്ധന കപ്പലുകൾ അയക്കാനുള്ള ഈ പദ്ധതി വഴി കാനഡയിലെ ഊർജ്ജ വ്യവസായ രംഗത്തേക്ക് ശതകോടികളുടെ വിദേശ നിക്ഷേപമാണ് എത്താൻ പോകുന്നത്. ഇത് രാജ്യത്തിനുള്ളിൽ പതിനായിരക്കണക്കിന് പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും.

**അമേരിക്കൻ വിപണി ആശ്രയത്വം കുറയ്ക്കാനുള്ള മാർക്ക് കാർണിയുടെ തന്ത്രങ്ങൾ**

മുൻ ബാങ്ക് ഓഫ് കാനഡ ഗവർണറും ഇപ്പോഴത്തെ പ്രധാനമന്ത്രിയുമായ മാർക്ക് കാർണി സ്വീകരിക്കുന്ന സാമ്പത്തിക നയങ്ങളിൽ പ്രധാനം കാനഡയുടെ കയറ്റുമതികൾ വിവിധ ലോക രാജ്യങ്ങളിലേക്ക് വികേന്ദ്രീകരിക്കുക എന്നുള്ളതാണ്. കാനഡയുടെ ആകെ ഉൽപ്പാദന കയറ്റുമതിയുടെ ഭൂരിഭാഗവും അമേരിക്കയിലേക്ക് മാത്രം പോകുന്ന രീതി കാനഡയുടെ സാമ്പത്തിക പരമാധികാരത്തിന് ഭീഷണിയാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ജർമ്മനി, ഫ്രാൻസ്, ബ്രിട്ടൻ തുടങ്ങിയ ശക്തരായ യൂറോപ്യൻ പങ്കാളികളുമായി നേരിട്ട് ബന്ധം സ്ഥാപിക്കുന്നതിലൂടെ അമേരിക്കയുടെ ആഭ്യന്തര ഭീഷണികളെ മറികടക്കാൻ കാനഡയ്ക്ക് സാധിക്കും.

**കിഴക്കൻ കനേഡിയൻ തുറമുഖങ്ങളുടെ വികസന കുതിച്ചുചാട്ടങ്ങൾ**

ഈ കരാർ യാഥാർത്ഥ്യമാകുന്നതോടെ കാനഡയിലെ കിഴക്കൻ പ്രവിശ്യകളായ നോവ സ്കോട്ടിയ, ന്യൂ ബ്രൺസ്വിക് എന്നിവിടങ്ങളിലെ നാവിക തുറമുഖങ്ങൾ അത്യാധുനിക രീതിയിൽ വികസിപ്പിക്കപ്പെടും. കിഴക്കൻ തീരങ്ങളിലെ ജിഎൻഎൽ ടെർമിനലുകളിൽ നിന്നും യൂറോപ്പിലേക്ക് വളരെ വേഗത്തിൽ കപ്പലുകൾ അയക്കാൻ സാധിക്കും. ഇത് പടിഞ്ഞാറൻ പെസിഫിക് പാതകളെ മാത്രം ആശ്രയിച്ചിരുന്ന കനേഡിയൻ ഇന്ധന വിപണിക്ക് പുതിയ ദിശാബോധം നൽകും. പ്രാദേശിക വികസനത്തിലും അടിസ്ഥാന സൗകര്യ നിർമ്മാണത്തിലും ഈ പുതിയ വഴിത്തിരിവുകൾ നിർണ്ണായകമാണ്.

**വടക്കൻ അമേരിക്കൻ വാണിജ്യ ഉടമ്പടികളിലെ മാറ്റിമറിച്ചിലുകൾ**

അടിസ്ഥാന വാണിജ്യ കരാറുകൾ നിലനിൽക്കുമ്പോഴും അയൽരാജ്യങ്ങളുടെ ആഭ്യന്തര രാഷ്ട്രീയ തീരുമാനങ്ങൾ വിപണികളെ ബാധിക്കുന്നത് കാനഡയെ പുനർചിന്തനത്തിന് പ്രേരിപ്പിച്ചു. സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാൻ മറ്റ് ഉപഭോക്തൃ വൻകരകളെ കണ്ടെത്തുക എന്നത് ഒട്ടാവയുടെ അത്യാവശ്യമായി മാറി. യൂറോപ്പുമായുള്ള പുതിയ വ്യാപാര സംരംഭങ്ങൾ നിലവിലെ കരാറുകളിലെ കാനഡയുടെ നയതന്ത്ര ശേഷി വർദ്ധിപ്പിക്കും. ഭാവി വാണിജ്യ ചർച്ചകളിൽ അമേരിക്കൻ സമ്മർദ്ദങ്ങൾക്ക് വഴങ്ങേണ്ടി വരില്ലെന്ന ആത്മവിശ്വാസം ഇത് കാനഡയ്ക്ക് നൽകുന്നു. ട്രംപിന്റെ അമ്പത് ശതമാനം കസ്റ്റംസ് നികുതിയും വാഷിംഗ്ടൺ ബന്ധങ്ങളിലെ അസ്വാരസ്യങ്ങളും കാനഡയിലെ സാധാരണ ഉൽപ്പന്നങ്ങൾക്ക് മേൽ അമേരിക്ക ചുമത്തിയ ഭീമമായ നികുതി ഇരുരാജ്യങ്ങളും തമ്മിലുള്ള വാണിജ്യ സുരക്ഷയെ ഇല്ലാതാക്കി.

**അമ്പത് ശതമാനം നികുതി പ്രഖ്യാപനവും മേഖലകളിലെ പ്രതിസന്ധിയും**

കാനഡയിൽ നിന്നുള്ള വസ്ത്രങ്ങൾ, നിർമ്മാണ സാമഗ്രികൾ, ഇതര വാണിജ്യ വസ്തുക്കൾ എന്നിവയ്ക്ക് മേൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഒപ്പുവെച്ച അമ്പത് ശതമാനം നികുതി കനേഡിയൻ കമ്പനികൾക്ക് കടുത്ത പ്രഹരമായി മാറി. കനേഡിയൻ ഉൽപ്പന്നങ്ങളുടെ വില അമേരിക്കൻ വിപണിയിൽ വൻതോതിൽ വർദ്ധിക്കാൻ ഇത് ഇടയാക്കും. വൻകിട നിർമ്മാണ ഉൽപ്പാദകർക്ക് ഓർഡറുകൾ നഷ്ടപ്പെടുന്നത് തൊഴിലില്ലായ്മ ഉണ്ടാക്കുമോ എന്ന ആശങ്ക കാനഡയിലുണ്ട്. ഈ കടുത്ത നികുതി നയം ഇരുരാജ്യങ്ങളും തമ്മിലുള്ള പരമ്പരാഗത വ്യവസായ ബന്ധങ്ങളെയും പ്രതികൂലമായി ബാധിച്ചു.

**ഇന്ധന മേഖലയ്ക്ക് ലഭിച്ച തന്ത്രപ്രധാന ഇളവുകൾ**

ഈ വലിയ നികുതി ചുമത്തുമ്പോഴും കനേഡിയൻ എണ്ണയ്ക്കും പ്രകൃതിവാതകത്തിനും മേൽ നികുതി ചുമത്താൻ അമേരിക്ക തയ്യാറായില്ല എന്നത് ശ്രദ്ധേയമാണ്. സ്വന്തം രാജ്യത്തിലെ റിഫൈനറികൾക്കും ഊർജ്ജ ആവശ്യങ്ങൾക്കും കനേഡിയൻ ക്രൂഡ് ഓയിൽ അത്യാവശ്യമാണെന്ന ബോധ്യത്തിലാണ് ട്രംപ് ഈ ഇളവ് അനുവദിച്ചത്. എന്നാൽ അമേരിക്ക തങ്ങൾക്ക് ആവശ്യമുള്ള സാധനങ്ങൾ മാത്രം വാങ്ങി ബാക്കി ഉൽപ്പന്നങ്ങളെ തടയുന്ന തരംതിരിവ് നയം അംഗീകരിക്കാൻ കാനഡ തയ്യാറല്ല. ഇതിൽ പ്രതിഷേധിച്ചാണ് ഇന്ധന കയറ്റുമതി പോലുമുള്ള വാണിജ്യ മേഖലകളിൽ കാനഡ ബദൽ സഖ്യങ്ങൾ തേടുന്നത്.

**കനേഡിയൻ നിർമ്മാണ ശൃംഖലകളുടെ പുനഃസംഘടനകൾ**

അമേരിക്കൻ വിപണി അടയുന്നതോടെ തങ്ങളുടെ ആഭ്യന്തര ഉൽപ്പന്നങ്ങൾ യൂറോപ്പിലേക്കും ഏഷ്യൻ കമ്പോളങ്ങളിലേക്കും എത്തിക്കാൻ കനേഡിയൻ വ്യാപാരികൾ തയ്യാറാകുകയാണ്. അമേരിക്കയുടെ ഏകപക്ഷീയമായ തീരുമാനങ്ങൾ കാരണം തകർന്ന വിതരണ ശൃംഖലകൾ പുനഃസ്ഥാപിക്കാൻ പുതിയ സാമ്പത്തിക സുരക്ഷാ മാതൃകകൾ നടപ്പിലാക്കുന്നുണ്ട്. അമേരിക്കൻ കസ്റ്റംസ് തടസ്സങ്ങൾ ഒഴിവാക്കാൻ വിദേശ കമ്പനികളുമായി നേരിട്ട് കരാറുകളിൽ ഒപ്പുവെക്കാൻ ഒട്ടാവ നിർദ്ദേശം നൽകി. ഈ സമഗ്ര മാറ്റം കനേഡിയൻ വ്യവസായങ്ങൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ പുതിയ ഉണർവ് നൽകും.

**കാനഡയിലെ പ്രാദേശിക വിപണികളിലുണ്ടാകുന്ന പ്രതികരണങ്ങൾ**

അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് മേൽ തിരിച്ചടി നികുതി ചുമത്താൻ കാനഡയിലെ വിവിധ പ്രവിശ്യകൾ ഗവൺമെന്റിന് മേൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. തങ്ങളുടെ ദേശീയ വ്യവസായങ്ങളെ സംരക്ഷിക്കാൻ അമേരിക്കൻ ഇറക്കുമതികളിൽ നിയന്ത്രണം കൊണ്ടുവരണമെന്നാണ് പ്രദേശവാസികളുടെ ആവശ്യം. പരമ്പരാഗതമായി തുടർന്നുപോന്നിരുന്ന സ്വതന്ത്ര വ്യാപാര രീതികളിൽ ഉണ്ടായ ഈ വിള്ളൽ വടക്കൻ അമേരിക്കയിലെ പൗരന്മാരുടെ നിത്യജീവിത ചെലവുകളിലും മാറ്റങ്ങൾ വരുത്തും. പുതിയ യൂറോപ്യൻ കരാർ ഈ സാമ്പത്തിക സമ്മർദ്ദങ്ങൾ കുറയ്ക്കാൻ സഹായിക്കുമെന്ന് കരുതപ്പെടുന്നു.

**പശ്ചിമേഷ്യൻ സൈനിക പോരാട്ടങ്ങളും ആഗോള ഊർജ്ജ പ്രതിസന്ധികളും**

യുഎസ്ഇറാൻ യുദ്ധവും അന്താരാഷ്ട്ര ഇന്ധന ലഭ്യതക്കുറവും പശ്ചിമേഷ്യയിൽ അമേരിക്കയും ഇസ്രായേലും ഇറാന് നേരെ നടത്തുന്ന സൈനിക പ്രഹരങ്ങൾ പേർഷ്യൻ ഗൾഫിലെ ഇന്ധന ഉൽപ്പാദനത്തെയും വാണിജ്യ സഞ്ചാരങ്ങളെയും നിശ്ചലമാക്കി. ലോകത്തെ പ്രധാന എണ്ണവാതക ഉൽപ്പാദന മേഖലകളിലെ പോരാട്ടങ്ങൾ കാരണം യൂറോപ്യൻ രാജ്യങ്ങളിലേക്ക് എത്തിയിരുന്ന ഇന്ധന നീക്കം പകുതിയായി കുറഞ്ഞു. ഈ കടുത്ത ഇന്ധന ക്ഷാമം പരിഹരിക്കാൻ സുരക്ഷിത താവളങ്ങളിൽ നിന്നുള്ള ഇന്ധനം അത്യാവശ്യമായി വന്നു. ഈ പുതിയ പ്രതിസന്ധിയാണ് കാനഡയ്ക്ക് മുന്നിൽ പുതിയ ഇന്ധന വാതിലുകൾ തുറന്നുകൊടുത്തത്.

**ഹോർമുസ് കടലിടുക്കിലെ തടസ്സങ്ങളും സമുദ്ര സുരക്ഷ ഭീഷണികളും**

ഇറാന്റെ സാന്നിധ്യമുള്ള ഹോർമുസ് കടലിടുക്കിലൂടെയുള്ള ചരക്കുകപ്പലുകളുടെ സഞ്ചാരം അപകടകരമായതോടെ വൻകിട ടാങ്കറുകൾ ഇന്ധന നീക്കത്തിൽ നിന്ന് പിന്മാറി. കപ്പൽ ഇൻഷുറൻസ് നിരക്കുകൾ കുതിച്ചുയർന്നത് പശ്ചിമേഷ്യൻ പ്രകൃതിവാതകത്തിന്റെ വില വിപണിയിൽ ഇരട്ടിയാക്കി. അതേസമയം വടക്കൻ അറ്റ്ലാന്റിക് പാതകൾ സുരക്ഷിതമായതിനാൽ കാനഡയിൽ നിന്നുള്ള ജിഎൻഎൽ ട്രാൻസ്പോർട്ടുകൾക്ക് ഇൻഷുറൻസ് സുരക്ഷയും കുറഞ്ഞ ചിലവും ഉറപ്പാക്കാൻ സാധിക്കും. സമുദ്ര സുരക്ഷ ഉറപ്പുള്ള പ്രദേശങ്ങളിലേക്ക് വ്യാപാരികൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് കാനഡയ്ക്ക് നേട്ടമാണ്.

**യൂറോപ്യൻ യൂണിയന്റെ അടിയന്തിര ഇന്ധന നയരൂപീകരണങ്ങൾ**

ശീതകാലം അടുത്തിരിക്കെ യൂറോപ്പിലെ വ്യാവസായിക ആവശ്യങ്ങൾക്കും ഗാർഹിക ഹീറ്റിംഗ് സംവിധാനങ്ങൾക്കും അത്യാവശ്യമായ വാതക സംഭരണികൾ പൂർണ്ണമാക്കാൻ യൂറോപ്യൻ കൂട്ടായ്മകൾ പരിശ്രമിക്കുകയാണ്. പശ്ചിമേഷ്യയിലെ അസ്ഥിരതകൾ വീണ്ടും ഒരു ഊർജ്ജ പ്രതിസന്ധിക്ക് വഴിയൊരുക്കുമെന്ന് മനസ്സിലാക്കിയ യൂറോപ്യൻ കമ്മീഷൻ ജനാധിപത്യപരമായ കനേഡിയൻ ഗവൺമെന്റുമായി കരാറിലെത്താൻ മുൻകൈ എടുത്തു. രാഷ്ട്രീയ സുരക്ഷിതത്വമുള്ള കാനഡയിൽ നിന്നുള്ള വാതകം യൂറോപ്പിന്റെ ഊർജ്ജ ഭദ്രതയ്ക്ക് കാവലായി മാറും.

**വരാനിരിക്കുന്ന ആഗോള ജിഎൻഎൽ നിരക്കുകളും ഇന്ധന ഭാവികളും**

പശ്ചിമേഷ്യൻ യുദ്ധവും അമേരിക്കയുടെ താരിഫ് നയങ്ങളും കാരണം ആഗോള ഇന്ധന നിരക്കുകൾ വരും മാസങ്ങളിൽ കൂടുതൽ വഞ്ചനാപരമായ വ്യതിയാനങ്ങൾ കാണിച്ചേക്കാം. എന്നാൽ കാനഡ യൂറോപ്പിലേക്ക് വാതകം അയക്കാൻ തുടങ്ങിയതോടെ അന്താരാഷ്ട്ര വിപണിയിലെ കടുത്ത വിലക്കയറ്റം ഒരു പരിധി വരെ തടയാൻ സാധിക്കും. ദീർഘകാല കരാറുകളിൽ ഒപ്പുവെക്കുന്നതിലൂടെ സ്ഥിരതയുള്ള നിരക്കുകളിൽ ഇന്ധനം ഉറപ്പാക്കാൻ കാനഡയ്ക്ക് സാധിക്കുന്നുണ്ട്. ഇത് ആഗോള ഇന്ധന വിപണിക്ക് പുതിയൊരു ബാലൻസ് നൽകും. ഈ തന്ത്രപ്രധാന ഇന്ധന കരാർ കാനഡയുടെ ഭാവി സാമ്പത്തിക സുരക്ഷിതത്വത്തെയും നയതന്ത്ര ശക്തിയെയും വലിയ രീതിയിൽ മെച്ചപ്പെടുത്തും.

**ഉൽപ്പാദന മേഖലകളിലെ ദേശീയ വളർച്ച**

ദ്രവീകൃത പ്രകൃതിവാതക കയറ്റുമതി വർദ്ധിക്കുന്നതോടെ കാനഡയിലെ പ്രകൃതിവാതക പാടങ്ങളും പ്രോസസ്സിംഗ് പ്ലാന്റുകളും കൂടുതൽ ശക്തിയാർജ്ജിക്കും. ആൽബർട്ട, ബ്രിട്ടീഷ് കൊളംബിയ തുടങ്ങിയ ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്ന് വാതകം പൈപ്പ് ലൈനുകൾ വഴി അതിവേഗം ശുദ്ധീകരണ കേന്ദ്രങ്ങളിലേക്ക് മാറ്റും. വൻകിട കമ്പനികൾ പുത്തൻ സാങ്കേതിക വിദ്യകൾക്കായി കൂടുതൽ തുക നിക്ഷേപിക്കാൻ തയ്യാറാകുന്നത് കാനഡയുടെ അടിസ്ഥാന സാമ്പത്തിക വ്യവസ്ഥയെ ശക്തിപ്പെടുത്തും.

**പരിസ്ഥിതി മാനദണ്ഡങ്ങളും ക്ലീൻ എനർജി ലക്ഷ്യങ്ങളും**

യൂറോപ്പിലേക്ക് കയറ്റുമതി ചെയ്യുന്ന ജിഎൻഎൽ പ്രകൃതിവാതകം അത്യാധുനിക മലിനീകരണ നിയന്ത്രണ വിദ്യകൾ ഉപയോഗിച്ചാണ് ശുദ്ധീകരിക്കുന്നത്. കാർബൺ ഉദ്വമനം കുറഞ്ഞ പുതിയ ടെക്നോളജികൾ പ്രയോജനപ്പെടുത്തുന്നത് കാനഡയുടെ ഹരിത ഊർജ്ജ ലക്ഷ്യങ്ങൾക്ക് പിന്തുണ നൽകുന്നതാണ്.

പരിസ്ഥിതി സൗഹൃദമായ രീതിയിൽ ഇന്ധനം നിർമ്മിച്ചു നൽകുന്നത് വഴി ആഗോളതലത്തിൽ മാതൃകാപരമായ ഇമേജ് സ്ഥാപിച്ചെടുക്കാൻ കാർണി ഗവൺമെന്റിന് സാധിക്കുന്നുണ്ട്.

# പുതിയ തൊഴിൽ വഴികൾ തേടുന്ന റിയൽ എസ്റ്റേറ്റ് വ്യാപാരികൾ

(മൂന്നാം പേജ് തുടർച്ച)

പണി പിന്മാറ്റത്തിന്റെ സമഗ്രമായ കാരണങ്ങളും അത് ഉപഭോക്താക്കളിൽ ഉണ്ടാക്കുന്ന പ്രതിഫലനങ്ങളും താഴെ ആഴത്തിൽ പരിശോധിക്കുന്നു:

## പാൻഡെമിക് കാലത്തെ വ്യാജ കുതിപ്പും തുടർന്നുള്ള തകർച്ചയും

കോവിഡ് വ്യാപന കാലഘട്ടത്തിൽ കുറഞ്ഞ പലിശ നിരക്കുകളും ഗവൺമെന്റ് ധനസഹായങ്ങളും കാരണം റിയൽ എസ്റ്റേറ്റ് രംഗത്ത് അവിശ്വസനീയമായ കുതിച്ചുചാട്ടമാണ് അനുഭവപ്പെട്ടത്. ആ സമയത്ത് റെസ്റ്റോറന്റുകൾ, വിനോദസഞ്ചാര മേഖലകൾ തുടങ്ങിയ മറ്റ് തൊഴിലുകളിൽ നിന്ന് ആയിരക്കണക്കിന് ആളുകളാണ് പെട്ടെന്ന് പണമുണ്ടാക്കാം എന്ന പ്രതീക്ഷയിൽ റിയൽ എസ്റ്റേറ്റ് ലൈസൻസുകൾ എടുത്തത്. എന്നാൽ പലിശ നിരക്കുകൾ കുതിച്ചുയരുകയും വിപണി തണുക്കുകയും ചെയ്തോടെ വിൽപനകളുടെ എണ്ണം ചരിത്രപരമായ താഴ്ചയിലേക്ക് പതിച്ചു. വിപണിയിലുള്ള വിൽപന വീടുകളുടെ എണ്ണത്തേക്കാൾ കൂടുതൽ ഏജന്റുകൾ രംഗത്തുണ്ടായിരുന്ന അവസ്ഥ പെട്ടെന്ന് തന്നെ പ്രതിസന്ധിയിലായി.

## നാഷണൽ അസോസിയേഷൻ കണക്കുകളിലെ വൻ അംഗത്വ ഇടിവ്

റിയൽ എസ്റ്റേറ്റ് അസോസിയേഷനുകളിൽ ഔദ്യോഗികമായി രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളുടെ എണ്ണത്തിൽ സമീപകാലത്ത് ദശലക്ഷക്കണക്കിന് ആൾക്കാരുടെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പാൻഡെമിക് ഉച്ചകോടിയിൽ പതിനാറ് ലക്ഷത്തിന് മുകളിലായിരുന്ന അംഗത്വം ഇപ്പോൾ വൻതോതിൽ ഇടിഞ്ഞിരിക്കുന്നു. കാനഡയിലെ ടൊറോന്റോ, വാൻകൂവർ തുടങ്ങിയ പ്രമുഖ നഗരങ്ങളിലെ പ്രാദേശിക റിയൽ എസ്റ്റേറ്റ് ബോർഡുകളിലും ഇതേ അംഗത്വ ഇടിവ് ദൃശ്യമാണ്. വാർഷിക ലൈസൻസ് ഫീസും ബോർഡ് അംഗത്വ കുടിശ്ശികകളും അടച്ചുതീർക്കാൻ കഴിയാത്തവിധം വിപണി മന്ദഗതിയിലായതാണ് ഈ പിന്മാറ്റത്തിന് പ്രധാന കാരണം.

## നവാഗതരായ ഏജന്റുകൾ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധികൾ

രണ്ടോ മൂന്നോ വർഷത്തെ മാത്രം പരിചയസമ്പത്തുള്ള തുടക്കക്കാരായ ഏജന്റുകളെയാണ് ഈ വിപണി തകർച്ച ഏറ്റവും കഠിനമായി ബാധിച്ചത്. ദീർഘകാലമായി ഈ രംഗത്തുള്ള മുതിർന്ന ഏജന്റുകൾക്ക് പഴയ ഉപഭോക്താക്കളുടെ പിന്തുണയോടെ വിൽപനകൾ കണ്ടെത്താൻ സാധിക്കുമ്പോൾ, പുതിയ ആളുകൾക്ക് ഒരൊറ്റ ഇടപാട് പോലും പൂർത്തിയാക്കാൻ കഴിയുന്നില്ല. പ്രതിവർഷം പതിനായിരം ഡോളറിൽ താഴെ മാത്രം വരുമാനം ലഭിക്കുന്ന അവസ്ഥ വന്നതോടെ തങ്ങളുടെ കുടുംബം പുലർത്താൻ അടിയന്തിരമായി ബദൽ ജോലികൾ തേടേണ്ട ഗതികേടിലാണ് ഇവർ.

## ഉപജീവനത്തിനായി പഴയ ജോലികളിലേക്ക് തിരിച്ചെത്തുന്ന അവസ്ഥ

റിയൽ എസ്റ്റേറ്റ് വിപണിയിൽ നിന്നും പടിയിറങ്ങുന്ന ഭൂരിഭാഗം ആളുകളും സൂപ്പർമാർക്കറ്റുകൾ, റീട്ടെയിൽ കടകൾ, നിർമ്മാണ മേഖലകൾ, ഐടി സേവനങ്ങൾ തുടങ്ങിയ തങ്ങളുടെ പഴയ തൊഴിൽ മേഖലകളിലേക്ക് തിരിച്ചെത്തുകയാണ്. മുഴുവൻ സമയ റിയൽ എസ്റ്റേറ്റ് പ്രവർത്തനം എന്നതിൽ നിന്നും മാറി പാർട്ട് ടൈം ആയി മാത്രം വീടുകൾ കാണിക്കാൻ ഇവർ തയാറാകുന്നു. വിപണി സാധാരണ നിലയിലാകുന്നത് വരെ മറ്റ് വഴികളിലൂടെ വരുമാനം കണ്ടെത്തി ജീവിതം മുന്നോട്ടുകൊണ്ടുപോകാനാണ് ഇവർ ശ്രമിക്കുന്നത്.

## ഉയർന്ന പലിശ നിരക്കുകളും വിപണിയിലെ സമവാക്യ മാറ്റങ്ങളും

മോർട്ട്ഗേജ് പലിശ നിരക്കുകൾ സമീപകാലത്തെ ഏറ്റവും ഉയർന്ന നിലവാരത്തിൽ തുടരുന്നത് കൊണ്ട് പുതിയ വീടുകൾ സ്വന്തമാക്കാൻ ആളുകൾ കടുത്ത മടി കാണിക്കുന്നു. ബാങ്ക് വായ്പാ തിരിച്ചടവുകൾ പ്രതിമാസ ബജറ്റുകൾക്ക് താങ്ങാൻ കഴിയാത്ത ഒന്നായി മാറിയതോടെ വാങ്ങാൻ പദ്ധതിയിട്ടിരുന്ന പലരും തീരുമാനങ്ങൾ മാറ്റിവെച്ചു. വിപണിയിൽ യഥാർത്ഥ ആവശ്യക്കാർ കുറയുകയും വീടുകളുടെ വില താങ്ങാൻ പറ്റാത്ത അവസ്ഥ വരികയും ചെയ്തത് വിൽപന പൂർണ്ണമായി തടസ്സപ്പെടാൻ വഴിയൊരുക്കി.

## കമ്മീഷൻ വ്യവസ്ഥകളിലെ പുതിയ അന്താരാഷ്ട്ര കോടതി വിധികൾ

ഏജന്റുകൾക്ക് ലഭിച്ചിരുന്ന നിശ്ചിത ആറ് ശതമാനം കമ്മീഷൻ വ്യവസ്ഥകൾക്കെതിരെ ഉണ്ടായ അന്താരാഷ്ട്ര കോടതി വിധികളും ഈ മേഖലയെ ഉലച്ചിട്ടുണ്ട്. വീട് വിൽക്കുന്നവരും വാങ്ങുന്നവരും കമ്മീഷൻ തുകകൾ നേരിട്ട് ചർച്ച ചെയ്ത് ഉറപ്പാക്കണം എന്ന നിയമം വന്നതോടെ ഏജന്റുകളുടെ വരുമാന മാർഗ്ഗങ്ങളിൽ വലിയ കുറവുണ്ടായി. ഇത് വ്യാപാരികളുടെ ലാഭവിഹിതത്തെ ദോഷകരമായി ബാധിക്കുകയും കഴിവില്ലാത്ത ഏജന്റുകൾക്ക് വിപണിയിൽ തുടരാൻ കഴിയാത്ത അവസ്ഥയുണ്ടാക്കുകയും ചെയ്തു.

## സാങ്കേതികവിദ്യയുടെ വളർച്ചയും ഇന്റർനെറ്റ് അധിഷ്ഠിത വിൽപനകളും

നേരിട്ട് ഏജന്റുകളെ ആശ്രയിക്കുന്നതിന് പകരം ഡിജിറ്റൽ ആപ്പുകൾ വഴിയും ഓൺലൈൻ വെബ്സൈറ്റുകൾ വഴിയും വീടുകൾ തിരയുന്ന പ്രവണത ജനങ്ങൾക്കിടയിൽ വർദ്ധിച്ചു. വീടിന്റെ ചിത്രങ്ങൾ, വെർച്വൽ ടൂറുകൾ, നിയമപരമായ പത്രങ്ങൾ എന്നിവ ഇന്റർനെറ്റിലൂടെ എളുപ്പത്തിൽ ലഭ്യമായതോടെ ഇടനിലക്കാരുടെ പ്രാധാന്യം കുറഞ്ഞു. സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്ത പരമ്പരാഗത ഏജന്റുകൾ ഇതോടെ പൂർണ്ണമായി വിപണിയിൽ നിന്ന് പുറത്താകുന്ന കാഴ്ചയാണുള്ളത്.

## തടസ്സപ്പെടുന്ന നിർമ്മാണ പദ്ധതികളും ഡെവലപ്പർമാരുടെ അനിശ്ചിതത്വങ്ങളും

പുതിയ വീടുകളുടെ നിർമ്മാണ ചെലവ് വർദ്ധിച്ചതും അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും റിയൽ എസ്റ്റേറ്റ് ഡെവലപ്പർമാരെയും ബാധിച്ചിട്ടുണ്ട്. വൻകിട അപ്പാർട്ട്മെന്റ് പദ്ധതികൾ നിർത്തലാക്കുകയോ പൂർത്തീകരണം വൈകിപ്പിക്കുകയോ ചെയ്യുന്നത് ഏജന്റുകൾക്ക് ലഭിക്കേണ്ട പുതിയ ലിസ്റ്റിംഗുകളെ ഇല്ലാതാക്കി. വിപണിയിൽ ലഭ്യമായ വിൽപന വീടുകളുടെ എണ്ണം കുറഞ്ഞതോടെ ഉള്ള വീടുകൾക്ക് വേണ്ടി ഏജന്റുകൾ തമ്മിൽ കടുത്ത മത്സരമാണ് നടക്കുന്നത്. ഉപഭോക്താക്കൾക്ക് ലഭിക്കുന്ന പുതിയ ആശ്വാസങ്ങളും വിപണി ശുദ്ധീകരണവും ഏജന്റുകളുടെ ഈ പിന്മാറ്റം വ്യവസായ രംഗത്തിന് താത്കാലിക ആഘാതമാണെങ്കിലും വീട് വാങ്ങുന്നവർക്കും വിൽക്കുന്നവർക്കും അത് ചില അനുകൂല മാറ്റങ്ങൾ സമ്മാനിക്കുന്നുണ്ട്.

## കഴിവുള്ള പ്രൊഫഷണലുകൾ മാത്രം വിപണിയിൽ അവശേഷിക്കുന്നത്

നിശ്ചിത ഗുണനിലവാരമില്ലാത്ത ഏജന്റുകൾ പിന്മാറുന്നതോടെ ദീർഘകാല അനുഭവസമ്പത്തുള്ള യഥാർത്ഥ പ്രൊഫഷണലുകൾ മാത്രമാണ് വിപണിയിൽ നിലനിൽക്കുന്നത്. ഇത് ഉപഭോക്താക്കൾക്ക് കൂടുതൽ കൃത്യതയുള്ള നിയമ ഉപദേശങ്ങളും ശരിയായ വിപണി വിവരങ്ങളും ലഭിക്കാൻ സഹായിക്കും. തുടക്കക്കാരുടെ അനാവശ്യ വാഗ്ദാനങ്ങളിൽ പെട്ട് പണം നഷ്ടപ്പെടുന്ന സാഹചര്യം ഒരു പരിധി വരെ ഒഴിവാക്കാൻ ഇത് വഴിയൊരുക്കും.

## കമ്മീഷൻ നിരക്കുകളിലെ മത്സരബുദ്ധിയും തുക ലാഭിക്കലും

ഏജന്റുകളുടെ എണ്ണം കുറയുകയും കമ്മീഷൻ നിയമങ്ങൾ മാറുകയും ചെയ്തോടെ ഉപഭോക്താക്കൾക്ക് ഏജന്റുകളുമായി സംസാരിച്ച് കമ്മീഷൻ നിരക്കുകൾ കുറച്ചുറപ്പിക്കാൻ സാധിക്കുന്നുണ്ട്. വിൽപന നടക്കാൻ വേണ്ടി കുറഞ്ഞ നിരക്കിൽ സേവനം നൽകാൻ ഏജന്റുകൾ തയ്യാറാകുന്നത് വീട് വാങ്ങുന്നവർക്കും വിൽക്കുന്നവർക്കും സാമ്പത്തികമായി വലിയ ആശ്വാസമാണ് നൽകുന്നത്. ഇടനിലച്ചെലവുകൾ കുറയുന്നത് വസ്തുക്കളുടെ മൊത്തത്തിലുള്ള വിലയിലും പ്രതിഫലിക്കും.

**ഉപഭോക്താക്കളുടെ വർദ്ധിച്ച വിപണി ബോധവൽക്കരണങ്ങൾ**

ഏജന്റുകളെ കണ്ണടച്ച് വിശ്വസിക്കുന്നതിന് പകരം സ്വന്തമായി റിയൽ എസ്റ്റേറ്റ് നിയമങ്ങളും വിലനിലവാരങ്ങളും പഠിക്കാൻ സാധാരണക്കാർ സമയം കണ്ടെത്തുന്നുണ്ട്. ഓപ്പൺ ഹൗസുകൾ സന്ദർശിക്കാനും ഭൂമി പരിശോധനകൾ നടത്താനും ആളുകൾ സ്വന്തമായി മുന്നോട്ടുവരുന്നത് വിപണിയിലെ തട്ടിപ്പുകൾ കുറയ്ക്കാൻ സഹായിച്ചു. ജനങ്ങളുടെ ഈ ബോധവൽക്കരണം കൂടുതൽ സുതാര്യമായ ഒരു റിയൽ എസ്റ്റേറ്റ് സംസ്കാരം കെട്ടിപ്പടുക്കാൻ കാരണമാകുന്നു.

## ഭാവി വിപണി സ്ഥിരതയെക്കുറിച്ചുള്ള പ്രതീക്ഷകൾ

വിപണിയിലെ ഈ താൽക്കാലിക തളർച്ച ദീർഘകാലാടിസ്ഥാനത്തിൽ റിയൽ എസ്റ്റേറ്റ് മേഖലയെ ഒരു ആരോഗ്യകരമായ ഘടനയിലേക്ക് കൊണ്ടുവരുമെന്നാണ് വിപണി വിദഗ്ദ്ധർ പ്രവചിക്കുന്നത്. അനാവശ്യമായ വിലക്കയറ്റങ്ങളും കൃത്രിമ ആവശ്യകതകളും ഇല്ലാതായി യഥാർത്ഥ വിപണി മൂല്യത്തിലേക്ക് വീടുകളുടെ വില എത്തും. പലിശ നിരക്കുകൾ ക്രമേണ കുറയുന്നതോടെ കൂടുതൽ സുതാര്യവും സുരക്ഷിതവുമായ ഒരു പുതിയ വിപണി സൃഷ്ടിക്കപ്പെടും. റിയൽ എസ്റ്റേറ്റ് വിപണിയിലുണ്ടാകുന്ന ഈ അടിയന്തിര മാറ്റങ്ങൾ കേവലം ഏജന്റുകളുടെ തൊഴിൽ നഷ്ടത്തിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല, മറിച്ച് വ്യവസായ മേഖലയുടെ തന്നെ പുനഃസംഘടനയാണ്. അനാവശ്യ ഇടനിലക്കാരെ ഒഴിവാക്കി അത്യാധുനിക സാങ്കേതിക വിദ്യകളും സുതാര്യമായ രീതികളും സ്വീകരിക്കുന്ന ഒരു പുതിയ റിയൽ എസ്റ്റേറ്റ് സംസ്കാരത്തിലേക്ക് ലോകം ചുവടുവെക്കുന്നതിന്റെ സൂചനയാണിത്.

Get personalized advice from a Scotiabank® Home Financing Advisor.



**Scotiabank.**



Ashok Mamkottil
Home Financing Advisor
647-895-8195
Ashok.Mamkottil@scotiabank.com

® Registered trademark of The Bank of Nova Scotia.



WHOLESALERS FOR

AIRFRANCE | AIR INDIA | Emirates | AIR CANADA | Lufthansa | KUWAIT AIRWAYS | KLM | QATAR AIRWAYS | SINGAPORE AIRLINES | ETIHAD AIRWAYS

**Airroute TRAVEL & TOURS INC.**
*Wholesale travel agent*

IATA

**CALL: ALEX**
Off: 416 849 1495
Cell: 416 858 4987/416 830 1264

tico.ca

**YOUR TRUSTED TRAVEL PARTNER**

# ഇറാൻ നേരിട്ട് യുക്രെയ്‌നെ ആക്രമിച്ചാൽ സംഭവിക്കുന്ന പ്രത്യാഘാതങ്ങളും ആഗോള സുരക്ഷാ ഭീഷണികളും

കാസ്പിയൻ കടലിലെ തന്ത്രപ്രധാനമായ ആയുധ വിതരണ പാതയിൽ റഷ്യൻ-ഇറാനിയൻ ചരക്കുകപ്പലുകൾക്ക് നേരെ യുക്രെയ്ൻ നടത്തിയ ദീർഘദൂര ഡ്രോൺ പ്രഹരം രണ്ട് വലിയ ആഗോള സംഘർഷങ്ങളുടെ അതിരുകൾ പൂർണ്ണമായി മായ്ച്ചുകളഞ്ഞിരിക്കുകയാണ്. യൂറോപ്പിലെ ഉക്രെയ്ൻ അധിനിവേശവും പശ്ചിമേഷ്യയിലെ അമേരിക്കൻ-ഇറാൻ പോരാട്ടവും ഭൂമിശാസ്ത്രപരമായി കരയാൽ ചുറ്റപ്പെട്ട കാസ്പിയൻ തടാകത്തിൽ വെച്ച് കൂട്ടിമുട്ടിയതോടെ, ടെഹ്റാൻ യുക്രെയ്നെതിരെ നേരിട്ടുള്ള സൈനിക പ്രത്യാക്രമണത്തിന് മുതിരമോ എന്ന ഭയാനകമായ ചോദ്യമാണ് അന്താരാഷ്ട്ര പ്രതിരോധ കേന്ദ്രങ്ങളിൽ ഉയരുന്നത്.

തങ്ങളുടെ വാണിജ്യ കപ്പലായ 'ആന' തകർക്കപ്പെടുകയും നാവികർ കൊല്ലപ്പെടുകയും ചെയ്തതിന് പിന്നാലെ യുക്രെയ്നെതിരെ കടുത്ത തിരിച്ചടി നൽകുമെന്ന് ഇസ്ലാമിക് റിപ്പബ്ലിക് ഒഫീഷ്യലുകൾ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇറാൻ നേരിട്ട് യുക്രെയ്നിയൻ മണ്ണിലേക്ക് മിസൈലുകളോ ഡ്രോണുകളോ അയക്കുകയോ കിഴക്കൻ യൂറോപ്പിൽ പോർമുഖം തുറക്കുകയോ ചെയ്താൽ അന്താരാഷ്ട്ര നയതന്ത്രത്തിലും ആഗോള സാമ്പത്തിക വ്യവസ്ഥയിലും റഷ്യൻ സൈനിക മുൻഗണനകളിലും അത് ഉണ്ടാക്കാൻ പോകുന്ന ഞെട്ടിക്കുന്ന പ്രത്യാഘാതങ്ങൾ താഴെ സമഗ്രമായി പരിശോധിക്കാം:

## ഇറാൻ നേരിട്ട് യുക്രെയ്നെ ആക്രമിച്ചാൽ ഉണ്ടാകുന്ന പ്രാദേശിക സൈനിക പ്രത്യാഘാതങ്ങൾ

കാസ്പിയൻ സമുദ്രത്തിലെ നാവിക തകർച്ചയ്ക്ക് പകരമായി ടെഹ്റാൻ നേരിട്ട് സൈനിക നീക്കം നടത്തിയാൽ, അത് കേവലം ഒരു പ്രാദേശിക തർക്കമായി ഒതുങ്ങാതെ യൂറോപ്യൻ വൻകരയെ മുഴുവൻ വിറപ്പിക്കുന്ന മൂന്നാം ലോകമഹായുദ്ധ സമാനമായ അന്തരീക്ഷത്തിലേക്ക് നയിക്കും.

**1. കിഴക്കൻ യൂറോപ്പിലേക്ക് പടരുന്ന മിസൈൽഡ്രോൺ യുദ്ധങ്ങൾ**

കാസ്പിയൻ തടത്തിലെ ത തകർച്ചയ്ക്ക് പകരം ചോദിക്കാൻ ഇറാനിയൻ വിപ്ലവ ഗാർഡുകൾ (IRGC) തങ്ങളുടെ അത്യാധുനിക ഫത്തേ110 അല്ലെങ്കിൽ ഖൈബർ ഷെക്കാൻ ബാലിസ്റ്റിക് മിസൈലുകൾ ഉപയോഗിച്ച് കീവിലോ യുക്രെയ്നിയൻ തുറമുഖങ്ങളിലോ നേരിട്ട് പ്രഹരം ഏൽപ്പിക്കാൻ മുതിർന്നേക്കാം. റഷ്യൻ മണ്ണിലെ പ്ലാന്റുകളിൽ നിന്ന് തങ്ങളുടെ സൈനികരുടെ മേൽനോട്ടത്തിൽ യുക്രെയ്ൻ നഗരങ്ങൾക്ക് നേരെ ഡ്രോൺ കൂട്ടങ്ങളെ അയക്കുക എന്നതാണ് മറ്റൊരു വഴി. ഈ നീക്കം യുക്രെയ്നെ ഒരേസമയം രണ്ട് വലിയ ആയുധ ശക്തികൾക്കെതിരെ പോരാടേണ്ട കടുത്ത പ്രതിരോധ കെണിയിലേക്ക് തള്ളിവിടും.

**2. കറുത്ത കടലിലെ വാണിജ്യ ധാന്യ ഇടനാഴികളുടെ തകർച്ച**

യുക്രെയ്ൻ ധാന്യങ്ങൾ ലോകവിപണിയിലേക്ക് അയക്കുന്ന പ്രിമോർസ്ക്, ഒഡേസ തുടങ്ങിയ കറുത്ത കടൽ തുറമുഖങ്ങൾക്ക് നേരെ ഇറാനിയൻ നാവിക മിസൈലുകളോ മൈനുകളോ ഉപയോഗിച്ച് ഉപരോധം ഏർപ്പെടുത്താൻ ടെഹ്റാൻ ശ്രമിച്ചേക്കാം. ആഗോള ഭക്ഷ്യ സുരക്ഷയുടെ നട്ടെല്ലായ ഈ ധാന്യ ഇടനാഴികൾ ത തടസ്സപ്പെടുന്നതോടെ ആഫ്രിക്കൻ, ഏഷ്യൻ രാജ്യങ്ങളിൽ കടുത്ത പട്ടിണിയും വിലക്കയറ്റവും ഉണ്ടാകും. വാണിജ്യ കപ്പലുകൾക്ക് നേരെ ചെങ്കടലിൽ ഹൂതികൾ നടത്തുന്ന മാതൃകയിൽ കറുത്ത കടലിലും ഇറാൻ പരോക്ഷ നാവിക യുദ്ധങ്ങൾ ആരംഭിക്കാൻ ഇത് വഴിയൊരുക്കും.



**3. യുക്രെയ്‌ന്റെ വ്യോമപ്രതിരോധ സംവിധാനങ്ങളിലെ കടുത്ത സമ്മർദ്ദങ്ങൾ**

നിലവിൽ റഷ്യൻ മിസൈലുകളെ പ്രതിരോധിക്കാൻ പാടുപെടുന്ന യുക്രെയ്നിയൻ വ്യോമസേനയ്ക്ക് മേൽ ഇറാനിയൻ മിസൈലുകൾ കൂടി പതിക്കാൻ തുടങ്ങിയാൽ അത് നിലവിലുള്ള പാട്രിയറ്റ് സാങ്കേതിക വിദ്യകളുടെ പരിധികളെ പൂർണ്ണമായി തകർക്കും. പ്രതിരോധ മിസൈലുകളുടെ ശേഖരം വേഗത്തിൽ തീരുന്നത് കീവ് നഗരത്തിന്റെ സുരക്ഷയെ അപകടത്തിലാക്കും. തന്ത്രപ്രധാനമായ ഊർജ്ജ ഗ്രിഡുകളും അണക്കെട്ടുകളും തകരുന്നത് യുക്രെയ്ൻ ജനതയുടെ ദിനംപ്രതിയുള്ള അതിജീവനത്തെ കടുത്ത ഭീഷണിയിലാക്കും.

**4. നയതന്ത്ര ബന്ധങ്ങളുടെ സമ്പൂർണ്ണ വിച്ഛേദവും നിയമപരമായ തിരിച്ചടികളും**

ഇറാൻ നേരിട്ട് ആക്രമണം നടത്തുന്നതോടെ ടെഹ്റാനുമായുള്ള ശേഷിക്കുന്ന എല്ലാ നയതന്ത്ര ബന്ധങ്ങളും യുക്രെയ്ൻ ഔദ്യോഗികമായി അവസാനിപ്പിക്കും. അന്താരാഷ്ട്ര ക്രിമിനൽ കോടതിയിലും (ICC) ഐക്യരാഷ്ട്രസഭയിലും ഇറാന്റെ ആക്രമണത്തെ അധിനിവേശമായി പ്രഖ്യാപിക്കാൻ കീവ് മുൻകൈ എടുക്കും. റഷ്യയ്ക്കൊപ്പം ഇറാനെയും ഔദ്യോഗിക യുദ്ധക്കുറ്റവാളികളുടെ പട്ടികയിൽ ഉൾപ്പെടുത്തി വിദേശ ബാങ്കുകളിലെ ഇറാനിയൻ ആസ്തികൾ കണ്ടുകെട്ടാൻ ആഗോള തലത്തിൽ സമ്മർദ്ദം ശക്തമാകും.

## അമേരിക്കയുടെയും പാശ്ചാത്യ രാജ്യങ്ങളുടെയും കടുത്ത സൈനിക നയതന്ത്ര പ്രത്യാക്രമണങ്ങൾ

ഇറാൻ യൂറോപ്യൻ പോർക്കളത്തിലേക്ക് നേരിട്ടിറങ്ങുന്നത് വാഷിംഗ്ടണിനും നാറ്റോ സഖ്യത്തിനും നിശ്ശബ്ദരായി നോക്കിനിൽക്കാൻ കഴിയാത്ത കടുത്ത ചുവപ്പ് രേഖയാണ് മറികടക്കുന്നത്.

**1. നാറ്റോ ആർട്ടിക്കിൾ 5 നയതന്ത്ര ഭീഷണികളും കടുത്ത പങ്കാളിത്തവും**

യുക്രെയ്ൻ ഒരു നാറ്റോ അംഗമല്ലെങ്കിലും, പോളണ്ട്, റൊമാനിയ തുടങ്ങിയ അയൽപക്ക നാറ്റോ രാജ്യങ്ങളുടെ അതിർത്തികൾക്ക് തൊട്ടടുത്ത് ഇറാനിയൻ മിസൈലുകൾ പതിക്കുന്നത് അടിയന്തിര ഭീഷണിയായി കണക്കാക്കപ്പെടും. നാറ്റോ വ്യോമസേനകൾ ബ്ലാക്ക് സീക്ക് മുകളിലും കിഴക്കൻ യൂറോപ്പിലും തങ്ങളുടെ പട്രോളിംഗ് ഇരട്ടിയാക്കും. ഇറാനിയൻ മിസൈലുകൾ വിക്ഷേപിക്കുന്ന താവളങ്ങളെക്കുറിച്ച് തത്സമയ വിവരങ്ങൾ നൽകാൻ അമേരിക്കൻ ചാര ഉപഗ്രഹങ്ങൾ യുക്രെയ്ൻ സേനയെ നേരിട്ട് സഹായിക്കും.

**2. ഇറാനിയൻ സൈനിക കേന്ദ്രങ്ങൾക്ക് നേരെ പെന്റഗണിന്റെ നേരിട്ടുള്ള പ്രഹരങ്ങൾ**

നിലവിൽ പശ്ചിമേഷ്യയിൽ ഇറാനുമായി നടക്കുന്ന കടുത്ത യുദ്ധത്തിന് പുറമെ, യുക്രെയ്നെ ആക്രമിക്കാൻ ഇറാൻ ഉപയോഗിക്കുന്ന താവളങ്ങളെയും മിസൈൽ കേന്ദ്രങ്ങളെയും അമേരിക്ക നേരിട്ട് ബോംബിട്ട് തകർക്കും. പേർഷ്യൻ ഗൾഫിലെയും സൊമാലിയൻ തീരങ്ങളിലെയും ഇറാനിയൻ യുദ്ധക്കപ്പലുകൾക്ക് നേരെ യുഎസ് നേവി കടുത്ത സമുദ്ര ഉപരോധം ഏർപ്പെടുത്തും. ഇറാന്റെ ഉള്ളിലുള്ള ഇസ്ലാമിക് വിപ്ലവ ഗാർഡുകളുടെ ഡ്രോൺ ഉൽപ്പാദന പ്ലാന്റുകൾ ഇല്ലാതാക്കാൻ അത്യാധുനിക സ്രെൽത്ത് വിമാനങ്ങൾ വാഷിംഗ്ടൺ അയക്കും.

**3. യൂറോപ്യൻ യൂണിയന്റെ ഉപരോധ ചാട്ടവാറും ആസ്തി കണ്ടുകെട്ടലുകളും**

ഇറാനെതിരെ ഇതുവരെയില്ലാത്തവിധം കടുത്ത ആഗോള വിപണി ഉപരോധങ്ങൾ കൊണ്ടുവരാൻ യൂറോപ്യൻ യൂണിയൻ നിർബന്ധിതരാകും. വിദേശ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ഇറാനിയൻ ബാങ്ക് അക്കൗണ്ടുകളും വാണിജ്യ സ്ഥാപനങ്ങളും പൂർണ്ണമായി മരവിപ്പിക്കപ്പെടും. ഇറാനിയൻ വിമാനങ്ങൾക്കും കപ്പലുകൾക്കും യൂറോപ്യൻ വ്യോമസമുദ്ര അതിർത്തികളിൽ സമ്പൂർണ്ണ വിലക്ക് ഏർപ്പെടുത്തും. ടെഹ്റാനിലെ വിദേശ എംബസികൾ അടച്ചുപൂട്ടി ഇസ്ലാമിക് ഭരണകൂടത്തെ നയതന്ത്രമായി ഒറ്റപ്പെടുത്താൻ പാശ്ചാത്യ രാജ്യങ്ങൾ തയ്യാറാകും.

**4. യുക്രെയ്ന് അത്യാധുനിക ദീർഘദൂര ആയുധങ്ങൾ വിതരണം ചെയ്യൽ**

ഇറാനിയൻ ആക്രമണത്തിന് മറുപടിയായി, റഷ്യയ്ക്കുള്ളിലെ അതീവ രഹസ്യ താവളങ്ങളിലേക്ക് ആക്രമണം നടത്താൻ യുക്രെയ്ന് അമേരിക്ക അത്യാധുനിക എറ്റാകംസ്, ടോമഹോക്ക് മിസൈലുകൾ നൽകും. ഈ മിസൈലുകൾ ഉപയോഗിക്കുന്നതിന് മുമ്പ് പാശ്ചാത്യ രാജ്യങ്ങൾ ഏർപ്പെടുത്തിയിരുന്ന എല്ലാ ഭൂമിശാസ്ത്രപരമായ നിയന്ത്രണങ്ങളും എടുത്തുകളയും. റഷ്യൻ മണ്ണിൽ സ്ഥിതി ചെയ്യുന്ന ഇറാനിയൻ സാങ്കേതിക കേന്ദ്രങ്ങൾ തകർക്കാൻ യുക്രെയ്ന് പൂർണ്ണ സ്വാതന്ത്ര്യം ലഭിക്കും.

## ആഗോള സാമ്പത്തിക വ്യവസ്ഥയിലുണ്ടാകുന്ന വൻ കുതിച്ചുചാട്ടങ്ങളും ഊർജ്ജ തകർച്ചകളും

രണ്ട് സംഘർഷ മേഖലകൾ ഒന്നചേരുന്നത് ലോക കമ്പോളത്തെയും ഇന്ധന വിപണിയെയും താങ്ങാനാവാത്ത തകർച്ചയിലേക്കാണ് തള്ളിവിടുക.

**1. ക്രൂഡ് ഓയിൽ വില ബാരലിന് 120 ഡോളറിന് മുകളിലേക്ക്**

ഹോർമുസ് കടലിടുക്കിലെ തടസ്സങ്ങൾക്ക് പുറമെ കാസ്പിയൻ, കറുത്ത കടൽ എണ്ണ വിതരണ ശൃംഖലകൾ കൂടി തകരുന്നതോടെ ആഗോള വിപണിയിൽ ബ്രെന്റ് ക്രൂഡ് ഓയിൽ വില ബാരലിന് 120 മുതൽ 140 ഡോളർ വരെ കുതിച്ചുയരും. പശ്ചിമേഷ്യയിൽ നിന്നും കസാഖ്സ്ഥാനിൽ നിന്നുമുള്ള എണ്ണ വിതരണം ഒറ്റയടിക്ക് നിലയ്ക്കുന്നത് ഏഷ്യൻ, യൂറോപ്യൻ രാജ്യങ്ങളിൽ കടുത്ത ഇന്ധന ക്ഷാമം ഉണ്ടാക്കും. ഗതാഗത ചെലവുകൾ കുതിച്ചുയരുന്നത് ആഗോള പണപ്പെരുപ്പം ഇരട്ടിയാക്കാൻ വഴിയൊരുക്കും.

**2. സമുദ്ര ഇൻഷുറൻസ് നിരക്കുകളുടെ കുതിച്ചുചാട്ടവും വിതരണ തടസ്സങ്ങളും**

കാസ്പിയൻ കടലും കറുത്ത കടലും ഒരുപോലെ യുദ്ധമേഖലകളായി പ്രഖ്യാപിക്കപ്പെടുന്നതോടെ കപ്പൽ ഇൻഷുറൻസ് കമ്പനികൾ ഇവിടുത്തെ സേവനങ്ങൾ പൂർണ്ണമായും നിർത്തിവെക്കും. ചരക്കുകപ്പലുകൾക്ക് സംരക്ഷണം നൽകാൻ ഭീമൻ തുകകൾ നൽകേണ്ടി വരുന്നത് അന്താരാഷ്ട്ര വാണിജ്യ വിപണിയെ തളർത്തും. കണ്ടെയ്നർ വിതരണങ്ങൾ മാസങ്ങളോളം വൈകുന്നത് ഉൽപ്പന്നങ്ങളുടെ ആഗോള ക്ഷാമത്തിന് കാരണമാകും. ചെറുകിട കയറ്റുമതി രാഷ്ട്രങ്ങളുടെ സാമ്പത്തിക അടിത്തറ ഇതിലൂടെ തകരും.

**3. വളം, തന്യ വിപണികളിലെ ആഗോള പ്രതിസന്ധി**

റഷ്യയിൽ നിന്നും യുക്രെയ്നിൽ നിന്നുമുള്ള കാർഷിക ഉൽപ്പന്നങ്ങളുടെയും കൃത്രിമ വളങ്ങളുടെയും കയറ്റുമതി നിശ്ചലമാകുന്നത് ലോകമെമ്പാടുമുള്ള ഭക്ഷ്യ വിപണിയെ ബാധിക്കും. ഉൽപ്പന്നങ്ങളുടെ വില വർദ്ധിക്കുന്നത് വികസ്വര രാജ്യങ്ങളിൽ ജനകീയ പ്രക്ഷോഭങ്ങൾ ഉണ്ടാകാൻ ഇടയാക്കും. പട്ടിണിയും പോഷകാഹാരക്കുറവും മൂലം ദശലക്ഷക്കണക്കിന് സാധാരണക്കാർ ദുരിതത്തിലാകും. ഭക്ഷ്യ ഉൽപ്പാദന മേഖലയിൽ ഇത് സൃഷ്ടിക്കുന്ന ആഘാതം ചെറുതല്ല.

**4. വൻകിട വിപണികളിലെ നിക്ഷേപ പതനവും സാമ്പത്തിക മാന്ദ്യവും**

അന്താരാഷ്ട്ര ഷെയർ മാർക്കറ്റുകളിലും കറൻസി വിപണികളിലും അടിയന്തിര തകർച്ച പ്രതിഫലിക്കും. സുരക്ഷിത നിക്ഷേപമെന്ന നിലയിൽ സ്വർണ്ണത്തിന്റെയും അമേരിക്കൻ ഡോളറിന്റെയും മൂല്യം വൻതോതിൽ കുതിച്ചുയരും. വികസിത രാജ്യങ്ങളുടെ ആഭ്യന്തര ഉൽപ്പാദന വളർച്ച മന്ദഗതിയിലാകുന്നത് ലോകത്തെ കടുത്ത സാമ്പത്തിക മാന്ദ്യത്തിലേക്ക് നയിക്കും. വിദേശ നിക്ഷേപങ്ങൾ വൻതോതിൽ പിൻവലിക്കപ്പെടുന്നത് വിപണികളെ ഉലയ്ക്കും.

## റഷ്യക്ക് ലഭിക്കുന്ന അപ്രതീക്ഷിത നേട്ടങ്ങളും നയതന്ത്ര തിരിച്ചടികളും

ഇറാൻ നേരിട്ട് പോർക്കളത്തിലേക്ക് ഇറങ്ങുന്നത് മോസ്കോയെ സംബന്ധിച്ച് തന്ത്രപ്രധാനമായ വലിയൊരു ആശ്വാസവും എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ പുതിയൊരു ഭാരവുമാണ്.

**1. യുക്രെയ്‌ന്റെ ശ്രദ്ധ തിരിച്ചുവിടലും സൈനിക ആശ്വാസങ്ങളും**

യുക്രെയ്ൻ സൈന്യം തങ്ങളുടെ ശ്രദ്ധയും ആയുധ ശേഖരവും ഇറാനിയൻ ഭീഷണികളെ നേരിടാനായി മാറ്റിപ്പാർപ്പിക്കമ്പോൾ, അത് റഷ്യൻ കവചിത സേനയ്ക്ക് റണ്ണൻ മുന്നണിയിൽ മന്നേറാൻ അവസരമൊരുക്കും. രണ്ട് വ്യത്യസ്ത ശക്തികളെ ഒരേ സമയം നേരിടേണ്ടി വരുന്നത് യുക്രെയ്‌ന്റെ പോരാട്ട വീര്യത്തെ തളർത്തും. ഡോൺബാസ് മേഖലകളിൽ പുതിയ മന്നേറ്റങ്ങൾ നടത്താൻ റഷ്യൻ കമാൻഡർമാർക്ക് ഇത് സുവർണ്ണാവസരമാകും. റഷ്യയുടെ ആഭ്യന്തര പ്രതിരോധ ആസ്തികൾക്ക് മേലുള്ള യുക്രെയ്ൻ ഡ്രോൺ പ്രഹരങ്ങളുടെ സാന്ദ്രത കുറയാൻ ഇത് സഹായിക്കും.

**2. നാറ്റോ വിഭവങ്ങളുടെ വിഭജനവും പാശ്ചാത്യ തളർച്ചകളും**

യുഎസ് സൈനിക വിഭവങ്ങൾ പശ്ചിമേഷ്യയിലും കിഴക്കൻ യൂറോപ്പിലുമായി ഒരേസമയം പങ്കുവെക്കേണ്ടി വരുന്നത് പാശ്ചാത്യ പ്രതിരോധ ശേഖരത്തെ ശൂന്യമാക്കും. യുക്രെയ്ന് മാത്രമായി ആയുധങ്ങൾ നൽകുന്നതിൽ പാശ്ചാത്യ രാജ്യങ്ങളിൽ നിലനിൽക്കുന്ന ആഭ്യന്തര എതിർപ്പുകൾ ഇരട്ടിയാകും. രണ്ട് മുന്നണികളിൽ ഒരേസമയം ധനസഹായം നൽകുന്നത് അമേരിക്കൻ കോൺഗ്രസിന് കടുത്ത സാമ്പത്തിക ബാധ്യതയാകും. ഈ പാശ്ചാത്യ തളർച്ചതങ്ങൾക്ക് അനുകൂലമായി തിരിക്കാൻ വ്ലാഡിമിർ പുടിന് സാധിക്കും.


**3. ഇറാനിയൻ ആശ്രയത്വത്തിന്റെ അപചയവും പുതിയ നിബന്ധനകളും**

ഇറാൻ നേരിട്ട് യുദ്ധത്തിൽ കക്ഷിയാകുന്നതോടെ മോസ്കോയ്ക്ക് ടെഹ്റാന് മേലുള്ള നയതന്ത്ര സ്വാധീനം കുറയും. പകരം റഷ്യയുടെ അത്യാധുനിക സഖോയ്35 പോർവിമാനങ്ങളും എസ് 400 മിസൈൽ പ്രതിരോധ സംവിധാനങ്ങളും അടിയന്തിരമായി തങ്ങൾക്ക് നൽകണമെന്ന് ഇറാൻ ആവശ്യപ്പെടും. സ്വന്തം ആവശ്യങ്ങൾക്ക് തികയാത്ത സാങ്കേതിക വിദ്യകൾ ഇറാനിലേക്ക് കൈമാറേണ്ടി വരുന്നത് റഷ്യയുടെ സ്വന്തം അതിർത്തി സുരക്ഷയെ ദുർബലപ്പെടുത്തും. വൻശക്തിയായ റഷ്യ ഒരു പശ്ചിമേഷ്യൻ രാജ്യത്തിന്റെ ആയുധങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് മോസ്കോയുടെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കും.

**4. കാസ്പിയൻ സമുദ്രത്തിലെ സ്വന്തം ആധിപത്യത്തിന് ഏൽക്കുന്ന ക്ഷതം**

പതിറ്റാണ്ടുകളായി കാസ്പിയൻ തടത്തിലെ പരമാധികാരിയായി വാണിരുന്ന റഷ്യയ്ക്ക് സ്വന്തം തടാകത്തിൽ പോലും വിദേശ രാജ്യത്തിന്റെ ആക്രമണങ്ങൾ തടയാൻ കഴിഞ്ഞില്ലെന്നത് നാണക്കേടാണ്. മേഖലയിലെ അസർബൈജാൻ, കസാഖ്സ്ഥാൻ തുടങ്ങിയ മധ്യേഷ്യൻ അയൽരാജ്യങ്ങൾ മോസ്കോയുടെ സുരക്ഷാ കവചത്തിലുള്ള വിശ്വാസം ഉപേക്ഷിക്കും. ഇത് റഷ്യൻ ആധിപത്യത്തിന് ബദലായി മറ്റ് പാശ്ചാത്യ അല്ലെങ്കിൽ ചൈനീസ് സഖ്യങ്ങൾ തേടാൻ ഈ ചെറുരാജ്യങ്ങളെ പ്രേരിപ്പിക്കും. രാഷ്ട്രീയമായി ഇത് റഷ്യയ്ക്ക് വലിയൊരു തന്ത്രപ്രധാന പരാജയമായി മാറും.

കാസ്പിയൻ കടലിൽ വീണ യുദ്ധത്തിന്റെ തീപ്പൊരി ഇറാനെ നേരിട്ട് യുക്രെയ്ൻ പോർക്കളത്തിലേക്ക് എത്തിച്ചാൽ, അത് ആഗോള രാഷ്ട്രീയ സുരക്ഷാ ചരിത്രത്തിലെ ഏറ്റവും ഭയാനകമായ അധ്യായമായിരിക്കും. രണ്ടു യുദ്ധങ്ങൾ ഒന്നായി മാറുന്നത് തടയാൻ അന്താരാഷ്ട്ര നയതന്ത്ര ശക്തികൾ അടിയന്തിരമായി ഇടപെട്ടില്ലെങ്കിൽ, അതിന്റെ ഭാരം ലോകത്തിലെ ഓരോ സാധാരണക്കാരനും പേറേണ്ടി വരും.


Dr. Chandy's
CanSmile
DENTAL
Your Smile Matters
FAMILY DENTISTRY
ORTHODONTICS • DENTAL FILLINGS
• ROUTINE DENTAL EXAM • WISDOM TEETH REMOVAL
DENTAL IMPLANTS • DENTAL EMERGENCIES
Dr. Bobby Chandy
905.949.5656
3033 Palstan Rd, Unit 206
Mississauga, ON L4Y 4E7
OVER 20 YEARS OF DENTISTRY PRACTISE IN ASIA, EUROPE AND THE MIDDLE EAST
For your dental needs...


GIMVS
Global Immigration And Visa Services
"Where dreams take flight, your future begins with us."
OUR SERVICES
Permanent Residency & PNP
College Admission & Study Visa
Visitor Visa / Super Visa / Caregiver Visa
PR Card Renewal / Citizenship
Family Sponsorship (Spousal / PGP)
PGWP/Spouse Work Permit / LMIA Work Permit
Business / Investor Program
PFL/Rejection/Misrepresentation Cases
Intra Company Transfer
Sini Isaac
Regulated Canadian Immigration Consultant
R530967
RCIC
T: +1 289 210-0222
E: info@gimvs.com
www.gimvs.com
Follow us on

# ഒറ്റപ്പെടില്ല എമ്പ്രാന്മാർ; ഒപ്പമുണ്ട് അമ്പലവാസികൾ



ബാബു കദളിക്കാട്

‘എമ്പ്രാനൽപ്പം കട്ടുഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും’ എന്ന കുഞ്ചൻ നമ്പ്യാരുടെ നിരീക്ഷണം ഹാസ്യ രസമാർന്ന സാമൂഹിക വിമർശനമായിരുന്നു. കാര്യക്കാർ മോഷ്ടിച്ചാൽ താഴെയുള്ളവരും അത് തന്നെ ചെയ്യുമെന്ന് സാരം. ക്ഷേത്ര സ്വത്തിന്റെ ചുമതലക്കാർ എത്ര ജാഗരൂകരായിരിക്കണം എന്നതിലേക്കാണ് മൂന്നു നൂറ്റാണ്ടു മുമ്പ് നമ്പ്യാർ വിരൽ ചൂണ്ടിയത്. പക്ഷേ, അമ്പലക്കൊള്ള ഇപ്പോഴും കൂടിവരുന്നതേയുള്ളൂ എന്ന് മലയാളി സമൂഹത്തിന് ആവർത്തിച്ച് ബോധ്യമായിരിക്കുന്നു. ദേവസ്വം ബോർഡ് ഭരിക്കുന്നവരും സിൽബന്ധികളും കട്ടുമുടിക്കുന്നതിലെ വിരുത് ഭഗവാനെ ഭയന്ന് മാറ്റിവച്ചില്ല.

നമ്പ്യാരുടെ കാലത്ത് എണ്ണയോ തിരിയോ നെല്ലോ ആണ് നഷ്ടപ്പെട്ടിരുന്നതെങ്കിൽ, സ്വർണം ഉരുക്കി ചെമ്പാക്കി മുക്കുന്ന രസതന്ത്രമായി അമ്പലക്കൊള്ള പിന്നീട് മാറി. ചരിത്രത്തിൽ ആദ്യമായാണ് സംസ്ഥാനത്തെ ഒരു ദേവസ്വം ബോർഡിനെതിരെ അമ്പലം കൊള്ളയടിച്ചതിന് എഫ്ഐആർ ഇടുന്നത്. അതും ലോകശ്രദ്ധനേടിയ ശബരിമല ക്ഷേത്രത്തിലെ ശ്രീകോവിലിന്റെ സ്വർണപ്പാളികൾ കൊള്ളയടിച്ചതിന്. സ്വർണക്കൊള്ളയുടെ അന്വേഷണം പുരോഗമിക്കവേ തന്നെ ശബരിമലയിലേക്കുള്ള മിൽമ നെയ്യ് വിൽപ്പനയിൽ വലിയ ആസൂത്രണത്തോടെ ക്രമക്കേടുകൾ നടന്നതിന്റെ വിവരങ്ങളും പുറത്തുവരുന്നു. സ്വർണക്കൊള്ളയുമായി താരതമ്യം ചെയ്യാനാകില്ല ഈ ചോരണമെങ്കിലും എമ്പ്രാന്മാരെ അനുകരിച്ച അമ്പലവാസികളുടെ എണ്ണം അത്ര കുറവല്ലെന്ന സൂചന ശ്രദ്ധേയം തന്നെ.

ശബരിമലയിലേക്കുള്ള മിൽമ നെയ്യ് വിൽപ്പനയിൽ വലിയ ആസൂത്രണത്തോടെ ക്രമക്കേടുകൾ നടന്നതായുള്ള അന്വേഷണ റിപ്പോർട്ടിൽ സർക്കാർ നടപടിയാരംഭിച്ചതോടെ അന്വേഷണം ദേവസ്വം ബോർഡിലേക്കും നീങ്ങുമെന്നുറപ്പായി. നെയ്യ് തട്ടിപ്പിൽ ഗുരുതര വീഴ്ച ഉണ്ടായി എന്ന് പറഞ്ഞ ദേവസ്വം മന്ത്രി കെ. മുരളീധരൻ ദേവസ്വം കമ്മീഷണറോട് റിപ്പോർട്ട് തേടി. ഏതൊക്കെ കാലഘട്ടത്തിലാണ് നിലവാരമില്ലാത്ത നെയ്യ് ശബരിമലയിൽ എത്തിയതെന്ന് ദേവസ്വം കമ്മീഷണർ അന്വേഷിക്കും. നെയ്യ് കൊടുത്ത മിൽമയേപ്പോലെ തന്നെ വാങ്ങിയ ദേവസ്വം ബോർഡിനും ഇടപാടിൽ ഉത്തരവാദിത്വമുണ്ടെന്നാണ് സർക്കാർ വിലയിരുത്തൽ.

ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള അന്വേഷണത്തിന് ക്ഷീര വികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണയും ഉത്തരവിട്ടുണ്ട് സംഭവത്തിൽ ഇതിനോടകം വിജിലൻസും അന്വേഷണം തുടങ്ങിയിട്ടുണ്ട്. മിൽമയിലെ ഇടത് ഭരണസമിതി അറിയാതെ ഒന്നും നടക്കില്ലെന്ന് മന്ത്രി പറയുന്നു. നെയ്യ് വിൽപ്പനയിൽ ആരോപണ വിധേയനായ മിൽമയിലെ ഉദ്യോഗസ്ഥൻ ഷൈൻ ജോസഫിനെ രക്ഷിക്കാൻ ആസൂത്രിത ശ്രമം നടന്നതിന്റെ വിവരങ്ങളും പുറത്തുവന്നു. അന്വേഷണം നടക്കുന്നതിനിടെ ഷൈൻ ജോസഫ് രാജിവെച്ച് പോകാൻ ശ്രമിച്ചപ്പോൾ മിൽമ എംഡിയും സർക്കാർ പ്രതിനിധിയും അതിനെ എതിർത്തു. ഗുരുതരമായ ആരോപണമാണ് ഉദ്യോഗസ്ഥൻ നേരിടുന്നതെന്നും അന്വേഷണം നടക്കുന്നതിനാൽ രാജി അംഗീകരിക്കരുതെന്നുമായിരുന്നു നിലപാട്. എന്നാൽ ഇടത് ഭരണസമിതി എതിർപ്പ് തള്ളി ഷൈൻ ജോസഫിനെ രാജിവെക്കാൻ അനുവദിച്ചു. ചട്ടങ്ങൾ ലംഘിച്ച് ടെണ്ടറിന് ശുപാർശ നൽകിയതും ടെണ്ടർ അംഗീകരിച്ചതും ഷൈൻ ആയിരുന്നു.

സ്വർണക്കൊള്ള കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മുൻ പ്രസിഡന്റും സി.പി.എം നേതാവുമായ പി.എസ്.പ്രശാന്ത് കൂടി ഈയിടെ, അറസ്റ്റിലായതോടെ ക്രമക്കേടുകളിലും കൊള്ളയിലും ദേവസ്വം ബോർഡിനുള്ള സമ്പൂർണ പങ്കാളിത്തമാണ് പുറത്തായത്. പത്തു വർഷത്തെ ഇടതുസർക്കാരിന്റെ കാലയളവിൽ നിയമിതരായ മൂന്ന് പ്രസിഡന്റുമാർ മാത്രമല്ല, ബോർഡ് ഉദ്യോഗസ്ഥരും, ഇടനിലക്കാരനും കൂട്ടാ ളികളും ഉൾപ്പെടെ ആകെ 13 പേരാണ് ഇതുവരെ അറസ്റ്റിലായത്. മൂന്ന് ഭരണസമിതികൾ ക്രമക്കേടുകളുടെ ഭാഗമായെന്ന് പ്രത്യേക അന്വേഷണസംഘം കണ്ടെത്തി.

ഈ പാപകർമ്മങ്ങളിലൊന്നും ദേവസ്വം ബോർഡിലെ ഭരണക്കാർക്കു പങ്കില്ലെന്ന്ആവർത്തിച്ചുകൊണ്ടിരുന്നമുൻ സർക്കാരും അതിനെ നയിച്ചിരുന്ന സി.പി.എമ്മും അക്ഷരാർത്ഥത്തിൽ കുരുക്കിലായി.പ്രതികളിൽഒരാൾക്കുപോലും കുറ്റപത്രം സമർപ്പിക്കാൻ എസ്.ഐ.ടിക്ക് ഇതുവരെ കഴിഞ്ഞിട്ടില്ലെന്നതിലുള്ള ഉത്ക്കണ്ഠ പൊതുവേ ഏറിവരുന്നുവെന്നത് മറ്റൊരു കാര്യം. പ്രതിയായിരുന്ന ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു ഇതിനിടെ മരിച്ചു. ഈയിടെ അറസ്റ്റിലായ പി.എസ്.പ്രശാന്തും അജികുമാറും ജയിലിലാണെങ്കിലും 90 ദിവസത്തിനകം കുറ്റപത്രം സമർപ്പിക്കാത്തതുകൊണ്ട് മറ്റു പ്രതികൾ സ്വാഭാവിക ജാമ്യം നേടി പുറത്തുവന്നു.

ദേവസ്വം ബോർഡുകളുടെ പ്രവർത്തനം അതത് സർക്കാരുകളുടെ നിയന്ത്രണത്തിലായിരിക്കേ കേസ് പ്രസിഡന്റുമാരിൽ ഒതുങ്ങാതെ അതിനു പിന്നിൽ രാഷ്ട്രീയ ഗൂഢലോചനയുണ്ടോ എന്നും മറ്റും അന്വേഷിക്കാൻ എസ്.ഐ.ടി തുനിഞ്ഞാൽ പ്രശ്നം അതീവഗുരുതരമാകും.ബോർഡിന്റെമുൻപ്രസിഡന്റ് പി.എസ്.പ്രശാന്ത് മാത്രമല്ല, അന്ന്ബോർഡ്അംഗമായിരുന്നസി.പി.ഐ നേതാവ് അജികുമാറും അറസ്റ്റിലായിരുന്നു. സ്പോൺസർ എന്നപേരിൽ ഭരണ സമിതിക്കാർക്കും ഉദ്യോഗസ്ഥർക്കും സ്വർണവ്യാപാരികൾക്കും വേണ്ടി ചരടുവലിക്കുകയും, മുന്നിൽ നിന്ന് കൊള്ളയുടെ റൂട്ട് നിശ്ചയിക്കുകയുംചെയ്തഉണ്ണിക്കൃഷ്ണൻപോറ്റിയാണ് കേസിൽ ആദ്യം അറസ്റ്റിലായത്.

അയാൾ തന്നെ ഒന്നാം പ്രതി. പോറ്റിയെ വിശദമായി ചോദ്യം ചെയ്തപ്പോഴാണ് ശബരിമല ശ്രീകോവിലിന്റെ വാതിൽ മാത്രമല്ല, കട്ടിളപ്പാളിയും, ശ്രീകോവിലിന് ഇരുവശവുമുള്ള ദ്വാരപാലക ശില്പങ്ങളുംവരെ ഇളക്കിയെടുത്ത് പുറത്തു കടത്തി അതിലെ സ്വർണം ഉരുക്കിയെടുത്തു എന്ന ഞെട്ടിക്കുന്ന വിവരങ്ങൾ പുറം ലോകം അറിഞ്ഞത്. കൊടിമരം, വാജിവാഹനം, പ്രഭാവലയം തുടങ്ങി സന്നിധാനത്തെ അമൂല്യ വസ്തുക്കളിലൊന്നിൽപ്പോലും പോറ്റിയും കൂട്ടരും കൈവയ്ക്കാതിരുന്നില്ല. സ്വർണംപൂശലിന്റെയും അറ്റകുറ്റപ്പണികളുടെയും പേരിലായിരുന്നു എല്ലാ വിക്രിയകളും അരങ്ങേറിയത്.

ബോർഡ് പ്രസിഡന്റിന്റെ സമ്മതമില്ലാതെയോ, അംഗങ്ങളുടെ അറിവില്ലാതെയോ, ഉദ്യോഗസ്ഥരുടെ ഒത്താശയില്ലാതെയോ ഇതൊന്നും നടപ്പുള്ള കാര്യമല്ലെന്ന് ഏവർക്കുമറിയാം. അതിനും മുകളിലുള്ള ഉന്നതരുടെ അനുവാദവും അനുഗ്രഹവുമില്ലാതെ ഇതു വല്ലതും സാദ്ധ്യമാകുമോയെന്ന ചോദ്യവും ഉയരുന്നു. ഇതിനിടെ, ശബരിമല അഷ്ടാഭിഷേക വസ്തുക്കളുടെ വിതരണക്കാരായി ദേവസ്വം ഉദ്യോഗസ്ഥർ പ്രവർത്തിച്ചത് അംഗീകരിക്കാനാകില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. വിശുദ്ധ സ്ഥലത്തെ അവിശുദ്ധ രീതിയെന്നാണ് സംഭവത്തെ കോടതി കടുത്ത ഭാഷയിൽ വിമർശിച്ചത്. ശബരിമലയിലെ വഴിപാട് ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത ഹർജിയിലാണ് ഹൈക്കോടതിയുടെ നിർണായക ഇടക്കാല ഉത്തരവ്.

### കൊള്ള പലവിധം

ദേവസ്വം എന്ന വാക്കിന്റെ അർത്ഥം ദൈവത്തിന്റേത് എന്നാണ്. ദേവസ്വം ബോർഡിന്റെ ഉത്തരവാദിത്തം ദേവന്റെ സ്വത്തും ആചാരങ്ങളും വിശ്വാസങ്ങളും സംരക്ഷിക്കുക എന്നതും സംസ്ഥാനത്ത് സർക്കാർ നിയന്ത്രിക്കുന്ന അഞ്ച് ദേവസ്വങ്ങളാണുള്ളത്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, കൂടൽ മാണിക്യം ദേവസ്വം ബോർഡ്. ദേവസ്വം ബോർഡുകളിൽ വിശ്വാസികൾ ആണ് അംഗങ്ങൾ ആകേണ്ടത്. എന്നാൽ ഭരണത്തിലിരിക്കുന്ന രാഷ്ട്രീയ നേതൃത്വത്തിനനുസരിച്ച് ബോർഡിന്റെ രാഷ്ട്രീയ നിറവും മാറും. പക്ഷെ അമ്പലക്കൊള്ളയ്ക്ക് മാത്രം വ്യത്യാസമുണ്ടാകില്ല. അതാണ് ശബരിമലയിൽ കണ്ടത്.

2019 ൽ കട്ടിളയിലെയും ദ്വാരപാലകരുടെയും സ്വർണപ്പാളികൾ ഇളക്കിക്കൊടുത്തത് മാത്രമാണ് ഹൈക്കോടതി കണ്ടെത്തിയതും പ്രത്യേക സംഘം അന്വേഷണം തുടങ്ങിയതും. അതിനുമുമ്പും ശേഷവും നടന്ന കൊള്ളകൾ എത്രയോ പുറത്തുവരാനുണ്ടെന്ന് ഭക്തർ പറയുന്നു.

മറ്റ് ക്ഷേത്രങ്ങൾ പരിശോധിച്ചാൽ കൊച്ചിൻ ബോർഡിന്റെ തൃപ്പൂണിത്തുറ പൂർണ്ണത്രയീശ ക്ഷേത്രത്തിലെ സ്വർണ്ണം നഷ്ടമായി. അവിടെ ഉണ്ടായിരുന്ന സ്വർണത്തിൽ തീർത്ത നെറ്റിപ്പട്ടം പുതിയ ആനകൾക്ക് ചേരില്ലെന്ന വാദത്തിൽ ഉരുക്കിമാറ്റി. സ്വർണാഭരണങ്ങളിലെ രത്നങ്ങൾ വിറ്റതായും ആരോപണമുണ്ട്. ആറന്മുളയിലെ വിഗ്രഹത്തിലെ 50 പവൻ സ്വർണ്ണം നഷ്ടപ്പെട്ട സംഭവം ശബരിമല വിഷയത്തിന് പിന്നാലെ ഉയർന്നുവന്നതാണ്. ശാസ്താംകോട്ട ക്ഷേത്രത്തിലെ സ്വർണ്ണക്കൊടിമരത്തിലെ സ്വർണ്ണം നഷ്ടമായി. ഏറ്റുമാനൂർ ശിവക്ഷേത്രത്തിലെ രുദ്രാക്ഷമാല കാണാതായ സംഭവത്തിൽ 81 മുത്തുകളുള്ള പഴയ മാലയ്ക്ക് പകരം 72 മുത്തുകളുടെ മാല വയ്ക്കുകയായിരുന്നുവെന്ന് കണ്ടെത്തിയത് വിജിലൻസ് ആണ്.

ബാലുശ്ശേരി കോട്ട വേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിലെ 160 ഗ്രാം സ്വർണ ഉരുപ്പടികൾ മുക്കിയത് മുൻ എക്സിക്യൂട്ടീവ് ഓഫീസർ ആയിരുന്നു. കൊച്ചിൻ ദേവസ്വം ബോർഡിലെ തൃശൂർ ചേലക്കര പഴയന്നൂർ ഭഗവതി ക്ഷേത്രത്തിലെ 15.300 ഗ്രാം സ്വർണത്തിൽ ചെമ്പവിഴ രത്നങ്ങളും ഇന്ദ്രനീല രത്നവും പതിപ്പിച്ച കിരീടം കാണാതായതിൽ അന്വേഷണം വഴിമുട്ടി നിൽക്കുകയാണ്.

കൊട്ടാരക്കര മഹാഗണപതി ക്ഷേത്രത്തിൽ പ്രസാദ അഴിമതി കണ്ടെത്തിയിരുന്നു. ഗണപതിഹോമത്തിന്റെ പ്രസാദം തയാറാക്കിക്കൊണ്ടിരുന്നത് വാടകയ്ക്ക് എടുത്ത മുറിയിൽ ബംഗാളികൾ. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഉൾപ്പടെ ഇതൊന്നും അറിഞ്ഞില്ലെന്നാണ് ന്യായീകരണം. ഉണ്ണിയപ്പ നിർമ്മാണത്തിലും അഴിമതി പുറത്ത് വന്നു.

തിരുവിതാകൂർ ദേവസ്വംബോർഡിന്റെ രണ്ടാമത്തെ വരുമാനമുള്ള ക്ഷേത്രമാണ് തിരുവല്ലം പരശുരാമ ക്ഷേത്രം. ഇവിടെ പിതൃക്കൾക്കുള്ള ബലിതർപ്പണത്തിൽ പോലും ലക്ഷങ്ങളുടെ കൊള്ളയാണ്. ഈ ക്ഷേത്രത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് ഒരുവർഷം ഒരുകോടിവരെ വരുമാനമുണ്ടെന്ന് കണ്ടെത്തിയത് ദേവസ്വം വിജിലൻസ് ആണ്.

ഒടുവിൽ ഇത്തരം വരുമാനം ഉണ്ടാകുമ്പോൾ 25 ശതമാനം ദേവസ്വത്തിന് നൽകണമെന്ന നിബന്ധന ബോർഡ് മുന്നോട്ടുവച്ചത് ഉദ്യോഗസ്ഥരും അംഗീകരിച്ചു. അപ്പോൾ വെട്ടിപ്പിന്റെ 25 ശതമാനം ബോർഡിന് സ്വന്തമായി. ഇത്തരം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ എല്ലാ ദേവസ്വംബോർഡിലും ഉണ്ട്.

ഗുരുവായൂർ ക്ഷേത്രത്തിൽ വഴിപാടായി ലഭിക്കുന്ന സ്വർണം, രത്നം, വെള്ളി തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിൽ ക്രമക്കേടെന്നാണ് ഓഡിറ്റിൽ കണ്ടത്തി. മറയൂർ ചന്ദനം, കശ്മീരി കുങ്കുമപ്പൂവ് എന്നിവയ്ക്കും കൃത്യമായ കണക്കില്ല. സ്വർണക്കുടയുടെ 140 ഗ്രാം വെള്ളിയിൽ തീർത്ത കാല് കാണാതായി. ഒരു വെള്ളിക്കുടത്തിന്റെ തൂക്കം 10 മാസം കൊണ്ട് 1190 ഗ്രാം കുറഞ്ഞു.

ചില ക്ഷേത്രങ്ങളിലെ ഉപദേശക സമിതികൾ നടത്തിയ കൊള്ളകൾ, തെളിവില്ലെന്ന് പറഞ്ഞ് ദേവസ്വം ബോർഡുകൾ എഴുതിത്തള്ളിയ സംഭവങ്ങൾ നിരവധി. ‘കാര്യക്കാരൻ കളവു തുടർന്നാൽ കരമേലുള്ളവർ കട്ടുമുടിക്കും’ എന്ന കുഞ്ചൻ നമ്പ്യാരുടെ നിരീക്ഷണവും തെല്ലും പാളിയിട്ടില്ല.




RE/MAX REALTY SERVICES
INC., BROKERAGE
INDEPENDENTLY OWNED AND OPERATED
SJ
RE/MAX
Your Friendly Neighbourhood Realtor
SANTHOSH JACOB
www.realtorjacob.ca | realtorjacob1415@gmail.com
647-627-5050


BEAUMARIS DENTAL CARE
Creating beautiful smiles
OUR SERVICES:
• Dental Emergency
• Invisalign
• Root Canals
• Cleaning
• Whitening
• Crowns
BEAUMARIS
DENTAL CARE
Family & Emergency Dentist in Brampton
Same-day appointments available
C4, 15 Beaumaris Drive, Brampton ON L6T 0J3
New patients welcome!
Call (905) - 798 1885
www.beaumarisdentalcare.com
Dr. Sara Mathew, DDS


THE CANADIAN HOME
എന്താണ് നിങ്ങളുടെ വീട് മാത്രം
വിൽക്കാൻ പറ്റാത്തത്?
SCAN AND WATCH THE VIDEO
SOLD
MANOJ KARATHA
Broker of Record
+1 (647) 226 2665
The Canadian Home Realty Inc.
TRUSTED SERVICE
20+YEARS
REAL ESTATE EXPERIENCE

## അധ്യായം 43

# പുതിയ ലോകത്തിന്റെ വിളി..!

**കഥ ഇതുവരെ**

റിപ്പോർട്ടർ റോബിൻസ് ഒരു വിമാന അപകടത്തെക്കുറിച്ച് അറിയാൻ അമേരിക്കയിൽ നിന്നും കെനിയായിൽ എത്തി. അവിടത്തെ ദാരിദ്ര്യം ഭയാനകമായിരുന്നു. രക്ഷപെടാൻ ചിലർ കപ്പലിലും വിമാനത്തിലും ഒളിച്ചുകയറുന്നതായി അറിയുന്നു. ആ അനുഭവം നേരിട്ടറിയാൻ അയാൾ ഒരു ചരക്കുകപ്പലിൽ രഹസ്യമായി കയറി. ആ യാത്രക്കിടെ അയാൾക്ക് നടുക്കടലിലേക്ക് ചാടേണ്ടിവന്നു. ഒടുവിൽ ഒരു ദ്വീപിലെത്തി. അവിടെ അലൂമ എന്ന സ്ത്രീയോട് തന്റെ പൂർവ്വകാല കഥ പറയുന്നു.

അതിനു ശേഷം അലൂമയുടെയും ആ ദ്വീപിന്റേയും കഥ എഴുതാൻ തുനിയുന്നു റോബിൻസ്. ആ സമയം ആരെയോ തിരക്കി ഒരു കപ്പൽ ആ ദ്വീപിനെ ലക്ഷ്യമാക്കി യാത്രതിരിക്കുന്നു. റോബിൻസ് വീണ്ടും അമേരിക്കയിലെത്തി. ദ്വീപിനെക്കുറിച്ചുള്ള ഫീച്ചർ തയ്യാറാക്കിയതിനു ശേഷം കേരളത്തിൽ എത്തി. റോബിൻസ് ബീനയെ കണ്ടുമുട്ടുന്നു. തുടർന്നയാൾ അപ്രത്യക്ഷനാകുന്നു. ഈ അവസരത്തിൽ റോബിൻസിന് പുലിറ്റ്സർ അവാർഡ്. അതുവാങ്ങാൻ അയാൾക്ക് കഴിഞ്ഞില്ല.

തുടർന്നു വായിക്കുക.

കൊടിയ വേനലിൽ പൊട്ടിവരണ്ട ഭൂമിയെ ആദ്യമഴ നനയ്ക്കുമ്പോൾ ഉയരുന്ന മണ്ണിന്റെ മണം പോലെ ഒരു അനുഭൂതിയായിരുന്നു ഡോ. ബീനയുടെ ഹൃദയത്തിലുണ്ടായത്. നാളുകളായി കരിഞ്ഞുകിടന്ന മനസ്സിലേക്ക് ഒരൊറ്റ നിമിഷം ജീവന്റെ പച്ചപ്പ് തിരികെ വന്നതുപോലെ. ലോകം മരിച്ചുപോയെന്ന് വിശ്വസിച്ച മനുഷ്യൻ, ആ രാത്രിയിൽ അവളുടെ മുന്നിൽ ജീവനോടെ നിന്നപ്പോൾ, അവളുടെ ഹൃദയം സ്തംഭിക്കുമോ എന്നുപോലും സംശയിച്ചുപോയി. മരണവാർത്തയെ തോൽപ്പിച്ച തിരിച്ചുവരവായിരുന്നു.

റോബിൻസിന്റെ വരവ് പുതിയൊരു പ്രകാശം നിറച്ചെങ്കിലും, ആ മനുഷ്യന്റെ കണ്ണുകളിൽ ബീന അതുവരെ കാണാത്ത ഒരു നിശ്ശബ്ദത ഉണ്ടായിരുന്നു. ലോകം ചുറ്റിനടന്ന മാധ്യമപ്രവർത്തകന്റെ അസ്വസ്ഥതയല്ല അത്; അഗ്നിയിലൂടെ കടന്നപോയ സ്വർണം കൈവരിക്കുന്ന ശാന്തതയായിരുന്നു.

കുറച്ചു സമയംകൂടി അവരോടൊപ്പം ചെലവഴിച്ച ശേഷം പരമഹംസ എഴുന്നേറ്റു. അദ്ദേഹം വന്ന കാറിൽ തന്നെ തിരികെ പോയി. ആയാത്രയിൽ പരമഹംസയുടെ മനസ്സിൽ ഹിമാലയത്തിലെ ആ ദിവസം കടന്നുപോയി. സ്വാമി രാമയുടെ ശിഷ്യൻ പറഞ്ഞ വാക്കുകൾ വീണ്ടും ചെവിയിൽ മുഴങ്ങി.

''ഇയാൾ ഒരു പത്രപ്രവർത്തകൻ മാത്രമല്ല... അഗ്നിയിൽ ശുദ്ധിചെയ്യപ്പെടേണ്ട മനുഷ്യനാണ്. സമയമെത്തുമ്പോൾ അവനെ സഹായിക്കേണ്ടത് നിങ്ങളുടെ നിയോഗമാണ്.'' അന്ന് ആ വാക്കുകളുടെ അർഥം അദ്ദേഹത്തിന് മനസ്സിലായിരുന്നില്ല. പക്ഷേ ഇന്ന് എല്ലാം വ്യക്തമായിരുന്നു..!

ലോകം ഒരു പുലിറ്റ്സർ ജേതാവിനെയാണ് കണ്ടത്. താൻ കണ്ടത് അതിലും വലിയൊരു മനുഷ്യനെയായിരുന്നു. ഒരു പുരസ്കാരത്തേക്കാൾ വലിയ ഒരു ത്യാഗം ചുമക്കുന്ന മനുഷ്യനെ...! യുദ്ധമില്ലാത്ത ലോകം ഒരു സ്വപ്നമല്ല. അതിന് തുടക്കം കുറിക്കാൻ ധൈര്യപ്പെടുന്ന ആദ്യ മനുഷ്യനെയാണ് ലോകം കാത്തിരിക്കുന്നത്. ഒരു പക്ഷേ അത് ഇയാളാകാം..!

*** **** *** ***

ആ രാത്രി, എല്ലാവരും ഉറക്കത്തിലേക്ക് വഴുതിവീണിട്ടും റോബിൻസിന് ഉറങ്ങാനായില്ല. മേശപ്പുറത്ത് കിടന്നിരുന്ന പഴയ സാറ്റലൈറ്റ് ഫോൺ അവൻ കൈയിലെടുത്തു. നാളുകൾക്കശേഷം വീണ്ടും അത് പ്രവർത്തിപ്പിക്കുമ്പോൾ, അവന്റെ വിരലുകൾക്കുപോലും ഒരു ചെറിയ വിറയൽ അനുഭവപ്പെട്ടു.

റോബിൻസ് നമ്പർ ഡയൽ ചെയ്തു.

ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ അർധരാത്രി കഴിഞ്ഞിരുന്നു.

മൂന്നാമത്തെ റിങ്ങിൽ ഫോൺ എടുക്കപ്പെട്ടു.

''പ്രൊഫസർ സൈമൺ ഗിച്ചാരു സ്പീക്കിങ്.''

റോബിൻസ് ഒരു നിമിഷം കണ്ണുകളടച്ചു.

''സൈമൺ സാർ...''

മറുതലയ്ക്കൽ നിശ്ശബ്ദത. സെക്കൻഡുകൾ മാത്രം നീണ്ട ആ നിശ്ശബ്ദത ഒരു യുഗം പോലെ തോന്നി. പിന്നീട് വിറയാർന്ന ശബ്ദം.

''റോബിൻസ്...? ദൈവമേ... ശരിക്കും നീ തന്നെയാണോ?''

''അതെ... ഞാൻ ജീവനോടെയുണ്ട്.'' ഗിച്ചാരു ദീർഘനിശ്വാസമെടുത്തു.

''നിന്നെക്കുറിച്ച് എത്രയോ പ്രാവശ്യം അന്വേഷിച്ചു. ഒടുവിൽ... നീ ആ ക്യാപ്ടന്റെ ഗ്രൂപ്പിൽ അകപ്പെട്ടുകാണമെന്നാ ഞാൻ കരുതിയത്.''

റോബിൻസ് മൃദുവായി പറഞ്ഞു:

''ക്യാപ്ടൻ എന്നെ വിഴുങ്ങിയില്ല'',

വീണ്ടും ഒരു നിമിഷം നിശ്ശബ്ദത. ശേഷം റോബിൻസ് ശബ്ദം താഴ്ത്തി.

''നമുക്ക് വീണ്ടും അലൂമയുടെ ആ ദ്വീപിലേക്ക് പോകണം.'' ഗിച്ചാരു ഒട്ടും ആലോചിച്ചില്ല.

''എപ്പോൾ?''

''എത്രയും വേഗം.''

''എങ്കിൽ കേൾക്ക്...''

അദ്ദേഹത്തിന്റെ ശബ്ദത്തിൽ പഴയ ആവേശം തിരികെയെത്തിയിരുന്നു.

''ഞാൻ തയ്യാറാണ്.''

അൽപ്പം നിർത്തി അദ്ദേഹം കൂട്ടിച്ചേർത്തു.

''ഞാൻ മാത്രമല്ല...നമ്മുടെ കിബേറ്റും ഉണ്ടാകും.''

ആ പേര് കേട്ടപ്പോൾ റോബിൻസിന്റെ മുഖത്ത് അപൂർവമായൊരു പുഞ്ചിരി വിടർന്നു.

തെരവോരത്ത് വിശപ്പുമായി പോരാടിയിരുന്ന ആ ചെറുക്കനെ ആദ്യമായി കണ്ട ദിവസം അയാളുടെ മനസ്സിലൂടെ മിന്നിമറഞ്ഞു. ഒരു നേരത്തെ ഭക്ഷണത്തിനും പഠിക്കാനുള്ള അവസരത്തിനുമായി കാത്തിരുന്ന കിബേറ്റിന്റെ ജീവിതത്തിന് പുതിയ ദിശ തുറന്നുകൊടുത്തത് റോബിൻസായിരുന്നു.

ഇപ്പോൾ അവൻ ഗിച്ചാരുവിന്റെ വലംകൈയായി മാറിയിരുന്നു.

ഫോൺവിളി ശബ്ദം കേട്ട് ബീന ഉറക്കത്തിൽ നിന്നു ഉണർന്നു. അയാളുടെ മുഖത്തേക്ക് നോക്കി സ്വരം താഴ്ത്തി ചോദിച്ചു:

''അവർ വരുമല്ലേ?''


റോബിൻസ് ജനലിലൂടെ രാത്രിയിലേക്ക് നോക്കി.

''അതെ...''

മുഖത്ത് ഒരു പുഞ്ചിരി വിരിഞ്ഞു.

''ഇനി നമ്മുടെ യാത്ര തുടങ്ങുകയാണ്.''

പിറ്റേന്ന് അതിരാവിലെ തന്നെ ''പുനർജനി'' ഉണർന്നിരുന്നു.




നേര്യമംഗലത്തിന്റെ മലഞ്ചെരുവുകളെ നേർത്ത മഞ്ഞ് പൊതിഞ്ഞിരുന്നു. രാത്രിമഴയുടെ ഈർപ്പം ഇപ്പോഴും ഇലകളിൽ തങ്ങിനിന്നു. കാപ്പിച്ചെടികളിൽ നിന്ന് മണ്ണിലേക്ക് ഇറ്റുവീഴുന്ന മഴത്തുള്ളികളുടെ ശബ്ദം ഒരു പ്രാർത്ഥനയുടെ സംഗീതം പോലെ തോന്നി.

നെടുമ്പാശേരിയിലേക്കുള്ള കാർ മുറ്റത്ത് തയ്യാറായി നിൽക്കുകയായിരുന്നു. ഡ്രൈവർ പഴയ പള്ളിക്കരക്കാരൻ തന്നെ.

ഡോ. ബീനയുടെ അമ്മ മോളി യാത്രയ്ക്കായി കുറച്ച് ഭക്ഷണസാധനങ്ങൾ ബാഗിൽ ഒതുക്കിവച്ചു. പിതാവ് ടോമിച്ചൻ വീടിന്റെ വരാന്തയിൽ നിന്ന് ആകാശത്തേക്ക് നോക്കി നിന്നു. ബിനോയിയും ഭാര്യയും കുട്ടികളും നിശ്ശബ്ദരായിരുന്നു. ആരും അധികം സംസാരിച്ചില്ല.

കാരണം ഇത് ഒരു വിദേശയാത്ര മാത്രമല്ലെന്ന് എല്ലാവർക്കും അറിയാമായിരുന്നു.

റോബിൻസ് പോകുന്നത് വെറുമൊരു ദ്വീപിലേക്കല്ല..!

ഒരു സ്വപ്നത്തിലേക്കാണ്.

കടലിനാൽ ലോകത്തിൽ നിന്ന് വേർപെട്ട ആ ദ്വീപിൽ, മനുഷ്യൻ പ്രകൃതിയോട് യുദ്ധം ചെയ്യാതെ, പ്രകൃതിയോടൊപ്പം ജീവിക്കാമെന്ന് തെളിയിച്ച ഒരു ചെറിയ സമൂഹം വളർന്നുവരികയായിരുന്നു. അധികാരമത്സരങ്ങളോ സമ്പത്തിന്റെ അഹങ്കാരമോ വർഗവൈരമോ ഇല്ലാത്ത ഒരു ജീവിതം..! മനുഷ്യന്റെ വില അയാളുടെ സമ്പത്തിലല്ല, ഹൃദയത്തിലാണെന്ന് വിശ്വസിക്കുന്ന ഒരു കൂട്ടം മനുഷ്യർ. ആ വിത്ത് പാകിയത് അലൂമയായിരുന്നു.

ഒരു വിദേശിയായിട്ടും അവൾ അവിടുത്തെ ജനങ്ങളുടെ ജീവിതത്തിൽ ലയിച്ചുപോയിരുന്നല്ലൊ..! പ്രാകൃതരായ ആദിവാസികളെ തിന്മയിൽ നിന്നും നന്മയിലേക്ക് നയിച്ച സ്ത്രീ.

അവൾ തുടങ്ങിയ ചെറിയ പ്രവർത്തനങ്ങൾ, പിന്നീട് ഒരു സമൂഹത്തിന്റെ പ്രത്യാശയായി വളർന്നു.

ആ ദ്വീപിൽ അബോധാവസ്ഥയിൽ എത്തിച്ചേർന്ന റോബിൻസ് ആദ്യം കണ്ടത് മനുഷ്യരുടെ നന്മയായിരുന്നു. പിന്നെ...സ്വന്തം ഉള്ളിലെ മനുഷ്യനെയും.

ആ ദിവസത്തിനുശേഷം അവന്റെ മനസ്സിൽ ഒരേയൊരു സ്വപ്നമേ ഉണ്ടായിരുന്നുള്ളൂ. യുദ്ധങ്ങളും പരസ്പര മത്സരങ്ങളും ഇല്ലാത്ത ഒരു ലോകം സാധ്യമാണോ...? അങ്ങനെയൊരു ലോകത്തിന്റെ ചെറിയ മാതൃക ആ ദ്വീപിൽ സൃഷ്ടിക്കാനാകുമോ...?

ടോമിച്ചൻ പതുക്കെ റോബിൻസിന്റെ അടുത്തേക്ക് വന്നു.

''മോനെ...''

റോബിൻസ് ആദരവോടെ അദ്ദേഹത്തിന്റെ മുന്നിൽ നിന്നു.

''നീ പോകുന്നത് നിന്റെ ജീവിതം തേടിയല്ല. കുറെ മനുഷ്യരുടെ ജീവിതം പണിയാനാണെന്ന് എനിക്ക് മനസ്സിലാകുന്നുണ്ട്.''

ഒരു നിമിഷം നിർത്തി അദ്ദേഹം തുടർന്നു.

''അതിനേക്കാൾ വലിയ സേവനം വേറെയില്ല.''

റോബിൻസ് കുനിഞ്ഞ് അദ്ദേഹത്തിന്റെ കൈകളിൽ സ്പർശിച്ചു.

''ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം.''

''നിങ്ങൾക്കുവേണ്ടി മാത്രമല്ല മോനെ...'' ടോമിച്ചന്റെ ശബ്ദം പതറി.

''...നീ സ്വപ്നം കാണുന്ന ആ ലോകത്തിനുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കും.''

മോളി ബീനയെ ചേർത്തുപിടിച്ചു.

''മോളേ... ഈ യാത്ര നിങ്ങളെ എവിടെയെത്തിച്ചാലും, മനുഷ്യത്വം കൈവിടരുത്.'' ബീന പുഞ്ചിരിച്ചുകൊണ്ട് തല കുലുക്കി.

''അതാണല്ലോ ഞങ്ങൾ പോകുന്ന കാരണവും, അമ്മേ.''

ബിനോയി മുന്നോട്ട് വന്ന് റോബിൻസിന്റെ കൈ മുറുകെ പിടിച്ചു.

''... തിരികെ വരാൻ മറക്കരുത്.''

റോബിൻസ് ചെറുതായി ചിരിച്ചു.

''തിരികെ വരും.''

പിന്നെ ആ സ്ക്കൂളിന്റെ നാമഫലകത്തിലേക്ക് നോക്കി.

''പുനർജനി''

ആ പേര് വായിച്ചപ്പോൾ അവന്റെ മനസ്സിൽ ഒരു ചിന്ത മിന്നി.

''ചില സ്ഥലങ്ങൾ മനുഷ്യരെ വീണ്ടും ജനിപ്പിക്കുകയാണ്.''

ഡ്രൈവർ കാർ സ്റ്റാർട്ട് ചെയ്തു. യാത്ര തുടങ്ങുന്നതിന് മുമ്പ് എല്ലാവരും ഒരുമിച്ച് നിന്നു.

ടോമിച്ചൻ ഒരു ചെറിയ പ്രാർത്ഥന ചൊല്ലി.

''കർത്താവേ, ഇവർ പോകുന്ന വഴിയിൽ ഭയമുണ്ടാകാം. അനിശ്ചിതത്വമുണ്ടാകാം. പക്ഷേ ഇവരുടെ ഹൃദയത്തിലെ സ്നേഹം ഒരിക്കലും വറ്റാതിരിക്കട്ടെ. ഇവർ എവിടെ ചെന്നാലും അവിടെ സമാധാനത്തിന്റെ വിത്തുകൾ വിതയ്ക്കാൻ ശക്തി നൽകണമേ.''

ആ പ്രാർത്ഥനയ്ക്ക് ശേഷം ആരും ഒന്നും പറഞ്ഞില്ല. റോബിൻസും ബീനയും കാറിൽ കയറി. കാർ പതിയെ നീങ്ങി. വീട്ടുമുറ്റത്ത് നിന്ന എല്ലാവരും കൈവീശുന്നുണ്ടായിരുന്നു. ആ കൈകളിൽ യാത്രയയപ്പിനേക്കാൾ കൂടുതൽ ഉണ്ടായിരുന്നത് പ്രതീക്ഷ..! പ്രാർത്ഥന..!

ഒരുനാൾ, മനുഷ്യൻ മനുഷ്യനെ ഭയക്കാതെ ജീവിക്കുന്ന ഒരു ലോകം പിറക്കുമെന്ന വിശ്വാസം.


ആ വിശ്വാസം നെഞ്ചിലേറ്റി, റോബിൻസും ബീനയും ആഫ്രിക്കയിലേക്കുള്ള യാത്ര ആരംഭിച്ചു. മനുഷ്യരാശിയുടെ ഭാവി സ്വപ്നത്തിലേക്കുള്ള യാത്ര കൂടിയായിരുന്നു അത്.

(തുടരും)

# ആധുനിക ഇന്ത്യയുടെ വഴികാട്ടിയെ ഒടുവിൽ കുറ്റവിമക്തനാക്കിയത്രെ..!

ഡൽഹി ഡെർബാർ

രാജ്യാന്തരതലത്തിൽ ശ്രദ്ധേയനായിരുന്ന സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്നു മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്. ഇന്ത്യയെ ആധുനിക യുഗത്തിലേക്കു നയിച്ചവരിൽ പ്രധാനിയുമാണ്. അദ്ദേഹത്തെ ബി.ജെ.പി സർക്കാർ എങ്ങിനെയൊക്കെ താറടിക്കാമോ ആ വഴികള എല്ലാം ഉപയോഗപ്പെടുത്തിയിരുന്നു. അതിന്റെ അവസാനത്തെ ഉദാഹരണമാണ് അദ്ദേഹത്തിനെതിരെ പ്രയോഗിച്ച കൽക്കരി കുംഭകൊണക്കേസ്. ഇപ്പോഴിതാ സിങ്ങിന് സുപ്രീംകോടതി ക്ലീൻ ചിറ്റ് നൽകിയിരിക്കുന്നു.



ആ കേസിൽ മൻമോഹൻ സിങ്ങിന് സമൻസ് അയച്ച വിചാരണക്കോടതിയുടെ മുൻ ഉത്തരവ് റദ്ദാക്കിയ സുപ്രീം കോടതി, അദ്ദേഹത്തിനെതിരെയുള്ള ക്രിമിനൽ നടപടികളെല്ലാം ഇപ്പോൾ അവസാനിപ്പിച്ചിരിക്കുകയാണ്.

സി.ബി.ഐ സമർപ്പിച്ച ക്ലോഷർ റിപ്പോർട്ടുകൾ അംഗീകരിച്ചുകൊണ്ടാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ മൂന്നംഗ ബെഞ്ചിന്റെ നിർണായകമായ ഈ വിധി. മൻമോഹൻ സിങ്ങിനെതിരെ തെളിവുകളില്ലെന്ന് ചൂണ്ടിക്കാട്ടി 2014 ഓഗസ്റ്റിലും ഒക്ടോബറിലും സി.ബി.ഐ വിചാരണക്കോടതിയിൽ ക്ലോഷർ റിപ്പോർട്ടുകൾ സമർപ്പിച്ചിരുന്നു. എന്നാൽ, സ്പെഷ്യൽ ജഡ്ജി ഈ റിപ്പോർട്ടുകൾ അപ്പാടെ തള്ളുകയും കേസ് രജിസ്റ്റർ ചെയ്ത് 2015 മാർച്ചിൽ വിചാരണ നേരിടാൻ മൻമോഹൻ സിങ്ങിന് സമൻസ് അയക്കുകയുമായിരുന്നു.

സി.ബി.ഐ കോടതിയുടെ 2015 മാർച്ചിലെ ഉത്തരവ് റദ്ദാക്കിയ സുപ്രീം കോടതി, കേസ് നടപടികൾ ഔദ്യോഗികമായി അവസാനിപ്പിച്ചു. 2024 ഡിസംബർ 26ന് മൻമോഹൻ സിങ് അന്തരിച്ചതോടെ അപ്പീൽ സാങ്കേതികമായി അവസാനിപ്പിക്കുക എന്നതാണ് സാമാന്യ മര്യാദ. എന്നാൽ ആ മര്യാദ കാണിക്കാൻ പോലും തയ്യാറായില്ല. വിചാരണക്കോടതി അദ്ദേഹത്തിനെതിരെ നടത്തിയ പരാമർശങ്ങൾ നീക്കം ചെയ്യണമെന്ന മുതിർന്ന അഭിഭാഷകരായ കപിൽ സിബൽ, എ.എം. സിംഗ്വി എന്നിവരുടെ വാദം അംഗീകരിച്ചാണ് സുപ്രീംകോടതി ഇപ്പോൾ ഈ ഉത്തരവ് പുറപ്പെടുവിച്ചത്.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഉദാരവൽക്കരണത്തിന്റെ ഉപജ്ഞാതാവ്. രാജ്യാന്തര നാണ്യനിധിയുടെ ഇന്ത്യയിലെ ഡയറക്ടർ, ആസൂത്രണ കമ്മിഷൻ ഉപാധ്യക്ഷൻ, ധനമന്ത്രി രാജ്യസഭയിൽ പ്രതിപക്ഷ നേതാവ് തുടങ്ങിയ സ്ഥാനങ്ങൾ മഹനീയമായി കൈകാര്യം ചെയ്ത ലോകമെങ്ങും ബഹുമാനത്തോടെ നോക്കുന്ന ഒരു മഹത് വ്യക്തിയെ തേജോവധം ചെയ്യാൻ ഈരാജ്യത്തെ അല്പന്മാർക്ക് കഴിയുകയില്ലെന്ന് ഇനിയെങ്കിലും ഇവർ മനസിലാക്കിയാൽ നന്ന്.

ഇന്ന് അതിവേഗം ഡിജിറ്റൽ രംഗത്ത് കുതിക്കുന്നു നമ്മുടെ രാജ്യം. അതിന് വഴിമരുന്നിട്ട തന്ത്രജ്ഞൻ മൻമോഹൻ സിങ്ങുതന്നെ ആയിരുന്നു. കോൺഗ്രസിന്റെ ഏറ്റവും സൗമ്യമുഖമായിരുന്ന മൻമോഹൻ സിംഗ്. 1991ലെ നരസിംഹ റാവു സർക്കാരിൽ ധനകാര്യ മന്ത്രിയായാണ് മൻമോഹൻസിങ്ങിന്റെ രാഷ്ട്രീയ അരങ്ങേറ്റം. ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹം രാഷ്ട്രം എങ്ങനെ മുന്നോട്ടുപോകണം എന്ന കൃത്യമായ ധാരണയുള്ള വ്യക്തിയായിരുന്നു അദ്ദേഹം.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ(ആർബിഐ)യുടെ ഗവർണറായും പ്ലാനിങ് കമ്മിഷൻ ഡെപ്യൂട്ടി ചെയർമാനായും ജനീവ ആസ്ഥാനമായുള്ള സ്വതന്ത്ര സാമ്പത്തികനയ വിദഗ്ധരുടെ കൂട്ടായ്മയായ സൗത്ത് കമ്മിഷന്റെ സെക്രട്ടറി ജനറലായും മികവ് തെളിയിച്ചതിന് പിന്നാലെയായിരുന്നു അദ്ദേഹം റാവു മന്ത്രിസഭയിൽ അംഗമായത്.

മന്ത്രിസഭയിലേക്കുള്ള നരസിംഹറാവുവിന്റെ ക്ഷണത്തെ പിന്നീട് രസകരമായ രീതിയിൽ മൻമോഹൻ തന്നെ വിവരിച്ചിട്ടുമുണ്ട്. 'റാവു മന്ത്രിസഭ രൂപീകരണ ചർച്ചകളിലേക്ക് കടന്ന ദിവസം പ്രിൻസിപ്പൽ സെക്രട്ടറിയെ എന്റെ അടുക്കലേക്ക് അയച്ചു. പ്രധാനമന്ത്രിക്ക് എന്നെ ധനമന്ത്രിയാക്കാൻ താല്പര്യമുണ്ടെന്നായിരുന്നു ലഭിച്ച സന്ദേശം. ഞാൻ അത് കാര്യമാക്കിയില്ല. എന്നാൽ പിറ്റേന്ന് രാവിലെ റാവുവിന്റെ നേരിട്ടുള്ള ഇടപെടലുണ്ടായി. സത്യപ്രതിജ്ഞയ്ക്ക് തയാറായി രാഷ്ട്രപതി ഭവനിലേക്ക് എത്താനായിരുന്നു നിർദേശം. ഇതായിരുന്നു എന്റെ രാഷ്ട്രീയ ജീവിതത്തിന്റെ തുടക്കം,' ബ്രിട്ടീഷ് മാധ്യമ പ്രവർത്തകനായ മാർക്ക് ടുള്ളിയോട് മൻമോഹൻ സിങ് പറഞ്ഞു.

ലോക്സഭ തിരഞ്ഞെടുപ്പ് ചരിത്രത്തിൽ ഒരു തവണ മാത്രമാണ് മൻമോഹൻ സിങ് മത്സരിച്ചിട്ടുള്ളത്. 1999ൽ സൗത്ത് ഡൽഹി മണ്ഡലത്തിൽനിന്ന് മത്സരിച്ചെങ്കിലും പരാജയപ്പെടുകയായിരുന്നു. അന്ന് ബി.ജെപി.യുടെ പ്രൊഫ. വിജയ് കുമാർ മൽഹോത്രയോടായിരുന്നു മൻമോഹൻ സിങ്ങിന്റെ തോൽവി. 1991ൽ ധനമന്ത്രിയായി നാല് മാസത്തിനുശേഷമാണ് കോൺഗ്രസ് മൻമോഹൻ സിങ്ങിനെ രാജ്യസഭയിലേക്ക് നോമിനേറ്റ് ചെയ്തത്. അഞ്ച് തവണയാണ് അസമിനെ പ്രതിനിധീകരിച്ച് മൻമോഹൻ സിങ് രാജ്യസഭയിലെത്തിയത്. 2019ൽ രാജസ്ഥാനിൽനിന്നാണ് മൻമോഹൻ പാർലമെന്റിലെത്തിയത്.

ആരോഗ്യസ്ഥിതി മോശമായ അവസാന കാലങ്ങളിൽ വീൽചെയറിലായിരുന്നു അദ്ദേഹം പാർലമെന്റിലെത്തിയത്. അന്ന് മാധ്യമങ്ങളിൽ നിറഞ്ഞിരുന്നു അദ്ദേഹത്തിന്റെ ആ ചിത്രം. 91ൽ ധനകാര്യ മന്ത്രിയായിരിക്കെയാണ് ഇന്ത്യയിലെ സാമ്പത്തിക ഉദാരവത്കരണത്തിന്റെ ശില്പിയെന്ന തലക്കെട്ട് മൻമോഹൻ സിങ്ങിന് ലഭിച്ചത്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ച മന്ദഗതിയിലാക്കുകയും അഴിമതിക്ക് വഴിയൊരുക്കുകയും ചെയ്ത ലൈസൻസ് രാജ് റദ്ദാക്കിയതായിരുന്നു സുപ്രധാന നടപടികളിലൊന്ന്. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉദാരമാക്കി. പിന്നീട് പ്രധാനമന്ത്രി സ്ഥാനത്ത് എത്തിയപ്പോഴും വളർച്ചയെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള നടപടികളായിരുന്നു മൻമോഹൻ സിങ്ങിന്റെ ഭാഗത്തുനിന്നുണ്ടായത്. ലോകത്തിൽ ഏറ്റവും വേഗത്തിൽ വളർച്ച കൈവരിക്കുന്ന രണ്ടാമത്തെ സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ മാറ്റിയത് ഡോ. മൻമോഹൻ സിങ്ങായിരുന്നു. ഇനിയെങ്കിലും അദ്ദേഹത്തോട് ചെയ്ത അനീതി തിരിച്ചറിഞ്ഞ് അതിന് ഉത്തരവാദികളായവർ മാപ്പുപറയാൻ തയ്യാറാവുകയാണ് വേണ്ടത്.

*എമ എൽസ എൽവിൻ*



# ‘പിണറായി ഫ്രൈ’ പാർട്ടിക്ക് ‘ബൂസ്റ്റാ’യി മാറുമോ?






ആന്റണി ചടയംമുറി

ഇടയ്ക്കിടയ്ക്ക് ഓടിയെത്തി ചറുപറാന്ന് കല്ലെറിയുന്ന കുസൃതിപ്പയ്യനെ പോലെ ഒരു മഴക്കാലം. വെയിൽ തെളിഞ്ഞു നിൽക്കുമ്പോഴും ചിലപ്പോൾ മഴയിൽ നനയുന്നുണ്ട് മലയാളി. യൂറോപ്പിൽ കാട്ടുതീയുടെ ചുവന്ന മേഘങ്ങളാണെങ്കിൽ, ഇവിടെ കേരളത്തിനു മുകളിൽ കുമ്പാര മേഘങ്ങളുടെ കുമ്മിയടിയാണ്.

കേരളത്തിലെ രാഷ്ട്രീയത്തിലും കാലാവസ്ഥയിലെഅപൂർവപ്രതിഭാസംദൃശ്യമാണ്. പിണറായിക്കു മുകളിൽ കേന്ദ്ര കമ്മിറ്റി തൊടുത്തുവിട്ട ആരോപണങ്ങളുടെ തീമഴ. പാർട്ടിയിൽ പണ്ട് ഒപ്പം നിന്നവർ പലരും പിണറായിയെ ഇപ്പോൾ പഞ്ഞിക്കിടുന്നു. എം.വി.ഗോവിന്ദനാകട്ടെ, ഇതെല്ലാം ഞങ്ങൾ കൂടിയിരുന്ന്എഴുതിയൊപ്പിച്ചഅഭിപ്രായങ്ങളല്ലേയെന്ന പുളുവടിച്ച് വളുവളാന്ന് വാർത്താസമ്മേളനത്തിൽ ഉളുപ്പില്ലാതെ ചിരിക്കുന്നു.

ഓണത്തിനുശേഷം മുണ്ട് മുറുക്കിയുടുക്കണമെന്ന പഴയ ‘ബനാന ചൊല്ല്’ ധനവകുപ്പ് മാറ്റിപ്പറഞ്ഞു കഴിഞ്ഞു. അനാവശ്യമായ ചെലവുകൾ ഒഴിവാക്കണമെന്ന് ധനവകുപ്പിന്റെ വക മുന്നറിയിപ്പുമുണ്ട്. ഇങ്ങനെയെല്ലാമാണെങ്കിലും പുതിയ സർക്കാർ ക്ഷേമപെൻഷനെല്ലാം കൃത്യമായി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഓഗസ്റ്റ് 26നാണ് തിരുവോണം. സർക്കാർ ജീവനക്കാർക്ക് ശമ്പളവും ബോണസും നൽകണം. ഇതിനകം 10,000 കോടി രൂപ കേന്ദ്രത്തിൽ നിന്ന് കടമെടുത്തിട്ടുണ്ട്. പതിനാറാം ധനകാര്യ കമ്മീഷൻ കേരളത്തിനായി മറ്റൊരു കെണിയൊരുക്കിയിട്ടുണ്ട്. സെൻസസിനെആധാരമാക്കികേരളത്തിലെഗ്രാമങ്ങളെ പട്ടണങ്ങളായി പുനർനിർവചിച്ചിരിക്കുകയാണ് കേന്ദ്രം. ഇതുമൂലം നിലവിൽ കേരളത്തിലെ പല പഞ്ചായത്തുകൾക്കും ‘റൂറൽ’ എന്ന ലേബലിൽ പ്ലാൻ വിഹിതം ലഭിക്കില്ലെന്നതാണ് പുതിയ പ്രതിസന്ധി.

### എല്ലാവരും കൊതിക്കുന്നുണ്ട് പിണറായി ‘ഫ്രൈ’

സി.പി.എമ്മിൽചിലരെങ്കിലും‘പിണറായി ഫ്രൈ’ കൊതിക്കുന്നുണ്ട്. പാർട്ടിയിൽ പുതിയ ‘കർമ്മപദ്ധതി’ നടപ്പാക്കണമെങ്കിൽ പിണറായിക്ക് മണികെട്ടിയേ പറ്റൂ എന്ന് ചില നേതാക്കൾ ഒളിഞ്ഞും തെളിഞ്ഞും പറയുന്നു. ബന്ധം കൊണ്ട് ചിറ്റപ്പനായ ഇ.പി.സഖാവ് പോലും ചൊവ്വാഴ്ച പിണറായിയെ പാർട്ടി ഫോറങ്ങളിൽ വിമർശിച്ചതായി മാധ്യമങ്ങളോട് ഏറ്റുപറയുകയുണ്ടായി.

കിഫ്ബിയുടെ തലതൊട്ടപ്പൻ ഡോ. തോമസ് ഐസക്കാകട്ടെ പയ്യന്നൂരിലെ പാർട്ടിഫണ്ട് വിവാദത്തിൽ ചില നേതാക്കളുടെ ഇരട്ടത്താപ്പ് പൊളിച്ചടുക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലാ സെക്രട്ടറി കെ.കെ. രാകേഷ് പാർട്ടിക്കാരുടെ കുടുംബസംഗമത്തിൽ ‘ഫണ്ട് കണക്ക്’ വിശദമാക്കാമെന്ന് പറഞ്ഞിരുന്നതും, സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ ‘രക്തസാക്ഷി ഫണ്ടി’ ന്റെ കണക്ക് പറയേണ്ട സമയത്ത് പറയുമെന്ന് മാധ്യമങ്ങൾക്കു മുമ്പിൽ വീമ്പടിച്ചതും ഐസക്ക് സഖാവ് പരോക്ഷമായി ഓർമ്മിപ്പിക്കുകയുണ്ടായി. ഒടുവിൽ സഖാവിന്റെ ചോദ്യം ‘‘എന്തിന് രക്തസാക്ഷി ഫണ്ടിന്റെ കാര്യം പുറത്തു പറയാതിരിക്കണം’’ എന്നായിരുന്നു.

കേന്ദ്രകമ്മിറ്റിയുടെ തെരഞ്ഞെടുപ്പ് അവലോകനറിപ്പോർട്ട് പാർട്ടിയുടെ വെബ്സൈറ്റിൽ വന്നു കഴിഞ്ഞു. ഭരണ വിരുദ്ധ വികാരമുണ്ടായിരുന്നു. ഭൂരിപക്ഷ പ്രീണനം നടത്തി, പിണറായിയിൽ മാത്രം പ്രചരണം കേന്ദ്രീകരിച്ചത് വിനയായി, ജനക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ചയും കാലതാമസവുമുണ്ടായി, പാർട്ടിയുടെ മതേതര സ്വഭാവം കളഞ്ഞുകുളിച്ചു. പി.എം.ശ്രീയിൽ തെറ്റായ നിലപാടെടുത്തു, സംസ്ഥാന പാർട്ടി നേതൃത്വത്തിന് സർക്കാരിനെ നിയന്ത്രിക്കാനായില്ല തുടങ്ങിയ ആരോപണ മിസൈലുകളെല്ലാം ചെന്നു തറയ്ക്കുന്നത് പിണറായി-ഗോവിന്ദൻ കൂട്ടുകെട്ടിനു നേരെയാണ്. ചൊവ്വാഴ്ചത്തെ (ജൂലൈ 28) വാർത്താ സമ്മേളനത്തിൽ എം.വി.ഗോവിന്ദന്റെ വോൾട്ടേജില്ലാത്ത ചിരി കേന്ദ്ര കമ്മിറ്റി റിപ്പോർട്ടിന്റെ മൂർച്ച കുറയ്ക്കാൻ പ്രയോജനപ്പെട്ടതുമില്ല.

### മുഖ്യമന്ത്രി സതീശന് ഒരു നെടുങ്കൻ സല്യൂട്ട്

ബുധനാഴ്ചത്തെ (ജൂലൈ 29) മന്ത്രിസഭാ തീരുമാനങ്ങൾ സംസ്ഥാന സർക്കാർ പ്രയോജനപ്പെടുത്താൻ പോകുന്ന ഡിജിറ്റൽ സാങ്കേതികവിദ്യകളെപ്പറ്റിയുള്ള സൂചനയായി മാറി. സർക്കാരിന്റെ എല്ലാ ആസ്തികളും കൃത്യമായി രേഖപ്പെടുത്താൻ ഒരു ഡിജിറ്റൽ ‘ഇൻഫ്രാസ്ട്രക്ച്ചർ’ സർക്കാർ, രൂപപ്പെടുത്തുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം നാം കൈവരിക്കാൻ പോകുന്ന വലിയ നേട്ടം തന്നെയാണ്.

മാത്രമല്ല, സർക്കാർ പദ്ധതികളുടെ പ്രൊജക്ട് രജിസ്റ്റർ, കാലഹരണപ്പെട്ട നിയമങ്ങളുടെ ഭേദഗതി, ഒരേ സ്വഭാവമുള്ള സ്ഥാപനങ്ങളെ സംയോജിപ്പിക്കൽ, പദ്ധതികൾ പൂർത്തിയായിട്ടും വെറുതെ ശമ്പളം നൽകേണ്ടിവരുന്ന അവസ്ഥ (ഉദാഹരണം: പെരിയാർവാലി കനാൽ പ്രൊജക്ട്) വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടുന്ന പദ്ധതി നിരീക്ഷണ എംപവേർഡ് കമ്മിറ്റി എന്നിവയെല്ലാം മലയാളികൾക്ക് പുതുപ്രതിക്ഷ നൽകുന്നുണ്ട്. 591 സ്ഥാപനങ്ങളിലെ സർക്കാർ ജീവനക്കാർക്കായി പ്രതിമാസം 19,000 കോടി രൂപ ശമ്പളമായി നൽകുമ്പോൾ ഇത്തരമൊരു നിരീക്ഷണം അനിവാര്യമാണ്.

മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനം ഒരു തരത്തിൽ ചില മാധ്യമ പ്രവർത്തകർക്കുള്ള സ്റ്റഡി ക്ലാസായി മാറി. ടി.ജി. മോഹൻദാസിന്റെ സ്ത്രീവിരുദ്ധ പരാമർശം പോലും, മുഖ്യമന്ത്രി ന്യായീകരിച്ചത്. ആ വന്ദ്യവയോധിക നേതാവിനെ തള്ളിപ്പറഞ്ഞ സംസ്ഥാന ബി.ജെ.പി.ക്ക് തിരിച്ചടിയായി. കുണ്ടറയിലെപൊലീസ്അതിക്രമവുംഒരുവ്യാജവാർത്തയാണെന്ന് മുഖ്യമന്ത്രി തെളിവുകൾ നൽകി ചൂണ്ടിക്കാണിച്ചു. എം.ആർ. അജിത് കുമാറിനെതിരെ നടപടിയെടുക്കാൻ വൈകിയെന്ന മാധ്യമ പ്രചാരണത്തെയും മുഖ്യമന്ത്രി ഖണ്ഡിച്ചു.

ചൊവ്വാഴ്ചയാണ് ഏഷ്യാനെറ്റ് ന്യൂസിൽവിലക്കയറ്റത്തെക്കുറിച്ചുള്ളവാർത്ത വന്നത്. സർക്കാർ വിപണിയിൽ ഇടപെടുന്നില്ലെന്ന ചില പാർട്ടി പത്രങ്ങളുടെ ആരോപണം രണ്ട് മാസത്തിനുള്ളിൽ സപ്ലൈകോയ്ക്ക് 448 കോടി രൂപ അനുവദിച്ച ധനവകുപ്പിന്റെ ഉത്തരവ് ഉദ്ധരിച്ചുകൊണ്ടാണ് മുഖ്യമന്ത്രി നേരിട്ടത്. 16 ഇനങ്ങളടങ്ങിയ ഓണക്കിറ്റ് വിതരണത്തിനായി സർക്കാർ 854 കോടി രൂപ അനുവദിച്ച കാര്യവും മുഖ്യമന്ത്രി വാർത്താലേഖകരെ അനുസ്മരിപ്പിച്ചു.

ലേബർ കോഡിന്റെ പേരിലും തൊഴിലാളിപ്പാർട്ടിയുടെ പത്രത്തിന്റെ ലേഖകൻ ചോദ്യമുയർത്തിയത് വിചിത്രമായി. ലേബർ കോഡ് കേന്ദ്രം നടപ്പാക്കിയതിനോടൊപ്പം കേരളത്തിലെ മൂന്ന് ലേബർ കോടതികളെ വന്ധ്യംകരിച്ചത് ഇടതുസർക്കാരാണ്.

ഈ കോടതികളിലെ 300ഓളം കേസുകളെ സംബന്ധിച്ചും അന്നത്തെ ഇടതുസർക്കാർ മൗനം പാലിക്കുകയായിരുന്നു. നിലവിൽ സംസ്ഥാനത്ത് ഒരു ലേബർ നിയമവും പ്രാബല്യത്തിലില്ലെന്ന് മുഖ്യമന്ത്രി വിശദീകരിച്ചു. കേന്ദ്ര നിയമങ്ങളിലെ തൊഴിലാളി വിരുദ്ധ നിർദ്ദേശങ്ങളെക്കുറിച്ച് ട്രേഡ് യൂണിയനുകളുമായി മുഖ്യമന്ത്രി ചർച്ച നടത്തുന്നുമുണ്ട്. വഖഫ് ബോർഡിന്റെ പ്രശ്നത്തിലും ഇടതു സർക്കാരിന്റെ ഒളിച്ചുകളി മുഖ്യമന്ത്രി കോടതിവിധികളുടെ പശ്ചാത്തലത്തിൽ വിവരിച്ചതും പാർട്ടിയുടെ ആസ്ഥാന ലേഖകർക്ക് തലവേദനയായി.

### വില്ലൻ അജിത്തും ഹീറോ അജിത്തും

പൊലീസിൽ രണ്ട് സംഘടനകൾ മതിയെന്ന ഉമ്മൻചാണ്ടി സർക്കാരിന്റെ നിലപാടിന്റെ വക്താവായിരുന്നു അന്നത്തെ പൊലീസ് സംഘടനയുടെ തലപ്പത്തുണ്ടായിരുന്ന ജി.ആർ. അജിത്ത്. ഇടതു സർക്കാർ ഈ അജിത്തിനെതേരാപാരാ ട്രാൻസ്ഫർ നൽകിയും, സോളാർ കേസിൽ പെടുത്തിയും നിരന്തരം ദ്രോഹിച്ചത് ഇപ്പോൾ സസ് പെൻഷനിൽ കഴിയുന്ന എം.ആർ.അജിത് കുമാറിന്റെ നേതൃത്വത്തിലാണെന്ന ആരോപണമുണ്ട്.

ജി.ആർ.അജിത്ത് പ്രസിഡന്റായി ഒരു പൊലീസ് സഹകരണ സൊസൈറ്റി തലസ്ഥാനത്തുണ്ട്. അജിത്ത് അധികാരമേൽക്കുമ്പോൾ 40 കോടിയായിരുന്നു സൊസൈറ്റിയുടെ ആസ്തി. ഇപ്പോൾ അത് 400 കോടി രൂപയാണ്. ഈ സൊസൈറ്റി പാർട്ടിയുടെ വരുതിയിലാക്കാൻ ഇടതുഭരണം പല അടവുകളും പയറ്റിയെങ്കിലും നടന്നില്ല. സ്കൂൾ വർഷാരംഭത്തിൽ സൊസൈറ്റിയുടെ ‘സ്കൂൾ ചന്ത’ യിലെ വിലക്കുറവ് അന്നും ഇന്നും തലസ്ഥാനത്തുള്ള സാധാരണ ജന ങ്ങൾക്ക് ആശ്വാസമാണ്. എല്ലാ സാധനങ്ങളും വൻ വിലക്കുറവിൽ നൽകുന്ന സൂപ്പർ മാർക്കറ്റും, മരുന്നുകൾക്ക് ന്യായവില മാത്രം ഈടാക്കുന്ന മെഡിക്കൽ സ്റ്റോറുമെല്ലാം ലഭ്യമാകുന്നത് പൊതുജനത്തിന് വലിയ ആശ്വാസമാണ്.

പണ്ട് സി.പി.എം. നിയന്ത്രിച്ചിരുന്ന പൊലീസ് സംഘടനകൾ രണ്ടായി ചുരുങ്ങിയതോടെ യു.ഡി.എഫ്. ഭരണത്തിൽ പൊലീസ് കുറേക്കൂടി സ്വതന്ത്രമാകാൻ പോകുകയാണ്. എങ്കിലും ചുവപ്പും കാവിയുമെല്ലാമുള്ളവർ ഈ കാക്കിപ്പടയിലുണ്ടെന്ന കാര്യം മന്ത്രി രമേശ് ചെന്നിത്തല മറക്കരുത്. പൊലീസ് മേധാവികളെ പോലും ‘ചെവിക്ക് പിടിച്ചിരുന്ന’ യൂണിയൻ നേതാക്കളുടെ കാലം കഴിഞ്ഞല്ലോയെന്നാണ് ജനം ഇപ്പോൾ ആശ്വസിക്കുന്നത്.

### എല്ലാം കൂട്ടണം, കൂട്ടണം എന്നു നിലവിളിക്കുമ്പോൾ

പഞ്ചായത്തുകൾക്കുള്ള പ്ലാൻ ഫണ്ട്, പട്ടികജാതി/വർഗക്കാർക്കുള്ള ഫണ്ട് വിഹിതം, ആശമാരുടെ ശമ്പളം അങ്ങനെ ഉടനടി എല്ലാം വർദ്ധിപ്പിക്കണമെന്നു പുതിയ പ്രതിപക്ഷ നേതാവും ഇടതു തൊഴിലാളി യൂണിയനുകളും തൊള്ള തുറക്കുമ്പോൾ നാം ചിരിക്കണോ കരയണോ?

ആശമാർക്ക് 100 രൂപയെങ്കിലും കൂട്ടിയാൽ ഞങ്ങൾ സമരം നിർത്താമെന്ന് ഇടതു സർക്കാരിനെ അറിയിച്ചിട്ടും, അവരെ പരിഹസിച്ച യൂണിയൻ നേതാക്കൾ ഇപ്പോൾ പറയുന്നത് കേട്ടോ. ആശമാർക്ക് 26,000 രൂപ പ്രതിമാസ ശമ്പളം നൽകണമെന്നാണ് സി.ഐ.ടി.യു.വിന്റെ പുതിയ ഡിമാൻഡ്.

ഇനി പഞ്ചായത്തുകൾക്കുള്ള ഫണ്ട് വിഹിതത്തിന്റെ കാര്യം. ഇടതു സർക്കാരിന്റെ കാലത്ത് കൊടുക്കാതിരുന്ന തദ്ദേശ സ്ഥാപനങ്ങളുടെ ആദ്യ ഗഡു ഈ സർക്കാർ കൊടുക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കിക്കഴിഞ്ഞു. പ്ലാൻ ഫണ്ട് പാസാക്കി, പിറ്റേന്ന് ട്രഷറി പൂട്ടിയ വിദ്വാൻമാരാണ് ഇപ്പോൾ പഞ്ചായത്തുകൾക്കുള്ള ഫണ്ട് വിഹിതം വൈകുന്നതിനെക്കുറിച്ച് നിലവിളിക്കുന്നത്!

### അക്ഷരങ്ങൾക്കു പകരം രാസലഹരി

കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലുള്ള ബി.ആർ.സി.യിലെ മൂന്ന് അധ്യാപികമാരെ മയക്കുമരുന്നു കേസുകളിൽ അറസ്റ്റ് ചെയ്ത വാർത്ത നമ്മെ ഞെട്ടിക്കുന്നു. കേരളത്തിലെ ‘അണ്ടർ വേൾഡി’ ന് പാലും തേനും നൽകി വളർത്തിയ ആഭ്യന്തര വകുപ്പിനെപ്പറ്റി എന്തേ മാധ്യമങ്ങൾ ഇപ്പോൾ മിണ്ടുന്നില്ല? പിരിച്ചുവിട്ട അധ്യാപികമാരായ കാവ്യയും കീർത്തനയും വിവാഹമോചിതരാണെന്നത് കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിലെ അക്ഷരത്തെറ്റുകളായി തന്നെ കാണണം.


കേരളത്തിൽ ഇന്ന് (ബുധൻ) പ്രഭാതത്തിലെ ഏഷ്യാനെറ്റ് വാർത്തകളെല്ലാം തന്നെ ക്രൈം സ്വഭാവമുള്ളവയായിരുന്നു. കാക്കനാട്ട് ആയോധനകലയിൽ മിടുക്കനായ ഗുണ്ടയുടെ നേതൃത്വത്തിൽ നടന്ന ആക്രമണം, ബിവറേജസ് കോർപ്പറേഷന്റെ സ്റ്റോറിനു മുമ്പിലെ ക്യൂവിൽ നിന്നിരുന്നവർ ഒരു മധ്യവയസ്ക്കനെ ചവിട്ടിക്കൂട്ടിയ സംഭവം തുടങ്ങി എല്ലാ വാർത്തകളും പൊലീസിന്റെ ക്രമസമാധാനം ‘അക്രമസമാധാന’ മായി വളർന്നതിനുള്ള ഉദാഹരണമല്ലേ?

നിരപരാധികൾ ഇങ്ങനെ പരുക്കേറ്റ് മൃതപ്രായരായികിടക്കുമ്പോൾ,പരാതി കിട്ടാത്തതുകൊണ്ട് കേസെടുത്തില്ലെന്നു പറയുന്ന പഴയ ‘പിണറായി പൊലീസി’ ന്റെ പ്രേതരൂപങ്ങൾ ഇപ്പോഴും പൊലീസ് സ്റ്റേഷനുകൾ ഭരിക്കുന്നുണ്ടെന്നല്ലേ ജനം കരുതേണ്ടത്?









നാഴികമണി

# പിന്തിരിഞ്ഞോടുന്ന അധികാരികൾ; പോരാടുന്ന ഒരു ജനത

ജൂലൈ 25നു രാത്രി എട്ടേമുക്കാലിനാണ് ഞാൻ ഡൽഹിയിൽ വിമാനമിറങ്ങിയത്. കോഴിക്കോട്-ഡൽഹി ഫ്‌ളൈറ്റ് കൃത്യസമയത്തു തന്നെ എത്തിച്ചേർന്നു. ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും എനിക്ക് ന്യൂഡൽഹി റെയിൽവേ സ്റ്റേഷന് അടുത്തുള്ള സുഹൃത്തിന്റെ താമസസ്ഥലത്തേക്കുപോകാൻ എളുപ്പവഴി മെട്രോ ട്രെയിൻ പിടിക്കലാണ്. വമ്പിച്ച കാശുമുടക്കിയാണ് ഡൽഹിയിൽ മെട്രോ സംവിധാനം സ്ഥാപിച്ചത്. മലയാളിയായ ഇ. ശ്രീധരൻ നേതൃത്വം നൽകിയ ഡൽഹി മെട്രോ പദ്ധതി രാജ്യത്തിനാകെ അഭിമാനവുമാണ്.

എന്നാൽ മെട്രോ വണ്ടികൾ ലഭ്യമല്ല എന്ന് വിമാനത്താളത്തിൽ ഇറങ്ങിയപ്പോൾ തന്നെ മനസ്സിലായി. ന്യൂഡൽഹി അടക്കം പ്രധാനപ്പെട്ട എല്ലാ മെട്രോ സ്റ്റേഷനുകളും അടഞ്ഞുകിടക്കുന്നു. എന്ന് തുറക്കും, എപ്പോൾ തുറക്കും എന്നൊന്നും ആർക്കും ഒരു പിടിയുമില്ല. ഡൽഹിപോലിസിന്റെ ഉത്തരവാണ്.

ഡൽഹി ഭയത്തിന്റെ ഒരു പുതപ്പിൽ തലപൂഴ്ത്തി കിടക്കുകയാണ് എന്നൊരുതോന്നലാണ് പിന്നീട് ടാക്സി പിടിച്ചു നഗരത്തിലൂടെ സഞ്ചരിച്ചപ്പോൾ ഉണ്ടായത്. രാത്രിയായിട്ടും വാഹനഗതാഗതം പലയിടത്തും തടഞ്ഞിട്ടിരിക്കുന്നു. ലക്ഷ്യസ്ഥാനത്തു എത്തണമെങ്കിൽ നേരായവഴിയിൽ നടപ്പില്ല. സർക്കാരും പോലീസും അത് അനുവദിക്കില്ല. ഒരേയൊരു വഴി വളഞ്ഞവഴികൾ മാത്രമാണ്. ജനം നിയമം ലംഘിക്കാൻ നിർബന്ധിതരാകുന്ന അവസ്ഥ. രാജ്യത്തു നിയമവാഴ്ച അസ്തമിച്ചുപോയ കാഴ്ച.

എന്തിനാണ് 150കോടി ജനങ്ങളുള്ള ഒരു രാജ്യത്തിന്റെ തലസ്ഥാനം ഇങ്ങനെ അധികാരികൾ കെട്ടിപ്പൂട്ടിയിട്ടത്? ജന്തർമന്ദറിൽ സമരം ചെയ്യുന്ന യുവജനങ്ങളോടുള്ള അവരുടെ ഭയം തന്നെ കാരണം. വിദ്യാഭാസ്യ സംവിധാനത്തിൽ കാണുന്ന പുഴുക്കുത്തുകൾ, അഴിമതികൾ, പക്ഷപാതങ്ങൾ, കെടുകാര്യസ്ഥത ഇതൊക്കെ സഹിക്കാനാകാതെയാണ് അവർ സമരത്തിന് ഇറങ്ങിയത്. രാജ്യത്തിന്റെ നാനാഭാഗത്തു നിന്നും യുവതീയുവാക്കൾ അവിടെ എത്തിയിരുന്നു. രാപ്പകൽ അവർ സമരവേദിയിൽ ആയിരുന്നു. പലരും ആഴ്ചകളോളം നിരാഹാര സമരത്തിൽ ഏർപ്പെട്ടു.

“ഇനി ദില്ലി പഴയ ദില്ലി ആയിരിക്കില്ല.”



ന്യായമായ സമരമെന്ന് രാജ്യത്തെ മുഴുവൻ ജനങ്ങളും അംഗീകരിച്ച സമരം. മത്സര പരീക്ഷകളിൽ കൃത്രിമം നടത്തിയും ചോദ്യപേപ്പർ അടിച്ചുമാറ്റിയും ചിലർ അന്യായമായി നേട്ടങ്ങൾ കയ്യടക്കിയാൽ പിന്നെകോടിക്കണക്കിനു യുവാക്കളുടെ ഗതിയെന്ത്? അവർ എന്തിനു വർഷങ്ങൾ ചെലവഴിച്ചു പരീക്ഷക്കുകോച്ചിങ്ങിനുപോയി വമ്പിച്ച ധനവും സമയവും നഷ്ടപ്പെടുത്തി? അവരുടെ കുടുംബങ്ങൾ എന്തിനു വലിയ ത്യാഗങ്ങൾ സഹിച്ചു? കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാൻ പലരും ലക്ഷങ്ങളുടെ കടക്കാരായി. എന്നാൽ പരീക്ഷാ സംവിധാനം താളംതെറ്റി.

അതിന്റെ വിശ്വാസ്യതചോർന്നുപോയി. പിൻവാതിൽ വഴി അട്ടിമറികൾ നടന്നു. സർക്കാറും മന്ത്രിയും അതു കണ്ടില്ലെന്നു നടിച്ചു. അല്ലെങ്കിൽ അവർ സംവിധാനത്തെബോധപൂർവം തങ്ങളുടെ സാമ്പത്തികനേട്ടങ്ങൾക്കായി ദുരുപയോഗം ചെയ്തു.

അതിനാൽ വിദ്യാഭ്യാസമന്ത്രി രാജിവെക്കണം എന്ന ആവശ്യമാണ് യുവാക്കൾ ഉന്നയിച്ചത്. പരീക്ഷാസംവിധാനം തകർന്നതിന്റെ ധാർമിക ഉത്തരവാദിത്വം മന്ത്രിക്കു തന്നെയാണ്. എന്നാൽ സർക്കാർ അനങ്ങിയില്ല. പ്രധാനമന്ത്രി കുട്ടികളുടെ സമരം കണ്ടതായിപ്പോലും നടിച്ചില്ല. അവരെ ദേശദ്രോഹികളായി സർക്കാർ പിൻതുണക്കാർ മുദ്രകുത്തി. ബോസ്റ്റണിൽ പഠിക്കുന്ന ദീപ്കേ എന്ന യുവാവിന് ഇന്ത്യയിലെ മത്സരപരീക്ഷകളിൽ എന്തുകാര്യം, അയാൾ സിഐഎ ഏജന്റല്ലേ എന്നുവരെ പ്രചാരണങ്ങൾ നീണ്ടു.

മറുഭാഗത്തു പൊലീസിന്റെ നരനായാട്ടു സീമകൾ ലംഘിച്ചു. തോക്കും ടിയർ ഗ്യാസും ജലപീരങ്കിയും നിയന്ത്രണമില്ലാതെ പ്രയോഗിച്ചു. യുവാക്കളും യുവതികളും കടുത്ത മർദനംനേരിട്ടു. ഒരു കുട്ടിബോധമറ്റു ഐസിയുവിൽ കിടക്കുകയാണ്. പരീക്ഷകൾ കുളമായി പ്രതീക്ഷകൾ തകർന്നു പലരും ആത്മഹത്യ ചെയ്തു. ഒരു നാടിന്റെ ഭാവിവാഗ്ദാനങ്ങൾ തങ്ങളുടെ ജീവിതം സർക്കാരും പോലീസും ചേർന്ന് അഴിമതിക്കാരെ സംരക്ഷിക്കാനായി തകർത്തു തരിപ്പണമാക്കുന്ന കാഴ്ചയാണ് കണ്ടത്. അതു നടുക്കുന്ന ഒരു അനുഭവമായിരുന്നു. അതിനാൽ ജന്തർമന്ദർ സമരം ലോകമെങ്ങും ശ്രദ്ധിക്കപ്പെട്ടു. നരേന്ദ്ര മോദി സർക്കാർ അതിനെ കൈകാര്യം ചെയ്ത രീതിയും ലോകം ശ്രദ്ധിച്ചു. ഒരു ജനാധിപത്യ രാജ്യത്തും കേട്ടുകേൾവിയില്ലാത്ത ക്രൂരതകളാണ് ഡൽഹിയിൽ അരങ്ങേറിയത്. അതിനാൽ രാജ്യമാകെ പൊട്ടിത്തെറിച്ചു. സർക്കാറിനെ പിന്താങ്ങിയവർപോലും നെഞ്ചത്തു കൈവച്ചു. പലരും പരസ്യമായി നീരസംരേഖപ്പെടുത്തി.

ഈയൊരു അന്തരീക്ഷമാണ് 25നു വൈകിട്ട് ഡൽഹിയിൽ കാണപ്പെട്ടത്. എങ്ങും പോലീസ് ബാരിക്കേഡുകൾ. സമരവേദിയിലേക്കോ പാർലമെന്റ് പരിസരത്തേക്കോപോകാൻ ഒരു വഴിയും ഇല്ല. എല്ലാം അടച്ചിട്ടിരിക്കുന്നു. പലരും കിലോമീറ്ററുകൾ നടന്നാണ് ലക്ഷ്യസ്ഥാനത്ത് എത്തിയത്. ഏതായാലും സമരവേദിയിൽ യുവശക്തി ഇരമ്പി. ഒരു സർക്കാർ നിയന്ത്രണവും അവരെ ഭയപ്പെടുത്തിയില്ല. സമരം എല്ലാവിധഭീഷണികളെയുംനേരിട്ടു മുന്നോട്ടുപോയി.

പിറ്റേന്ന് 26നു സർക്കാർ പരാജയം സമ്മതിച്ചു. വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാൻ രാജിവെച്ചതായി ടിവിയിൽ വാർത്ത വന്നു. യുവജനങ്ങളുമായി സർക്കാർ നടത്തിയ ചർച്ചയിലാണ് ഒത്തുതീർപ്പുണ്ടായത്. ഒരുപറ്റം യുവജനങ്ങളുടെ മുന്നിൽ ഇന്ത്യൻ സർക്കാർ മുട്ടുകുത്തി. വാർത്ത വന്നതോടെ ആഹ്‌ളാദാരവം മുഴങ്ങി. ഞങ്ങൾ രാജ്യത്തിന്റെ നാനാഭാഗത്തു നിന്നുമുള്ള സീനിയർ ജേർണലിസ്റ്റുകൾ ഒരുയോഗത്തിനായി അവിടെ എത്തിയതായിരുന്നു. ആസാം സർക്കാരിന്റെ ഭാഗമായ ബോഡോലാൻഡ് ട്രൈബൽ സമിതിയുടെ ഗസ്റ്റ് ഹൗസിലാണ് താമസിച്ചത്. അവിടെയാണ് ആരവം മുഴങ്ങിയത്. നാടെങ്ങും അതു പ്രതിധ്വനിച്ചു.

സത്യത്തിൽ നരേന്ദ്രമോദി സർക്കാരിന്റെ ധാർമിക പരാജയം തുടക്കം മുതലേ വ്യക്തമായിരുന്നു. ജനങ്ങളെ ശത്രുപക്ഷത്തു നിർത്തിയാണ് അവർ ഈ യുദ്ധം നയിച്ചത്. ഫലം, അവരുടെ ജനപിന്തുണ നഷ്ടമായി. പോലീസിനെ കയറൂരി വിട്ടാൽ എന്താവും ഫലം എന്ന് നാടാകെ മനസ്സിലാക്കി. വൈകിട്ട് എട്ടുമണിക്ക് കടകൾ പൂട്ടണം എന്നാണ് സർക്കാർ ഉത്തരവിട്ടത്. കടകൾ മുൻഭാഗത്തു പൂട്ടി പിന്നിലൂടെ കച്ചവടം തുടർന്നു. അതിനായി കടക്കാർ പോലിസിന് കൂടുതൽ കൈക്കൂലി നല്കുന്നതും കണ്ടു. പഞ്ചാബികളാണ് ഈ വിദ്യയിൽ മുന്നിൽ നിന്നത്. അവരുടെ ഒരു കച്ചവടവും അവർ നിർത്തിയില്ല. ഷട്ടർ താഴ്ത്തി അവർ കച്ചവടം നടത്തി. രാജ്യമാകെ മൊത്തത്തിൽ ഷട്ടർ താഴ്ത്തി കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോയി. അവസാനം ഇരുട്ടിലായതും അപ്രസക്തമായതും മോദി സർക്കാർ തന്നെയായിരുന്നു.




എൻ.പി. ചെക്കുട്ടി

പന്ത്രണ്ടു വർഷം ഇന്ത്യ ഭരിച്ച നരേന്ദ്രമോദിയുടെ ഭരണത്തിന്റെ ധാർമികമായ അന്ത്യമാണ് ഈയാഴ്ച ഡൽഹിയിൽ കണ്ടത്. ഇനി അതിന്റെ തകർച്ചക്ക് അധികനാൾവേണ്ടിവരില്ല. മോദിക്കുശേഷം ആരെന്ന ചർച്ച ഇതിനകം തന്നെ തുടങ്ങിക്കഴിഞ്ഞു.മോദിക്കുശേഷം ഇനിയൊരു സംഘപരിവാർ പ്രധാനമന്ത്രിയേയും രാജ്യത്തെ യുവജനത അംഗീകരിക്കില്ല എന്നാണ് ഡൽഹി സംഭവങ്ങൾ സൂചിപ്പിക്കുന്നത്. രാജ്യം പുതിയൊരു തുറവിയിലേക്കു നീങ്ങുകയാണ്. അത് ആർഎസ്എസ് നിശ്ചയിക്കുന്ന പാതയിലൂടെ ഇനിയുള്ള നാളുകളിൽ സഞ്ചരിക്കാൻ ഇടയില്ല. കാരണം അവർ എങ്ങോട്ടാണ് നാടിനെ നയിച്ചത് എന്നകാര്യം ഇപ്പോൾ എല്ലാവർക്കും നന്നായി മനസ്സിലായിട്ടുണ്ട്.









# കാനറിപ്പടയുടെ സുൽത്താൻ ഇനി മഞ്ഞയിലില്ല; നെയ്മർ രാജ്യാന്തര ഫുട്ബോളിൽ നിന്ന് വിടപറയുന്നു

ബ്രസീലിയൻ ഫുട്ബോളിന്റെ വസന്തമായ സൂപ്പർ താരം നെയ്മർ രാജ്യാന്തര ഫുട്ബോളിൽ നിന്ന് വിടപറയുന്നു. 2026-ലെ ലോകകപ്പിലെ ദയനീയ പ്രകടനത്തിന് പിന്നാലെ ഇനി ദേശീയ ടീമിനായി പന്ത് തട്ടാനില്ലെന്ന് താരം ഏതാണ്ട് ഉറപ്പിച്ചുപറഞ്ഞു. കോപ്പ സുഡാമേരിക്കാനയിൽ വെനസ്വേലൻ ക്ലബ്ബായ യൂണിവേഴ്സിഡാഡ് സെൻട്രലിനെതിരായ മത്സരത്തിന് ശേഷമാണ് 34-കാരനായ നെയ്മർ മനസ്സ് തുറന്നത്.'ദേശീയ ടീമിനൊപ്പമുള്ള എന്റെ സമയം അവസാനിച്ചുവെന്നാണ് ഞാൻ വിശ്വസിക്കുന്നത്. മഞ്ഞക്കുപ്പായത്തിനായി സർവ്വസ്വവും നൽകി പോരാടിയ ചരിത്രമാണ് എനിക്കുള്ളത്, അതിൽ ഞാൻ ഏറെ സന്തോഷവാനാണ്. എന്നാൽ ഇനി ദേശീയ ടീമിൽ തുടരാൻ ഞാൻ ആഗ്രഹിക്കുന്നില്ല,' എന്ന് നെയ്മർ മാധ്യമങ്ങളോട് പറഞ്ഞു. ലോകകപ്പിൽ നോർവേയ്ക്കെതിരായ തോൽവിക്ക് ശേഷം വൈകാരികമായി പ്രതികരിച്ച താരം താൻ പരമാവധി ശ്രമിച്ചെന്നും എന്നാൽ ഇനി എല്ലാം അവസാനിച്ചുവെന്നും വ്യക്തമാക്കിയിരുന്നു.പതിറ്റാണ്ടുകളോളം ബ്രസീൽ ആക്രമണ നിരയുടെ കുന്തമുനയായിരുന്ന നെയ്മർ, രാജ്യത്തിനായി ഏറ്റവും കൂടുതൽ ഗോളുകൾ നേടിയ താരമെന്ന റെക്കോർഡോടെയാണ് പടിയിറങ്ങുന്നത്.

# ലോകകപ്പിനു പിന്നാലെ അർജന്റീനയ്ക്കെതിരെ അച്ചടക്ക നടപടിയുമായി ഫിഫ!

ലോകകപ്പ് ഫൈനൽ പോരാട്ടത്തിന് പിന്നാലെ അർജന്റീന ഫുട്ബോൾ ടീമിനെയും പ്രമുഖ താരങ്ങളെയും കാത്ത് വൻ തിരിച്ചടി. മത്സരത്തിന് ശേഷമുണ്ടായ അക്രമ സംഭവങ്ങളിലും അനാവശ്യ പെരുമാറ്റങ്ങളിലും അന്വേഷണം നടത്തിയ ഫിഫ അർജന്റീനിയൻ താരങ്ങൾക്കും ടീം മാനേജ്മെന്റിനുമെതിരെ അച്ചടക്ക നടപടികൾ ആരംഭിച്ചു. ന്യൂജേഴ്സിയിലെ മെറ്റ്ലൈഫ് സ്റ്റേഡിയത്തിൽ വെച്ച് നടന്ന ലോകകപ്പ് ഫൈനലിന് പിന്നാലെയാണ് ഇരുടീമുകളിലെയും കളിക്കാർ തമ്മിൽ കടുത്ത തർക്കവും ഏറ്റുമുട്ടലും ഉണ്ടായത്.അർജന്റീനയുടെ പ്രമുഖ താരങ്ങളായ ലിയാൻഡ്രോ പാരെഡെസ്, നഹ്വൽ മോളിന എന്നിവർക്കും അസിസ്റ്റന്റ് കോച്ച് റോബർട്ടോ അയാളയ്ക്കും എതിരെയാണ് ഫിഫ ഏറ്റവും ഗുരുതരമായ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.



സ്പെയിൻ കളിക്കാരായ ഗാവി, റോഡ്രി, ഡാനി ഓൽമോ എന്നിവരെ ആക്രമിച്ചു എന്ന കുറ്റത്തിനാണ് ഇവർക്കെതിരെ കേസെടുത്തിരിക്കുന്നത്. വൻ തുക പിഴയ്ക്ക പുറമേ ദീർഘകാലത്തേക്ക് വിലക്ക് നേരിടേണ്ടി വരുമെന്ന ഭീതിയിലാണ് ഈ താരങ്ങൾ.കളിക്കളത്തിലെ കൈയേറ്റത്തിന് പുറമേ അർജന്റീനിയൻ ഫുട്ബോൾ അസോസിയേഷനെതിരെയും വൻതോതിലുള്ള കുറ്റപത്രമാണ് ഫിഫ തയ്യാറാക്കിയിരിക്കുന്നത്. ടൂർണമെന്റിലുടനീളം വംശീയ അധിക്ഷേപങ്ങൾ നടത്തി, ഗാലറിയിൽ അനാവശ്യ മുദ്രാവാക്യങ്ങൾ ഉയർത്തി തുടങ്ങിയ കുറ്റങ്ങളാണ് അസോസിയേഷനെതിരെ ചുമത്തിയിട്ടുള്ളത്. ഒന്നിലധികം മത്സരങ്ങളിൽ സുരക്ഷാ മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തി എന്ന ഗുരുതരമായ കണ്ടെത്തലും ഫിഫയുടെ റിപ്പോർട്ടിലുണ്ട്.സ്പെയിൻ മധ്യനിര താരം ഗാവിക്കെതിരെയും അർജന്റീന താരം തിയാഗോ അൽമാഡയ്ക്കെതിരെയും കായികമര്യാദയ്ക്ക് നിരക്കാത്ത രീതിയിൽ പെരുമാറിയതിന് നടപടിയെടുത്തിട്ടുണ്ട്.

# കോമൺവെൽത്തിൽ ചരിത്ര നേട്ടം; പുരുഷന്മാരുടെ 100 മീറ്ററിൽ ഇന്ത്യക്ക് ഇരട്ട മെഡൽ, ദിലീപിന് സ്വർണ്ണവും ബാസിലിന് വെള്ളിയും!



കോമൺവെൽത്ത് ഗെയിംസ് പാരാ അത്ലറ്റിക്സിൽ ഇന്ത്യക്ക് അവിസ്മരണീയവും ചരിത്രപരവുമായ നേട്ടം. പുരുഷന്മാരുടെ 100 മീറ്റർ ടി47 ഫൈനലിൽ ആദ്യ രണ്ട് സ്ഥാനങ്ങളും സ്വന്തമാക്കി ഭാരതത്തിന്റെ അത്ലറ്റുകൾ പുതിയ ചരിത്രം കുറിച്ചു. അത്ഭുതകരമായ ഓട്ടത്തിലൂടെ ഇന്ത്യയുടെ ദിലീപ് മഹാദു ഗാവിറ്റ് സ്വർണ്ണ മെഡൽ കരസ്ഥമാക്കിയപ്പോൾ സഹതാരം മുഹമ്മദ് ബാസിൽ വെള്ളി മെഡൽ നേടി.ഗെയിംസ് റെക്കോർഡും ഈ സീസണിലെ മികച്ച സമയവും കുറിച്ചാണ് ദിലീപ് മഹാദു ഗാവിറ്റ് ഒന്നാം സ്ഥാനത്ത് എത്തിയത്. 10.71 സെക്കൻഡിൽ ഫിനിഷ് ചെയ്ത ദിലീപ് എതിരാളികളെ ബഹുദൂരം പിന്നിലാക്കിയാണ് ഫിനിഷിംഗ് ലൈൻ കടന്നത്. രണ്ടാം സ്ഥാനത്തെത്തിയ മലയാളി താരം മുഹമ്മദ് ബാസിൽ 10.83 സെക്കൻഡിലാണ് റേസ് പൂർത്തിയാക്കി വെള്ളി മെഡൽ ഇന്ത്യയുടെ അക്കൗണ്ടിലെത്തിച്ചത്. ഇംഗ്ലണ്ടിന്റെ കെവിൻ സാന്റോസിനാണ് ഈ വിഭാഗത്തിൽ വെങ്കല മെഡൽ ലഭിച്ചത്. സാന്റോസ് 10.85 സെക്കൻഡിൽ മത്സരം പൂർത്തിയാക്കിയപ്പോൾ തൊട്ടുപിന്നിൽ ഓടിയെത്തിയ ഓസ്ട്രേലിയൻ താരത്തിന് മെഡൽ നഷ്ടമായി. ഒരേ ഇനത്തിൽ ഇന്ത്യയുടെ രണ്ട് താരങ്ങൾ പോഡിയത്തിൽ ഒന്നാമതും രണ്ടാമതുമായി നിൽക്കുന്ന കാഴ്ച കായിക പ്രേമികൾക്ക് വലിയ ആവേശമാണ് സമ്മാനിച്ചത്. ഈ ഗെയിംസിൽ പാരാ അത്ലറ്റിക്സിൽ ഇന്ത്യ നേടുന്ന മൂന്നാമത്തെ സ്വർണ്ണ മെഡലാണിത്.



# അജിങ്ക്യ രഹാനെ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു

ഇന്ത്യൻ ക്രിക്കറ്റ് പ്രേമികളെ സങ്കടത്തിലാഴ്ത്തിക്കൊണ്ട് മുൻ ക്യാപ്റ്റനും വെറ്ററൻ ബാറ്റ്സ്മാനുമായ അജിങ്ക്യ രഹാനെ അന്താരാഷ്ട്ര ക്രിക്കറ്റിന്റെ എല്ലാ രൂപങ്ങളിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ചു. കരിയറിൽ രാജ്യത്തിനായി നൽകിയ അതുല്യമായ സംഭാവനകൾക്ക് നന്ദി പറഞ്ഞുകൊണ്ടാണ് താരം പാഡ് അഴിച്ചുവെക്കുന്നത്. ഇന്ത്യൻ ടെസ്റ്റ് ടീമിലെ വിശ്വസ്തനായ ബാറ്റ്സ്മാന്മാരിൽ ഒരാളായിരുന്നു രഹാനെ.ദീർഘകാലം ഇന്ത്യൻ മധ്യനിരയിലെ കരുത്തായിരുന്ന രഹാനെ അവിസ്മരണീയമായ നിരവധി ഇന്നിംഗ്സുകൾ സമ്മാനിച്ചിട്ടുണ്ട്. വിദേശ മണ്ണിൽ ഇന്ത്യ നേടിയ പല ചരിത്ര വിജയങ്ങളിലും ഈ മുംബൈ ബാറ്റ്സ്മാന്റെ സാന്നിധ്യം നിർണ്ണായകമായിരുന്നു. 2020-21 ഓസ്ട്രേലിയൻ പര്യടനത്തിലെ ബോർഡർ ഗവാസ്കർ ട്രോഫി വിജയമാണ് രഹാനെയുടെ ക്യാപ്റ്റൻസി കരിയറിലെ ഏറ്റവും തിളക്കമുള്ള അധ്യായം.പ്രധാന കളിക്കാരില്ലാതെ പരിക്കിൽ വലഞ്ഞ ഇന്ത്യൻ ടീമിനെ കൃത്യമായി നയിച്ച് ഓസ്ട്രേലിയൻ മണ്ണിൽ പരമ്പര വിജയം സമ്മാനിക്കാൻ അദ്ദേഹത്തിന് സാധിച്ചു. മെൽബണിൽ അദ്ദേഹം നേടിയ സെഞ്ചുറി ടെസ്റ്റ് ക്രിക്കറ്റിലെ തന്നെ ഏറ്റവും മികച്ച ഇന്നിംഗ്സുകളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. പ്രതിസന്ധി ഘട്ടങ്ങളിൽ ടീമിനെ കരകയറ്റാനുള്ള പ്രത്യേക കഴിവ് രഹാനെയെ വേറിട്ടു നിർത്തി. ഇന്ത്യയ്ക്കായി 85 ടെസ്റ്റുകളിൽ നിന്നും 12 സെഞ്ചുറിയും 32 അർദ്ധസെഞ്ചുറിയുമടക്കം അയ്യായിരത്തിലധികം റൺസ് രഹാനെ നേടിയിട്ടുണ്ട്. കൂടാതെ 90 ഏകദിനങ്ങളിലും 20 ട്വന്റി-20 മത്സരങ്ങളിലും അദ്ദേഹം രാജ്യത്തെ പ്രതിനിധീകരിച്ചു. ടെസ്റ്റ് ക്രിക്കറ്റിൽ തകർപ്പൻ ഫീൽഡിംഗ് മികവ് പുലർത്തിയിരുന്ന താരം സ്ലിപ്പ് ക്യാച്ചുകളിൽ വലിയ റെക്കോർഡുകൾ സ്വന്തമാക്കിയിട്ടുണ്ട്.

# 'ഫണ്ടു'തട്ടിക്കളിയിൽ സെൽഫ് ഗോളടിച്ച്

പതാകയെ പല പേരിൽ സ്നേഹിക്കുകയും ദ്വേഷിക്കുകയും ചെയ്യുന്ന ദേശീയ കക്ഷി. സ്വന്തമായി ഒരു പതാക കൈവശം വന്നശേഷം രാജ്യത്ത് ഒറ്റക്കക്ഷിയായി ശക്തി തെളിയിച്ച പ്രസ്ഥാനം. നാല് പതിറ്റാണ്ട് കൊണ്ട്, രണ്ട് എന്ന അക്കത്തിൽ നിന്ന് 303 ലേക്ക് വളർന്ന ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ കക്ഷികളിൽ ഒന്ന്. 2014 മുതൽ ഇന്ത്യ ഭരിക്കുന്ന ഭാരതീയ ജനതാ പാർട്ടി.

2024ലെ ലോക്സഭ തിരഞ്ഞെടുപ്പിൽ 240 സീറ്റുകളുമായി പതിനെട്ടാം ലോക്സഭയിലെ ഏറ്റവും വലിയ ഒറ്റ കക്ഷിയായി കൂട്ടുകക്ഷി സർക്കാർ രൂപീകരിച്ചതോടെ, വികസിത ഇന്ത്യ എന്ന സ്വപ്നത്തിലേക്ക് രാജ്യത്തെ നയിക്കാൻ സ്വപ്നങ്ങൾ നെയ്യുന്ന നരേന്ദ്രമോദി എന്ന പ്രധാനമന്ത്രി. കോൺഗ്രസിന്റെ സകല കൊള്ളരുതായ്മകൾക്കും മറുപടി എന്നപോലെ രാഷ്ട്രീയ നഭോ മണ്ഡലത്തിൽ കുതിച്ചുയർന്ന പ്രസ്ഥാനം.

എങ്കിലും, ജാതീയതയുടെ പേരിൽ അവരെ പച്ച തൊടാൻ അനുവദിക്കാതിരുന്ന കേരളം എന്ന കൊച്ചു ഭൂമിക. അവിടെ ഒരു കാൽ പതിപ്പിക്കാൻ സകല തന്ത്രങ്ങളും മെനയുന്ന കാവിയുടെ പിൻബലമുള്ള ബി.ജെ.പി. അവരോടുള്ള അകൽച്ചയും ഭീതിയും കേരളീയ രാഷ്ട്രീയ മനസ്സിൽ പൂർണമായി ഒഴിഞ്ഞുമാറിയിട്ടില്ലെങ്കിലും, മാറിമാറി പരീക്ഷിച്ച മുന്നണി രാഷ്ട്രീയം കണ്ടും അനുഭവിച്ചും മടുത്ത മലയാളി, മെല്ലെ പൂമുഖത്ത് അവർക്കായി ഒരു കസേര വലിച്ചിടാൻ തുടങ്ങുമ്പോഴാണ് തനിനിറം പുറത്തുവരുന്ന കാഴ്ചകൾ അമ്പരപ്പുണ്ടാക്കുന്നത്.



## വിളമ്പുന്ന ദേശീയത

അതിവിശാല കാഴ്ചപ്പാട് അവതരിപ്പിക്കുന്ന നരേന്ദ്രമോദി എന്ന വാഗ്മി ഇന്ത്യയിലെ സ്വകാര്യ കുത്തകകളുടെ സുഹൃത്തും അഭ്യുദയകാംക്ഷിയുമാണ്. എന്നുവെച്ചാൽ, പ്രസ്ഥാനത്തെ കൊണ്ട് നടക്കാൻ കാശിന് പഞ്ഞമില്ലാത്ത കാലാവസ്ഥ.

കേരളവും തെലുങ്കാനയും പശ്ചിമബംഗാളും ഒഴിച്ച് എല്ലായിടത്തും ഭരണസാന്നിധ്യം അറിയിച്ച ബി.ജെ.പിക്ക് കേരളം പ്രത്യേകിച്ച് ഒരു അഭിമാന ഭൂമികയാണ്. ഇവിടെ ഒറ്റയ്ക്ക് ഭരണം പിടിക്കുക എന്നത് വിദൂര സ്വപ്നമാണെങ്കിലും, ജനമനസ്സിൽ കടന്നുകയറാനുള്ള എല്ലാ തന്ത്രങ്ങളും ഒരുക്കുന്ന അത്യാധുനിക വാർറൂം സ്വന്തമായുള്ള പ്രസ്ഥാനമാണ് ബി.ജെ.പി.

ദേശീയത എന്ന വികാരം ആവോളം ആളിക്കത്തിച്ചാലും കുളിരുമാറാതെ നിൽക്കുന്ന കേരളമെന്ന സവിശേഷ പ്രദേശത്തെ സ്വന്തമാക്കുക എന്നത് അഭിമാന പ്രശ്നം കൂടിയാണ് അവർക്ക്. അതിനാലാണ് ഒരോ തിരഞ്ഞെടുപ്പും സുപ്രധാനവും നിർണായകവും ആവുന്നത്. പണം ഒഴുക്കിയാൽ പലതും വഴിക്ക് വരുമെന്ന് അനുഭവം കൊണ്ട് തെളിയിച്ച ഒരു പ്രസ്ഥാനത്തിന് തെരഞ്ഞെടുപ്പ് കാല ഫണ്ട് വിനിയോഗം ഒരു പ്രശ്നമേയല്ല. നല്ലപോലെ ഫണ്ട് ഒഴുകും എന്നറിഞ്ഞു തന്നെ അവരോടൊപ്പം കൂടാൻ പ്രദേശിക ഈർക്കിലി പാർട്ടികളും നേതാക്കളും എപ്പോഴും സന്നദ്ധരാണ്. അങ്ങനെ ഒഴുകിയ ഫണ്ടിൽ നിന്ന് ഇത്തവണ നിയമസഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് ലഭിച്ചത് വോട്ടല്ല, കുറെ ചീത്തപ്പേരാണ്.

## പതാക സ്നേഹം

അന്തരിച്ച മുൻ ഉത്തർപ്രദേശ് മുഖ്യമന്ത്രി കല്യാൺ സിങ്ങിന്റെ ശവപേടകത്തിൽ ദേശീയപതാകയുടെ മുകളിൽ ബി.ജെ.പി പതാക വിരിച്ച് ദേശീയ പതാക പൂർണമായി കാണാൻ സാധിക്കാതെ മറച്ച് സമൂഹമാധ്യമങ്ങളിൽ ബി.ജെ.പി തന്നെ പങ്കുവച്ച ചിത്രം പലരും മറന്നിട്ടുണ്ടാവില്ല. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷിക വേളയിൽ (2022) വീടുകളിൽ ദേശീയ പതാക ഉയർത്താനും പൗരന്മാർ അവരുടെ സോഷ്യൽ മീഡിയ പ്രൊഫൈലുകളിൽ പതാകയുടെ ചിത്രം പ്രദർശിപ്പിക്കാനും ബി.ജെ.പി സർക്കാർ ആഹ്വാനം ചെയ്തിരുന്നു.

അത് രാജ്യസ്നേഹത്തിന്റെ ഭാഗമാണെങ്കിലും സ്വന്തം കാവിക്കൊടി രാജ്യമെങ്ങും പാറിപ്പറക്കണം എന്ന സ്വപ്നമായിരുന്നു അതിന് പിന്നിൽ. എന്നാൽ ഇന്ന് സ്വന്തം പതാക വിറ്റ് കാശാക്കുന്ന നേതാക്കളെയും പ്രവർത്തകരെയും കൊണ്ട് കേരളത്തിന്റെ തെരഞ്ഞെടുപ്പ് ചുറ്റുവട്ടത്ത് നിൽക്കക്കള്ളിയില്ലാതെ, വിയർത്തു നിൽക്കുകയാണ് പാർട്ടി നേതൃത്വം. ബി.ജെ.പി ഫണ്ട് വിവാദത്തിൽ തട്ടിപ്പിന്റെ കണക്ക് പുറത്തായപ്പോൾ ഏറ്റവും കൂടുതൽ ചിരി പടർത്തിയത്, സൗജന്യമായി കിട്ടിയ പതാക ഒരു നേതാവ് രണ്ട് ലക്ഷം രൂപയ്ക്ക് വിറ്റു എന്ന കഥ കേട്ടപ്പോഴാണ്.

ബി.ജെ.പി ദേശീയ സംഘടനാ സെക്രട്ടറിക്ക് ഫണ്ട് തട്ടിപ്പിന്റെ സാക്ഷി എന്ന പേരിൽ ഒരാൾ അയച്ച കത്താണ് പാർട്ടിക്കുള്ളിൽ കത്തിപ്പടർന്നത്. സംസ്ഥാന തിരഞ്ഞെടുപ്പ് മനേജ്മെന്റ് കമ്മിറ്റിയും വോളന്റിയർ കമ്മിറ്റിയും ഒരു സ്വകാര്യ വ്യക്തിയിൽ നിന്ന് 1.62 കോടി രൂപയുടെ തിരഞ്ഞെടുപ്പു സാമഗ്രികൾ വാങ്ങി. ഇതിന് 31 ലക്ഷം രൂപ കമ്മിഷനായി കൈപ്പറ്റി. പ്രചാരണത്തിന്റെ ചുമതലയിൽ ഉണ്ടായിരുന്ന സംസ്ഥാന ഭാരവാഹിക്കു തുക നേരിട്ട് കൈമാറുകയായിരുന്നു. കട്ടൗട്ടുകൾക്കുള്ള ക്വട്ടേഷൻ നൽകിയതിനു പ്രചാരണ വിഭാഗത്തിൽ ഉണ്ടായിരുന്ന 2 പേർക്ക് 5 ലക്ഷം രൂപ കമ്മിഷൻ ലഭിച്ചു.

ഭക്ഷ്യോൽപ്പന്നങ്ങളും ലോഷനും വിതരണം ചെയ്യുന്ന ഏജൻസിയിൽ നിന്ന് തിരഞ്ഞെടുപ്പുകാലത്തു ബി.ജെ.പി 10,000 പാർട്ടി പതാകകൾ വാങ്ങിയതായി രേഖയുണ്ടാക്കി. ഇതിനു 3.25 ലക്ഷം രൂപയും നൽകി. ബി.ജെ.പി വാമനപുരം മണ്ഡലം ജനറൽ സെക്രട്ടറി വി.പ്രേമചന്ദ്രന്റെ ഭാര്യ സുദർശനന്റെ എ.ഇ. ഏജൻസിയിൽ നിന്നാണ് ഇനിയും പാറാത്ത പതാക വാങ്ങിയത്. പ്രചരിക്കുന്ന ജിഎസ്ടി ബിൽ വ്യാജമാണെന്നു പ്രേമചന്ദ്രൻ പറഞ്ഞുവെങ്കിലും!

തന്നോടൊപ്പം ഉണ്ടായിരുന്ന നേതാക്കൾ വിശ്വാസ വഞ്ചന നടത്തിയോ എന്നത് കണ്ടെത്തുക എന്നതാണ് രാജീവ് ചന്ദ്രശേഖർ ലക്ഷ്യമിടുന്നത്. എന്നാൽ മാധ്യമങ്ങളിലടക്കം വലിയ ചർച്ചയായ വിഷയം പാർട്ടിയിൽ എവിടെയും ചർച്ചയാകാത്തതിൽ മുരളീധരനും കെ. സുരേന്ദ്രനും അതൃപ്തി പ്രകടിപ്പിച്ചു കഴിഞ്ഞു.

എല്ലാം മാധ്യമ സൃഷ്ടിയാണെന്ന് പാർട്ടി അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ നേതാക്കളുടെ യോഗം വിളിച്ചുചേർത്ത് പ്രസ്താവിച്ചുവെങ്കിലും അതൊന്നും അണികൾ പോലും വിശ്വസിച്ചിട്ടില്ല. അനാവശ്യ വിവാദമാണ് സൃഷ്ടിക്കുന്നതെന്ന് പറഞ്ഞ് കയ്യൊഴിയാൻ മാത്രമേ സംസ്ഥാന അധ്യക്ഷന് തൽക്കാലം നിവൃത്തിയുള്ളൂ. അതീവ രഹസ്യമായി തെരഞ്ഞെടുപ്പ് ഫണ്ട് വിവാദം തണുപ്പിക്കാൻ ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ ശ്രമിക്കുന്നു എന്നാണ് കരുതപ്പെടുന്നത്. എന്നാൽ യഥാർത്ഥത്തിൽ തട്ടിപ്പ് നടന്നു എന്ന് വിശ്വസിക്കുന്ന പാർട്ടിയിലെ പ്രബലമായ ഒരു വിഭാഗം മറുവശത്ത് നിൽക്കുമ്പോൾ, ബി.ജെ.പിയിൽ ഉടലെടുക്കുന്ന വിഭാഗീയതയുടെ ചിത്രം കൂടിയാണ് പുറത്തുവരുന്നത്. കൊടകര കുഴൽപ്പണ കേസ് വിവാദമായപ്പോൾ പാർട്ടി നടത്തിയ പ്രതിരോധം തെരഞ്ഞെടുപ്പ് ഫണ്ട് വിവാദത്തിൽ ഉണ്ടാവുന്നില്ല എന്നും മറുപക്ഷം ആരോപിക്കുന്നു. ഏതായാലും വരും തെരഞ്ഞെടുപ്പുകളിലും മറ്റും ഇതിന്റെ പ്രതിഫലനം നമുക്ക് പ്രതീക്ഷിക്കാം.

*പ്രജിത്ത് രാജ്*




# 'അമ്മ വാട്സ്ആപ്പിൽ ബ്ലോക്ക് ചെയ്തു, 6 മാസം സംസാരിച്ചില്ല'; സിനിമാ സ്വപ്നത്തിന് നേരിട്ട പോരാട്ടം തുറന്ന് പറഞ്ഞ് ഭാഗ്യശ്രീ

ചെന്നൈ: ഇന്ന് തെന്നിന്ത്യൻ സിനിമയിലെ ശ്രദ്ധേയ സാന്നിധ്യമായ ഭാഗ്യശ്രീയ്ക്ക് സിനിമയിലേക്കുള്ള യാത്ര അത്ര എളുപ്പമായിരുന്നില്ല. അഭിനയത്തെ കരിയറാക്കാനുള്ള തീരുമാനത്തെ വീട്ടുകാർ ശക്തമായി എതിർത്തിരുന്നുവെന്ന് തുറന്നു പറഞ്ഞു രംഗത്ത് എത്തിയിരിക്കുകയാണ് താരം . ഓണസ്റ്റ് ടൗൺ ഹാളിൽ വിദ്യാർഥികളുമായി നടത്തിയ സംവാദത്തിനിടെയാണ് ഭാഗ്യശ്രീ മനസ് തുറന്നത്. സിനിമയിൽ അഭിനയിക്കണമെന്ന ആഗ്രഹം വീട്ടിൽ അറിയിച്ചപ്പോൾ എല്ലാവരിൽ നിന്നും 'ഇല്ല' എന്ന മറുപടിയാണ് ലഭിച്ചതെന്ന് താരം പറഞ്ഞു.'ഞാൻ ആദ്യം അമ്മയെ വിളിച്ചു. അമ്മ 'നോ' പറഞ്ഞു. പിന്നെ അച്ഛനെ വിളിച്ചപ്പോൾ, അമ്മ പറയുന്നതുതന്നെയാണ് തന്റെ തീരുമാനമെന്നും പറഞ്ഞു. സഹോദരിയെങ്കിലും പിന്തുണയ്ക്കുമെന്നാണ് കരുതിയത്. പക്ഷേ അവളും എല്ലാവരും 'നോ' പറയുകയാണെന്ന് പറഞ്ഞു. വീട്ടിൽ ഒരാൾ പോലും എന്റെ തീരുമാനത്തെ പിന്തുണച്ചില്ല,' ഭാഗ്യശ്രീ പറഞ്ഞു.എന്നാൽ മാതാപിതാക്കളുടെ എതിർപ്പിന് പിന്നിൽ ആശങ്കയാണുണ്ടായിരുന്നതെന്നും സിനിമാ ലോകം മകൾക്ക് സുരക്ഷിതമാകുമോയെന്ന ഭയമാണ് അവരെ അങ്ങനെ പ്രതികരിക്കാൻ പ്രേരിപ്പിച്ചതെന്നും താരം പറഞ്ഞു.'രക്ഷിതാവാകുമ്പോഴാണ് അത് മനസ്സിലാകുക. വലിയ ലോകത്തേക്ക് പോകുന്ന മകളെക്കുറിച്ചുള്ള ആശങ്ക സ്വാഭാവികമാണ്. ചെയ്യണമെന്ന് തോന്നുന്ന കാര്യങ്ങൾ ധൈര്യമായി ചെയ്യണം,' താരം പറഞ്ഞു.സിനിമയ്ക്കായി ഓഡിഷനുകളിൽ പങ്കെടുക്കാൻ തുടങ്ങിയ സമയത്ത് അമ്മ തന്നെ വാട്സ്ആപ്പിൽ ബ്ലോക്ക് ചെയ്തിരുന്നുവെന്നും ആറുമാസത്തോളം തന്നോട് സംസാരിച്ചില്ലെന്നും ഭാഗ്യശ്രീ വെളിപ്പെടുത്തി.'ഇന്ന് അത് ചിരിച്ചുകൊണ്ട് പറയാൻ കഴിയും. പക്ഷേ അന്ന് എനിക്ക് അത് വലിയ വേദനയായിരുന്നു. എന്നിരുന്നാലും ഒരുദിവസം അമ്മ എന്നെക്കുറിച്ച് അഭിമാനിക്കുമെന്ന് ഞാൻ വിശ്വസിച്ചിരുന്നു,' താരം പറഞ്ഞു.അച്ഛനും അമ്മയും മകളെക്കുറിച്ച് അഭിമാനത്തോടെ സംസാരിക്കുന്ന ദിവസം കാണണമെന്ന ആഗ്രഹമാണ് തന്റെ ഏറ്റവും വലിയ പ്രചോദനമായിരുന്നുവെന്നും ഭാഗ്യശ്രീ കൂട്ടിച്ചേർത്തു.



## അനുവാദമില്ലാതെ കാരവാനിൽ കയറി ഷർട്ട് ഊരി'; ദുരനുഭവം തുറന്ന് പറഞ്ഞ് കാജൽ അഗർവാൾ



ചെന്നൈ: ആരാധകരുടെ സ്നേഹം സന്തോഷം നൽകുന്നതാണെങ്കിലും എന്നാൽ അതിരുകടന്ന പെരുമാറ്റം ഒരിക്കലും അംഗീകരിക്കാനാവില്ലെന്ന് വ്യക്തമാക്കി നടി കാജൽ അഗർവാൾ. അടുത്തിടെ ഒരു സിനിമയുടെ ചിത്രീകരണത്തിനിടെ ഒരാൾ അനുവാദമില്ലാതെ കാരവാനിൽ കയറി തന്റെ പേരിലുള്ള ടാറ്റൂ കാണിച്ച സംഭവമാണ് താരം വെളിപ്പെടുത്തിയത്. സിനിമയിലെ സഹസംവിധായകനായി പ്രവർത്തിച്ചിരുന്ന ഒരാൾ അനുവാദമില്ലാതെ കാരവാനിലേക്ക് കടന്നുവരികയും ഉടൻ തന്നെ ഷർട്ട് ഊരി നെഞ്ചിൽ പതിപ്പിച്ചിരുന്ന തന്റെ പേരുള്ള ടാറ്റൂ കാണിക്കുകയുമായിരുന്നു.ഈ സംഭവം തന്നെ ഏറെ ഞെട്ടിച്ചുവെന്നും ആ നിമിഷം കൈയും കാലും വിറച്ചുപോയെന്നും കാജൽ പറഞ്ഞു. തന്റെ പേരിൽ ടാറ്റൂ ചെയ്തതിൽ സന്തോഷമുണ്ടായിരുന്നെങ്കിലും, ഒരു സ്ത്രീ ഒറ്റയ്ക്കിരിക്കുമ്പോൾ അനുവാദമില്ലാതെ സ്വകാര്യ ഇടത്തേക്ക് കടന്നുവന്നത് തീർത്തും അനുചിതമായ പെരുമാറ്റമാണെന്ന് താരം വ്യക്തമാക്കി.



## ഡേറ്റിംഗിന് ധൈര്യമില്ലാതെ കീത്ത് അർബൻ; ജെന്നിഫറുമായുള്ള പ്രണയ അഭ്യൂഹങ്ങളിൽ പ്രതികരണവുമായി സുഹൃത്തുക്കൾ!

പോപ്പ് ഗായിക ജെന്നിഫർ ലോപ്പസും സംഗീത താരം കീത്ത് അർബനും തമ്മിൽ പ്രണയത്തിലാണെന്ന വാർത്തകൾ ഹോളിവുഡിൽ വീണ്ടും സജീവമാകുന്നു. പ്രശസ്ത നടിയും മുൻഭാര്യയുമായ നിക്കോൾ കിഡ്മാനുമായുള്ള 19 വർഷത്തെ ദാമ്പത്യ ബന്ധം വേർപിരി ഞ്ഞതിന് ശേഷം കീത്ത് അർബനും, ബെൻ ആഫ്ലെക്കുമായുള്ള വേർപിരിയലിന് ശേഷം ജെന്നിഫർ ലോപ്പസും കൂടുതൽ അടുപ്പത്തിലായെന്നാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.2014-ൽ 'അമേരിക്കൻ ഐഡൽ' എന്ന റിയാലിറ്റി ഷോയിൽ വിധികർത്താക്കളായി ഒന്നിച്ചപ്പോഴാണ് ഇരുവരും സുഹൃത്തുക്കളാകുന്നത്. വേർപിരിയലിന്റെ മാനസിക വിഷമതകളിലൂടെ കടന്നുപോയ സമയത്ത് പരസ്പരം ആശ്വാസമാകാൻ ഇരുവർക്കും സാധിച്ചു. എന്നാൽ സൗഹൃദത്തിനപ്പുറം പ്രണയത്തിലേക്ക് കടക്കാൻ കീത്ത് അർബന് ഭയമാണെന്നും അദ്ദേഹത്തിന് ധൈര്യമില്ലെന്നുമാണ് ഇരുവരുടെയും അടുത്ത സുഹൃത്തുക്കൾ പറയുന്നത്.



# 'പ്രാക്ടിക്കൽ മാജിക് 2'ലേക്ക് ക്ഷണം ലഭിച്ചില്ല; കാരണം വെളിപ്പെടുത്തി ഇവാഞ്ചലിൻ

1998ൽ പുറത്തിറങ്ങിയ പ്രശസ്ത ഹോളിവുഡ് ചിത്രം 'പ്രാക്ടിക്കൽ മാജിക്' എന്ന സിനിമയുടെ രണ്ടാം ഭാഗത്തിൽ താൻ അഭിനയിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തി നടി ഇവാഞ്ചലിൻ റേച്ചൽ വുഡ് .ആലീസ് ഹോഫ്മാൻ എഴുതിയ 'ദി ബുക്ക് ഓഫ് മാജിക്' എന്ന പുസ്തകത്തെ ആസ്പദമാക്കിയാണ് രണ്ടാം ഭാഗം ഒരുക്കുന്നതെങ്കിലും സിനിമയുടെ കഥാഗതിയിൽ വരുത്തിയ മാറ്റങ്ങളാകാം തന്നെ ചിത്രത്തിലേക്ക് ക്ഷണിക്കാതിരിക്കാൻ കാരണമെന്ന് എന്റർടൈൻമെന്റ് ടുണൈറ്റിന് നൽകിയ അഭിമുഖത്തിൽ താരം വ്യക്തമാക്കി.ആദ്യ ഭാഗത്തിൽ സാൻഡ്ര ബുള്ളോക്കിന്റെ കഥാപാത്രത്തിന്റെ മകളായാണ് റേച്ചൽ വുഡ് അഭിനയിച്ചിരുന്നത്. ചിത്രത്തിന്റെ രണ്ടാം ഭാഗത്തിൽ അഭിനയിക്കാൻ താൻ താല്പര്യം പ്രകടിപ്പിച്ചിരുന്നുവെങ്കിലും ഈ കഥാപാത്രത്തിനായി പുതിയ നടിയെ അണിയറക്കാർ തെരഞ്ഞെടുക്കുകയായിരുന്നു. ആരാധകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന 'പ്രാക്ടിക്കൽ മാജിക് 2' സെപ്റ്റംബർ 11-ന് തിയേറ്ററുകളിൽ റിലീസ് ചെയ്യും.

## 'എത്രകാലം വേണമെങ്കിലും സ്പൈഡർമാനാകാൻ തയ്യാർ'; പഴയ നിലപാട് തിരുത്തി ടോം ഹോളണ്ട്



ആഗോളതലത്തിൽ സിനിമാ പ്രേമികളുടെ പ്രിയപ്പെട്ട സൂപ്പർഹീറോയായ 'സ്പൈഡർമാനായി' 2016 മുതൽ വേഷമിടുന്ന നടൻ ടോം ഹോളണ്ട് തന്റെ കഥാപാത്രത്തെക്കുറിച്ചുള്ള മനസ്സ് തുറക്കുന്നു. പുതിയ ചിത്രമായ 'സ്പൈഡർമാൻ: ബ്രാൻഡ് ന്യൂ ഡേ'യുടെ ലോസ് ആഞ്ചലസ് പ്രീമിയർ ചടങ്ങിലാണ് സ്പൈഡർമാനായി ഇനിയും തുടരാൻ താൻ ആഗ്രഹിക്കുന്നുവെന്ന് താരം വ്യക്തമാക്കിയത്.'മാർവലും സോണിയുമായി 10 വർഷമായി ഞങ്ങൾ ഒന്നിച്ച് പ്രവർത്തിക്കുന്നു. ഞങ്ങൾ നല്ല സുഹൃത്തുക്കളാണ്, പീറ്റർ പാർക്കർ എന്ന കഥാപാത്രത്തോടുള്ള സ്നേഹമാണ് ഞങ്ങളെ നയിക്കുന്നത്. പ്രേക്ഷകർ ആഗ്രഹിക്കുന്നിടത്തോളം കാലം ഈ വേഷം ചെയ്യാൻ ഞാൻ തയ്യാറാണ്' എന്ന് പ്രീമിയർ ചടങ്ങിൽ ഹോളിവുഡ് റിപ്പോർട്ടറിന് നൽകിയ അഭിമുഖത്തിൽ ടോം ഹോളണ്ട് പറഞ്ഞു.

# നിറങ്ങൾ മാറിയെങ്കിലും... വിശ്വാസത്തിന് ഇന്നും ഒരേ നിറം

Pulimoottil SILKS

102 YEARS 1924 -2026

ഒരു വസ്ത്രം തിരഞ്ഞെടുക്കുമ്പോൾ ആളുകൾ അന്വേഷിക്കുന്നത് നിറവും ഡിസൈനും മാത്രമല്ല, ആ വസ്ത്രത്തോടൊപ്പം ലഭിക്കുന്ന വിശ്വാസവും കരുതലുമാണ്. അതുകൊണ്ടാണ് ചില സ്ഥാപനങ്ങൾ ഒരു സ്ഥാപനമായി മാത്രം നിൽക്കാതെ തലമുറകളുടെ ഓർമ്മകളുടെ ഭാഗമായി മാറുന്നത്. മലയാളികളുടെ മനസ്സിൽ അത്തരമൊരു സ്ഥാനമാണ് ഒരു നൂറ്റാണ്ടിലേറെയായി പുളിമൂട്ടിൽ സിൽക്സ് സ്വന്തമാക്കിയിരിക്കുന്നത്.

1916-ൽ ഉദയംപേരൂരിൽ നിന്ന് തൊടുപുഴയിലേക്ക് കുടിയേറിയ ചാക്കോ ഔസേഫ് കണ്ട സ്വപ്നത്തിന് ഇന്ന് 102 വർഷങ്ങളുടെ നിറവാണ്. 1924ൽ ആരംഭിച്ച ഒരു ചെറിയ ജൗളിക്കടയിൽ വിതച്ച വിശ്വാസത്തിന്റെ വിത്ത് ഇന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ശാഖകൾ വിരിച്ച പുളിമൂട്ടിൽ സിൽക്സ് എന്ന മഹാവൃക്ഷമായി വളർന്നിരിക്കുന്നു.

## കാലം മാറി... മൂല്യങ്ങൾ മാറിയില്ല

ഫാഷൻ മാറി, ജീവിതശൈലികൾ മാറി, ഉപഭോക്താക്കളുടെ പ്രതീക്ഷകൾ മാറി, എന്നാൽ ഗുണനിലവാരത്തിലും ആത്മാർത്ഥമായ സേവനത്തിലും ഉപഭോക്താവുമായുള്ള ബന്ധത്തിലും പുളിമൂട്ടിൽ സിൽക്സ് ഇന്നും അതേ മൂല്യങ്ങളാണ് പിന്തുടരുന്നത്. അതാണ് ഈ സ്ഥാപനത്തിന്റെ യഥാർത്ഥ പാരമ്പര്യവും ഏറ്റവും വലിയ ശക്തിയും.

## പാരമ്പര്യവും പുതുമയും കൈകോർക്കുമ്പോൾ

ഇന്ന് തൊടുപുഴ, കോട്ടയം, തൃശ്ശൂർ, കൊല്ലം, തിരുവല്ല, പാലാ, കൊച്ചി, അടൂർ എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന പുളിമൂട്ടിൽ സിൽക്സിന്റെ എല്ലാ ഷോറൂമുകളും സ്ഥാപകൻ ചാക്കോ ഔസേഫിന്റെ ചെറുമക്കളുടെ നേതൃത്വത്തിലാണ് മുന്നേറുന്നത്. മുൻതലമുറ കൈമാറിയ വിശ്വാസവും മൂല്യങ്ങളും അതേപടി കാത്തുസൂക്ഷിച്ചുകൊണ്ട്, പുതിയ തലമുറയുടെ ദീർഘദർശനവും ആധുനിക വ്യാപാരരീതികളും സാങ്കേതികവിദ്യയും കൂട്ടിച്ചേർത്ത് ബ്രാൻഡിനെ കൂടുതൽ ഉയരങ്ങളിലേക്ക് അവർ നയിക്കുകയാണ്.

## വിശ്വാസത്തിന്റെ തിരിച്ചുവരവ്

ഒരു കുടുംബത്തിലെ ആദ്യ വിവാഹത്തിനായി പുളിമൂട്ടിൽ സിൽക്സിൽ എത്തിയവർ, പിന്നീട് മക്കളുടെ വിവാഹത്തിനും കൊച്ചുമക്കളുടെ ആദ്യ ഓണത്തിനുമുള്ള വസ്ത്രങ്ങൾ വാങ്ങാനും വീണ്ടും അതേ സ്ഥാപനത്തിലേക്ക് എത്തുന്നു. ഈ തിരിച്ചുവരവിന് കാരണം വലിയ പരസ്യങ്ങളോ ഓഫറുകളോ അല്ല. തലമുറകളിലൂടെ കൈമാറപ്പെട്ട വിശ്വാസമാണ്.

## ഒരു സ്ഥാപനമല്ല... ഒരു കുടുംബം

102 വർഷങ്ങളുടെ ഈ യാത്രയിൽ 2000-ത്തിലധികം ജീവനക്കാർ പുളിമൂട്ടിൽ സിൽക്സ് കുടുംബത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. ഇന്ന് പുളിമൂട്ടിൽ സിൽക്സ് ഒരു വ്യാപാരസ്ഥാപനം മാത്രമല്ല, ആയിരക്കണക്കിന് കുടുംബങ്ങളുടെ ഉപജീവനത്തിനും സ്വപ്നങ്ങൾക്കും കരുത്തേകുന്ന ഒരു പ്രസ്ഥാനമാണ്.

## ഓരോ ആഘോഷത്തിനും അനുയോജ്യമായത്

വിവാഹ പട്ടുകൾ മുതൽ ആഘോഷ വസ്ത്രങ്ങൾ വരെ... കേരളീയ പാരമ്പര്യം മുതൽ ആഗോള ഫാഷൻ ട്രെൻഡുകൾ വരെ... കുടുംബത്തിലെ ഓരോ അംഗത്തിനും അനുയോജ്യമായ മികച്ച തിരഞ്ഞെടുപ്പുകൾ ഒരേ കുടക്കീഴിൽ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പുളിമൂട്ടിൽ സിൽക്സ് മുന്നേറുന്നത്. ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെ ഓരോ ഉപഭോക്താവിനും സന്തോഷകരമായ ഷോപ്പിംഗ് അനുഭവം സമ്മാനിക്കുക എന്നതാണ് എന്നും സ്ഥാപനത്തിന്റെ പ്രതിബദ്ധത

"ഒരു സ്ഥാപനത്തിനെ വിജയത്തിലേക്ക് നയിക്കുന്നത് പുതിയ ഷോറൂമുകളുടെ എണ്ണം അല്ല... അത് വീണ്ടും വീണ്ടും തിരിച്ചെത്തുന്ന ഉപഭോക്താക്കളാണ്... ആ തിരിച്ചുവരവാണ് പുളിമൂട്ടിൽ സിൽക്സിന്റെ ഏറ്റവും വലിയ അംഗീകാരം!"

– LATE ഷെ. ഔസേപ്പ് ചാക്കോ പുളിമൂട്ടിൽ
& LATE ഔസേപ്പ് ജോൺ പുളിമൂട്ടിൽ
(ഞങ്ങളുടെ മാർഗ്ഗദർശകർ)



## യൂട്യൂബ് വീഡിയോകൾ ഇനി സ്വന്തം മാതൃഭാഷയിൽ കേൾക്കാം: ലളിതമായ സ്റ്റെപ്പ് ബൈ സ്റ്റെപ്പ് ഗൈഡ്

ഇംഗ്ലീഷിലോ മറ്റ് വിദേശ ഭാഷകളിലോ ഉള്ള ജനപ്രിയ യൂട്യൂബ് വീഡിയോകൾ കാണുമ്പോൾ ഭാഷ ഒരു തടസ്സമായി തോന്നിയിട്ടുണ്ടോ? എങ്കിൽ നിങ്ങൾക്കൊരു സന്തോഷവാർത്ത! യൂട്യൂബിലെ മൾട്ടിലാംഗ്വേജ് ഓഡിയോ ഫീച്ചർ ഉപയോഗിച്ച് വിദേശ ഭാഷാ വീഡിയോകൾ നിങ്ങളുടെ മാതൃഭാഷയിൽ തന്നെ കേട്ട് ആസ്വദിക്കാൻ സാധിക്കും.

മിസ്റ്റർ ബീസ്റ്റ് ഉൾപ്പെടെയുള്ള മുൻനിര കണ്ടന്റ് ക്രിയേറ്റർമാരുടെ വീഡിയോകളിലും പ്രമുഖ ടെക്/എജ്യുക്കേഷണൽ ചാനലുകളിലും ഈ ഫീച്ചർ ഇപ്പോൾ ലഭ്യമാണ്. കൂടാതെ, യൂട്യൂബിന്റെ എഐ അധിഷ്ഠിത ഓട്ടോമാറ്റിക് ഡബ്ബിംഗ് സാങ്കേതികവിദ്യ വഴി കൂടുതൽ വീഡിയോകളിലേക്ക് ഈ സൗകര്യം വേഗത്തിൽ വ്യാപിപ്പിച്ചു വരികയാണ്.

യൂട്യൂബിൽ ഓഡിയോ ഭാഷ മാറ്റുന്നത് എങ്ങനെയെന്ന് താഴെ പറയുന്ന ലളിതമായ ഘട്ടങ്ങളിലൂടെ മനസ്സിലാക്കാം:




**1. യൂട്യൂബ് വീഡിയോ പ്ലേ ചെയ്യുക: ആപ്പിലോ വെബ്സൈറ്റിലോ**

നിങ്ങൾ കാണാൻ ആഗ്രഹിക്കുന്ന വീഡിയോ യൂട്യൂബ് മൊബൈൽ ആപ്പിലോ സ്മാർട്ട് ടിവിയിലോ വെബ് ബ്രൗസറിലോ പ്ലേ ചെയ്യുക.

**2. സെറ്റിങ്സ് ഓപ്പൺ ചെയ്യുക: Gear icon**

വീഡിയോ സ്ക്രീനിൽ ടാപ്പ് ചെയ്യുമ്പോൾ മുകളിൽ വലതു ഭാഗത്തായി കാണുന്ന സെറ്റിങ്സ് ഗിയർ ഐക്കണിൽ (Gear/ Settings Icon) ക്ലിക്ക് ചെയ്യുക.

**3. 'Audio Track' തിരഞ്ഞെടുക്കുക: ഓഡിയോ ട്രാക്ക് മെനു.**

തുറന്നു വരുന്ന മെനു ഓപ്ഷനുകളിൽ നിന്ന് 'Audio Track' (ഓഡിയോ ട്രാക്ക്) എന്ന ഓപ്ഷൻ സെലക്ട് ചെയ്യുക.

**4. മാതൃഭാഷ തിരഞ്ഞെടുക്കുക: ലഭ്യമായ ഭാഷകളിൽ നിന്ന്.**

അവിടെ കാണുന്ന ഭാഷകളുടെ ലിസ്റ്റിൽ നിന്ന് മലയാളം, ഹിന്ദി, തമിഴ് അല്ലെങ്കിൽ നിങ്ങൾക്കാവശ്യമായ ഭാഷ തിരഞ്ഞെടുക്കുക. ഇതോടെ വീഡിയോ ഉടൻ തന്നെ നിങ്ങൾ തിരഞ്ഞെടുത്ത ഭാഷാ ശബ്ദത്തിലേക്ക് മാറുന്നതാണ്.

**പ്രധാനമായും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ**

- **എല്ലാ വീഡിയോകൾക്കും ലഭ്യമാണോ?:** നിലവിൽ കണ്ടന്റ് ക്രിയേറ്റർമാർ മൾട്ടിഓഡിയോ ട്രാക്ക് ആഡ് ചെയ്തിട്ടുള്ള വീഡിയോകളിലും, യൂട്യൂബിന്റെ എഐ ഡബ്ബിംഗ് സപ്പോർട്ടുള്ള വീഡിയോകളിലും മാത്രമേ ഈ ഓപ്ഷൻ ലഭ്യമാകൂ.
- **ഓട്ടോമാറ്റിക് ലാംഗ്വേജ് ഡെലിവറി:** നിങ്ങൾ സാധാരണയായി യൂട്യൂബ് ഉപയോഗിക്കുന്ന ഭാഷയനുസരിച്ച്, ചില വീഡിയോകളിൽ മാതൃഭാഷാ ഓഡിയോ യൂട്യൂബ് സ്വയം പ്ലേ ചെയ്യാറുമുണ്ട്.
- **സബ്ടൈറ്റിലുകൾക്ക് പകരം വോയ്സ്:** വീഡിയോയുടെ താഴെ ക്യാപ്ഷനുകൾ (CC) വായിച്ചു മനസ്സിലാക്കുന്നതിന് പകരം സ്വന്തം ഭാഷയിൽ സംഭാഷണങ്ങൾ കേട്ടുതന്നെ മനസ്സിലാക്കാൻ ഈ ഫീച്ചർ സഹായിക്കുന്നു.

**വരാനിരിക്കുന്ന പ്രധാന മാറ്റങ്ങൾ: എഐ ഓട്ടോഡബ്ബിംഗും വോയിസ് മാച്ചിംഗും**

മൾട്ടിലാംഗ്വേജ് ഓഡിയോ സാങ്കേതികവിദ്യ കൂടുതൽ ആകർഷകമാക്കാൻ ഗൂഗിൾ നിരവധി പുതിയ കൃത്രിമബുദ്ധി (എഐ) ഫീച്ചറുകൾ അവതരിപ്പിച്ചിട്ടുണ്ട്:

- **ഭാവങ്ങളോടെയുള്ള ശബ്ദം:** പരമ്പരാഗത റോബോട്ടിക് വോയ്സിന് പകരം ക്രിയേറ്ററുടെ യഥാർത്ഥ ശബ്ദത്തിലെ വികാരങ്ങളും സംസാരിക്കുന്ന ശൈലിയും അതേപടി നിലനിർത്തി മാതൃഭാഷയിലേക്ക് വിവർത്തനം ചെയ്യുന്ന സാങ്കേതികവിദ്യയാണിത്.
- **ചുണ്ടുകളുടെ ചലനം മാപ്പ് ചെയ്യൽ:** എഐ സാങ്കേതികവിദ്യ ഉപയോഗിച്ച് വീഡിയോയിൽ സംസാരിക്കുന്ന വ്യക്തിയുടെ ചുണ്ടുകളുടെ ചലനം മാറ്റിയെഴുതിയ പുതിയ ഭാഷാ ശബ്ദത്തിന് അനുയോജ്യമായി തൽസമയം മാറ്റിമറിക്കുന്നു.
- **Auto Smart Filtering:** പാട്ടുകൾ, പശ്ചാത്തല സംഗീതം മാത്രമുള്ള ബ്ലോഗുകൾ എന്നിവ തിരിച്ചറിഞ്ഞ് അവയിൽ അനാവശ്യമായി എഐ ഡബ്ബിംഗ് വരുന്നത് ഒഴിവാക്കുന്നു.




◗ റോബിൻസ് ആന്റണി

## യൂട്യൂബർമാർക്ക് ഇനി ആശ്വാസം; തമ്പ്നെയിലുകൾ തനിയെ നിർമ്മിക്കാൻ പുതിയ എഐ ടൂളുമായി യൂട്യൂബ്

ലോകമെമ്പാടുമുള്ള ഉള്ളടക്ക സ്രഷ്ടാക്കൾക്ക് കനത്ത ആശ്വാസമേകുന്ന പുതിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഫീച്ചറുമായി വിഡിയോ സ്ട്രീമിംഗ് പ്ലാറ്റ്ഫോമായ യൂട്യൂബ്. വിഡിയോകൾക്കായി ആകർഷകമായ തമ്പ്നെയിലുകൾ ഡിസൈൻ ചെയ്യാൻ സഹായിക്കുന്ന ജനറേറ്റീവ് എഐ ടൂളാണ് യൂട്യൂബ് സ്റ്റുഡിയോയിലേക്ക് പുതുതായി എത്തുന്നത്. ഇനി മുതൽ മണിക്കൂറുകൾ ചെലവഴിച്ചോ ഗ്രാഫിക് ഡിസൈനർമാരെ ആശ്രയിച്ചോ തമ്പ്നെയിൽ നിർമ്മിക്കേണ്ട ഭാരം സ്രഷ്ടാക്കൾക്ക് ഉണ്ടാകില്ല.




യൂട്യൂബിൽ ഒരു വിഡിയോ ആളുകൾ കാണണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിൽ ഏറ്റവും പ്രധാന പങ്ക് വഹിക്കുന്നത് വിഡിയോയുടെ ആകർഷകമായ തമ്പ്നെയിലുകളാണ്. വിഡിയോ തയാറാക്കുന്നതിനേക്കാൾ കൂടുതൽ സമയം തമ്പ്നെയിൽ ഡിസൈൻ ചെയ്യാനായി യൂട്യൂബർമാർ മാറ്റിവെക്കാറുണ്ട്. സ്രഷ്ടാക്കളുടെ ഈ വലിയ കഷ്ടപ്പാടിന് പരിഹാരം കാണാനാണ് യൂട്യൂബ് സ്വന്തം എഐ സിസ്റ്റം സജ്ജമാക്കിയിരിക്കുന്നത്.

വിഡിയോ അപ്ലോഡ് ചെയ്യുന്ന സമയത്ത് തന്നെ അതിലെ ഏറ്റവും പ്രധാനപ്പെട്ട നിമിഷങ്ങളും ഉള്ളടക്കവും അപഗ്രഥിച്ച് തമ്പ്നെയിലുകൾ നിർമ്മിക്കാൻ എഐക്ക് സാധിക്കും. ഇതിന് പുറമേ സ്രഷ്ടാക്കളുടെ നിർദ്ദേശങ്ങൾ അനുസരിച്ച് വിവിധ ശൈലിയിലുള്ള ചിത്രങ്ങൾ ഉണ്ടാക്കിയെടുക്കാനും ഫോട്ടോകളിൽ മാറ്റങ്ങൾ വരുത്താനും പുതിയ ക്രമീകരണത്തിലൂടെ സാധിക്കും.

വിഡിയോയുടെ സ്വഭാവത്തിനും വിഷയത്തിനും അനുയോജ്യമായ നിറങ്ങളും അക്ഷരരൂപങ്ങളും എഐ സ്വയം തിരഞ്ഞെടക്കും. വിഡിയോ അപ്ലോഡ് ചെയ്യുമ്പോൾ ലഭ്യമാകുന്ന വിവിധ തമ്പ്നെയിൽ ഓപ്ഷനുകളിൽ നിന്ന് ഏറ്റവും മികച്ചത് തെരഞ്ഞെടുക്കാൻ സ്രഷ്ടാക്കൾക്ക് സാധിക്കും. ഇത് വഴി ആളുകൾ കൂടുതൽ വിഡിയോകൾ കാണാനുള്ള സാധ്യത അഥവാ ക്ലിക്ക് ത്രൂ റേറ്റ് വർദ്ധിക്കുമെന്നാണ് വിലയിരുത്തൽ.

നിലവിൽ പലരും കൻവയോ ഫോട്ടോഷോപ്പോ അല്ലെങ്കിൽ മറ്റ് ആപ്പുകളോ ഉപയോഗിച്ചാണ് തമ്പ്നെയിൽ ഡിസൈൻ ചെയ്തുപോരുന്നത്. എന്നാൽ യൂട്യൂബ് സ്റ്റുഡിയോയിൽ തന്നെ ഈ സൗകര്യം നേരിട്ട് ലഭ്യമാകുന്നതോടെ മറ്റ് എഡിറ്റിംഗ് ആപ്പുകളുടെ ആവശ്യമില്ലാതെ പോകും. ആപ്പുകൾ മാറിമാറി ഉപയോഗിക്കുന്നത് മൂലം ഉണ്ടാകുന്ന സമയ നഷ്ടം ഇല്ലാതാക്കാൻ ഇത് സഹായിക്കും.

ഗെയിമിംഗ് വ്ലോഗുകൾ ശാസ്ത്ര വിഡിയോകൾ തുടങ്ങി ഏത് തരം വിഡിയോകൾക്കും അനുയോജ്യമായ രീതിയിൽ തമ്പ്നെയിലുകൾ തയാറാക്കാൻ പുതിയ സിസ്റ്റത്തിന് സാധിക്കും. സ്രഷ്ടാക്കളുടെ മുൻകാല വിഡിയോകളുടെ രീതി പരിശോധിച്ച് ചാനലിന്റെ തനതായ ശൈലി നിലനിർത്താനും എഐ ശ്രദ്ധിക്കും.

യൂട്യൂബിലേക്ക് പുതുതായി കടന്നുവരുന്ന തുടക്കക്കാരായ കണ്ടന്റ് ക്രിയേറ്റർമാർക്കാണ് ഈ പുതിയ ഫീച്ചർ ഏറെ പ്രയോജനപ്പെടുക. ഗ്രാഫിക് ഡിസൈനിംഗിൽ പരിചയമില്ലാത്തവർക്കും ഇനി മുതൽ ഉയർന്ന നിലവാരത്തിലുള്ള തമ്പ്നെയിലുകൾ നിർമ്മിച്ച് വിഡിയോകൾ ആകർഷകമാക്കാൻ സാധിക്കും.

പുതിയ ഫീച്ചർ ഘട്ടം ഘട്ടമായി ലോകത്താകമാനമുള്ള എല്ലാ യൂട്യൂബ് ഉപയോക്താക്കൾക്കും ലഭ്യമാക്കാനാണ് ഗൂഗിളിന്റെ തീരുമാനം. തുടക്കത്തിൽ തിരഞ്ഞെടുത്ത ചില പരീക്ഷണ അക്കൗണ്ടുകളിൽ മാത്രമാകും ഈ സൗകര്യം ലഭ്യമാകുക. പരീക്ഷണം വിജയകരമായി പൂർത്തിയാകുന്നതോടെ അടുത്ത മാസങ്ങളിൽ മുഴുവൻ ചാനലുകളിലേക്കും ഇത് നൽകും.

യൂട്യൂബ് സ്റ്റുഡിയോയിൽ അടുത്തിടെ കൊണ്ടുവന്ന നിരവധിയായ എഐ മാറ്റങ്ങളുടെ തുടർച്ചയായാണ് പുതിയ അപ്ഡേഷൻ എത്തിയിരിക്കുന്നത്. വിഡിയോ ടൈറ്റിലുകൾ വിവരണങ്ങൾ എന്നിവ എഐ വഴി നൽകുന്നതിന് പിന്നാലെയാണ് തമ്പ്നെയിൽ ജനറേറ്ററും അവതരിപ്പിച്ചിരിക്കുന്നത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ വിനോദ രംഗത്ത് പുതിയ ചരിത്രം സൃഷ്ടിക്കുമ്പോൾ യൂട്യൂബിന്റെ ഈ പുതിയ നീക്കം സോഷ്യൽ മീഡിയ ലോകത്ത് വലിയ തരംഗമാണ് ഉണ്ടാക്കുന്നത്. ടെക്നോളജിയുടെ ഈ മുന്നേറ്റത്തെ ഏറെ സന്തോഷത്തോടെയാണ് ലോകമെമ്പാടുമുള്ള കണ്ടന്റ് ക്രിയേറ്റർമാർ വരവേൽക്കുന്നത്.

## ഫോൺ സ്റ്റോറേജ് ഇടയ്ക്കിടെ നിറഞ്ഞു കവിയുന്നുണ്ടോ? വാട്സ്ആപ്പിലെ ഈ ചെറിയ ക്രമീകരണം മാറ്റി പ്രശ്നം പരിഹരിക്കാം

സ്മാർട്ട്ഫോൺ ഉപയോക്താക്കൾ നേരിടുന്ന ഏറ്റവും വലിയ പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് സ്റ്റോറേജ് പെട്ടെന്ന് നിറഞ്ഞു കവിയുന്നത്. പുതിയ ആപ്പുകൾ ഡൗൺലോഡ് ചെയ്യാനോ ഫോട്ടോകൾ പകർത്തി സൂക്ഷിക്കാനോ സാധിക്കാത്ത വിധം ഫോൺ മെമ്മറി ഫുൾ ആകുന്നത് പലരുടെയും പതിവ് പരാതിയാണ്. വലിയ ഫയലുകൾ ഫോണിൽ ഇല്ലെങ്കിൽ പോലും മെമ്മറി നിറയുന്നതിന് പിന്നിലെ പ്രധാന വില്ലൻ വാട്സ്ആപ്പ് ആണെന്ന് പലരും തിരിച്ചറിയാറില്ല.




ദിനംപ്രതി വാട്സ്ആപ്പിലൂടെ എത്തുന്ന നൂറുകണക്കിന് ഫോട്ടോകളും വീഡിയോകളും സ്വയം ഡൗൺലോഡ് ആയി ഫോൺ ഗാലറിയിൽ എത്തുന്നതാണ് ഇതിന് കാരണം. ഗുഡ് മോർണിംഗ് സന്ദേശങ്ങളും ഫോർവേഡ് വീഡിയോകളും ഗ്രൂപ്പ് ചാറ്റുകളിൽ നിന്നുള്ള മീഡിയ ഫയലുകളും ഗാലറി നിറയ്ക്കുന്നു. എന്നാൽ വാട്സ്ആപ്പിലെ ഏതാനും മാറ്റങ്ങളിലൂടെ ഈ പ്രശ്നം എളുപ്പത്തിൽ ഒഴിവാക്കാൻ സാധിക്കും.

ഓട്ടോമാറ്റിക് ആയി ഫോട്ടോകളും വീഡിയോകളും ഡൗൺലോഡ് ആകുന്നത് തടയാൻ ആദ്യം ചെയ്യേണ്ടത് വാട്സ്ആപ്പ് ക്രമീകരണങ്ങളിൽ മാറ്റം വരുത്തുകയാണ്. ഫോണിലെ വാട്സ്ആപ്പ് തുറന്ന ശേഷം മുകളിൽ വലതുഭാഗത്ത് കാണുന്ന ത്രീ ഡോട്ട് മെനുവിൽ തൊട്ട് സെറ്റിംഗ്സ് തുറക്കുക. അതിനശേഷം ചാറ്റ്സ് എന്ന വിഭാഗത്തിലേക്ക് പോകുക. ചാറ്റ്സ് വിഭാഗത്തിൽ കാണുന്ന മീഡിയ വിസിബിലിറ്റി എന്ന ഓപ്ഷൻ ഓഫ് ചെയ്ത് വെക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ഈ ഓപ്ഷൻ ഓഫ് ചെയ്യുന്നതോടെ വാട്സ്ആപ്പിൽ ലഭിക്കുന്ന പുതിയ ഫോട്ടോകളും വീഡിയോകളും നിങ്ങളുടെ ഫോൺ ഗാലറിയിൽ നേരിട്ട് പ്രത്യക്ഷപ്പെടില്ല. ഇത് ഫോണിന്റെ സ്റ്റോറേജ് പെട്ടെന്ന് നിറയുന്നത് തടയാൻ ഏറെ സഹായിക്കും.

ആൻഡ്രോയിഡ് ഫോണുകളിൽ ചാറ്റ് സെറ്റിംഗ്സ് വഴിയും ഐഫോണുകളിൽ സേവ് ടു ഫോട്ടോസ് ഓപ്ഷൻ വഴിയുമാണ് ഇത് ക്രമീകരിക്കേണ്ടത്. ഐഫോൺ ഉപയോക്താക്കൾ സെറ്റിംഗ്സിൽ ചാറ്റ്സ് തുറന്ന് സേവ് ടു ഫോട്ടോസ് ഓഫാക്കിയാൽ മതിയാകും. ഇത് ഫോണിന്റെ ഗാലറിയെ പൂർണ്ണമായും വൃത്തിയായി സൂക്ഷിക്കാൻ സഹായിക്കും.

ഇതിന് പുറമേ മൊബൈൽ ഡാറ്റയും വൈഫൈയും ഉപയോഗിക്കമ്പോൾ ഫയലുകൾ ഡൗൺലോഡ് ചെയ്യുന്നത് പൂർണ്ണമായും നിയന്ത്രിക്കാനും സാധിക്കും. അതിനായി വാട്സ്ആപ്പ് സെറ്റിംഗ്സിലെ സ്റ്റോറേജ് ആന്റ് ഡാറ്റ എന്ന ഭാഗത്തേക്ക് പ്രവേശിക്കുക. അവിടെ മീഡിയ ഓട്ടോ ഡൗൺലോഡ് എന്നൊരു സെക്ഷൻ കാണാൻ സാധിക്കും.

വെൻ യൂസിംഗ് മൊബൈൽ ഡാറ്റ, വെൻകണക്റ്റഡ്ഓൺവൈഫൈഎന്നിവയിൽ ക്ലിക്ക് ചെയ്ത് അവിടെ നൽകിയിരിക്കുന്ന ടിക്ക് മാർക്കുകൾ ഒഴിവാക്കുക. ഫോട്ടോസ്, ഓഡിയോ, വീഡിയോ, ഡോക്യുമെന്റ്സ് എന്നിവയ്ക്ക് നേരെയുള്ള ടിക്ക് മാർക്കുകൾ മാറ്റി ഓക്കെ നൽകിയാൽ ഒരു ഫയലും സ്വയം ഡൗൺലോഡ് ആകില്ല. ആവശ്യമുള്ള ഫയലുകൾ മാത്രം ഉപയോക്താവിന് കണ്ട് ഡൗൺലോഡ് ചെയ്യാൻ ഇതിലൂടെ സാധിക്കും.

എല്ലാ ഗ്രൂപ്പുകളിൽ നിന്നുമുള്ള ഫയലുകൾ തടയേണ്ടതില്ലെങ്കിൽ ഓരോ ചാറ്റിനും മാത്രമായി ഈ മാറ്റം കൊണ്ടുവരാം. പ്രധാനപ്പെട്ട ഏതെങ്കിലും വ്യക്തിയുടെയോ ഗ്രൂപ്പിന്റെയോ പ്രൊഫൈൽ പേജിൽ കയറി മീഡിയ വിസിബിലിറ്റി 'നോ' എന്ന് നൽകിയാൽ മതിയാകും. ഇത് വഴി ആ നിർദ്ദിഷ്ട ഗ്രൂപ്പിലെ സന്ദേശങ്ങൾ മാത്രം ഗാലറിയിൽ സേവ് ആകുന്നത് തടയാം.

ഫോണിൽ നിലവിൽ നിറഞ്ഞിരിക്കുന്ന വാട്സ്ആപ്പ് ഫയലുകൾ നീക്കം ചെയ്യാനും ആപ്പിൽ തന്നെ എളുപ്പ വഴിയുണ്ട്. സെറ്റിംഗ്സിലെ സ്റ്റോറേജ് ആന്റ് ഡാറ്റയിലെ മാനേജ് സ്റ്റോറേജ് എന്ന ഓപ്ഷൻ ഉപയോഗിച്ച് വലിയ ഫയലുകൾ വേഗത്തിൽ കണ്ടെത്താം. വൻതോതിൽ മെമ്മറി കവരുന്ന വീഡിയോകളും ചിത്രങ്ങളും ഇവിടെ നിന്ന് നേരിട്ട് ഡിലീറ്റ് ചെയ്യാൻ സാധിക്കും.

അനാവശ്യ ഫയലുകൾ നിരന്തരം വരുന്ന വലിയ ഗ്രൂപ്പുകളിൽ ഡിസപ്പിയറിംഗ് മെസ്സേജസ് ഫീച്ചർ ഓൺ ചെയ്യുന്നത് വളരെ പ്രയോജനപ്പെടും. ഒരു നിശ്ചിത സമയത്തിന് ശേഷം മെസ്സേജുകളും മീഡിയയും സ്വയമേവ മാഞ്ഞുപോകാൻ ഇത് സഹായിക്കും. ഫോണിന്റെ വേഗത നിലനിർത്താനും പെർഫോമൻസ് വർദ്ധിപ്പിക്കാനും ഈ ലളിതമായ ടെക്നിക്കുകൾ സഹായിക്കും.

# ഒഡീസിയിലെ ഡയലോഗ് വൈറൽ, ഇന്റർനെറ്റിൽ ട്രോൾ പൂരം



ക്രിസ്റ്റോഫർ നോളന്റെ പുതിയ സിനിമയിലെ വില്ലൻ കഥാപാത്രത്തിന്റെ ഒറ്റ ഡയലോഗ് ഇന്റർനെറ്റിൽ തരംഗമാകുന്നു. പ്രശസ്ത ഹോളിവുഡ് താരം റോബർട്ട് പറ്റിൻസൻ പറഞ്ഞ രംഗമാണ് ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലായിരിക്കുന്നത്. ചിത്രത്തിലെ ഡയലോഗ് കേട്ടപാതി സിനിമാ പ്രേമികൾ അത് ഏറ്റെടുക്കുകയായിരുന്നു.മാറ്റ് ഡാമൺ, ടോം ഹോളണ്ട്, സെൻഡയ തുടങ്ങി വൻ താരനിര അണിനിരക്കുന്ന ചിത്രത്തിൽ ആന്റിനസ് എന്ന വില്ലൻ വേഷത്തിലാണ് റോബർട്ട് പറ്റിൻസൻ എത്തുന്നത്. കഥാപാത്രത്തിന്റെ ക്രൂരതയും അഹങ്കാരവും വ്യക്തമാക്കുന്നതാണ് ഈ രംഗം.കഥയിലെ പ്രധാന നായകനായ ഒഡീസിയസ് ആരും തിരിച്ചറിയാത്ത വേഷത്തിൽ സ്വന്തം കൊട്ടാരത്തിലേക്ക് മടങ്ങിയെത്തുന്ന ഘട്ടത്തിലാണ് ഈ സംഭവം നടക്കുന്നത്. അവിടെ വെച്ച് വില്ലനായ ആന്റിനസ് നായകനെ അപമാനിക്കുന്ന രംഗമാണ് സിനിമയിലുള്ളത്. കഥാപാത്രത്തിന്റെ സ്വഭാവം വ്യക്തമാക്കാൻ ഉപയോഗിച്ച വാക്കുകളാണ് ഇപ്പോൾ ഇന്റർനെറ്റിൽ ഹിറ്റായി മാറിയത്. കഥയിലെ അഹങ്കാരിയായ വില്ലൻ നായകനോട് സംസാരിക്കുന്ന വൈകാരികമായ ഭാഗമാണിത്. അവിടെയുള്ള പാവപ്പെട്ട മനുഷ്യരെയും ഒഡീസിയസിനെയും ചൂണ്ടി 'ഈ തെണ്ടികളെ ഇവിടെ നിന്ന് പുറത്താക്കൂ' എന്ന് പറ്റിൻസൻ ആക്രോശിക്കുന്നു. ഈ ഡയലോഗ് പറഞ്ഞ പറ്റിൻസന്റെ അഭിനയ മികവിനെ ആരാധകർ ഒന്നടങ്കം പ്രശംസിക്കുകയാണ്.സിനിമ തിയേറ്ററുകളിൽ എത്തിയതിന് പിന്നാലെ ഈ രംഗത്തിന്റെ വീഡിയോകളും ചിത്രങ്ങളും സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിച്ചു. എക്സ്, ഇൻസ്റ്റാഗ്രാം തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ ലക്ഷക്കണക്കിന് ആളുകളാണ് ഈ ഡയലോഗ് പങ്കുവെച്ചത്. നിമിഷങ്ങൾക്കുള്ളിൽ ഇതൊരു വലിയ ട്രെൻഡായി മാറുകയായിരുന്നു.

## കൊടുങ്കാറ്റിന് മുകളിലും സൂര്യൻ ഉദിച്ചുനിൽപ്പുണ്ട്; ആ ഉപദേശം വെളിപ്പെടുത്തി മേഗൻ മാർക്കിൾ

ജീവിതത്തിൽ നേരിടുന്ന കടുത്ത പ്രതിസന്ധികളെയും വിഷമഘട്ടങ്ങളെയും എങ്ങനെ അതിജീവിക്കണം എന്നതിനെക്കുറിച്ച് ബ്രിട്ടീഷ് രാജകുടുംബാംഗമായ പ്രിൻസ് ഹാരി തനിക്ക് നൽകിയ ഉപദേശം വെളിപ്പെടുത്തി മേഗൻ മാർക്കിൾ. മോശം ദിനങ്ങളെ തരണം ചെയ്യാൻ ഭർത്താവ് തനിക്ക് പകർന്നുനൽകിയ വാക്കുകളാണ് എന്നും ഊർജ്ജമാകുന്നതെന്ന് അവർ തുറന്നു പറഞ്ഞു. ലോസ് ഏഞ്ചലസിൽ വെച്ച് നടന്ന പ്രത്യേക പൊതുപരിപാടിക്കിടെയാണ് മേഗൻ തന്റെ വ്യക്തിപരമായ അനുഭവങ്ങൾ പങ്കുവെച്ചത്.മേഗനും ഹാരിയും ചേർന്ന് നിർമ്മിച്ച കുക്കി ക്വീൻസ് എന്ന ഡോക്യുമെന്ററിയുടെ പ്രദർശന ചടങ്ങിലാണ് ഇരുവരുടെയും ജീവിതത്തിലെ ഈ അപൂർവ്വ നിമിഷം ചർച്ചയായത്. ജീവിതത്തിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന തടസ്സങ്ങളിൽ നിന്ന് എങ്ങനെ സ്വയം പ്രചോദനം കണ്ടെത്തുന്നു എന്ന ചോദ്യത്തിന് മറുപടിയായാണ് അവർ സംസാരിച്ചത്. വർഷങ്ങൾക്ക് മുൻപ് ഹാരി പറഞ്ഞ വാക്കുകൾ ഇന്നും തന്റെ മനസ്സിൽ മായാതെ നിൽക്കുന്നുണ്ടെന്ന് മേഗൻ വ്യക്തമാക്കി.ബ്രിട്ടീഷ് ആർമിയിൽ പത്ത് വർഷത്തോളം ഹെലികോപ്റ്റർ പൈലറ്റായി സേവനമനുഷ്ഠിച്ച അനുഭവത്തിന്റെ വെളിച്ചത്തിലാണ് പ്രിൻസ് ഹാരി ആ ഉപദേശം നൽകിയത്. എത്ര



വലിയ കൊടുങ്കാറ്റ് വീശിയടിച്ചാലും അതിന് മുകളിൽ സൂര്യൻ എപ്പോഴും പ്രകാശിച്ചുകൊണ്ട് തന്നെയുണ്ടാകും എന്നായിരുന്നു ഹാരി മേഗനോട് പറഞ്ഞത്. കഠിനമായ ദിവസങ്ങളിൽ ഭർത്താവ് പറഞ്ഞ ഈ വാക്കുകൾ തനിക്ക് നൽകിയ ആശ്വാസം ചെറുതല്ലെന്ന് അവർ കൂട്ടിച്ചേർത്തു. ജീവിതത്തിൽ അനുഭവപ്പെടുന്ന വലിയ പ്രശ്നങ്ങളെ വിശാലമായ കാഴ്ചപ്പാടോടെ സമീപിക്കാൻ ഈ ചിന്ത സഹായിക്കുമെന്നും മേഗൻ നിരീക്ഷിച്ചു. മുൻപ് എത്രയോ വലിയ പ്രതിസന്ധികൾ നാം അതിജീവിച്ചു എന്ന് ആലോചിക്കുമ്പോൾ ഇപ്പോഴത്തെ വിഷമങ്ങളും കടന്നുപോകുമെന്ന ആത്മവിശ്വാസം ലഭിക്കും. ഏത് പ്രതിസന്ധിയെയും മറികടന്ന് ലക്ഷ്യസ്ഥാനത്ത് എത്താൻ ഈ നിലപാട് സഹായിക്കുമെന്നും ഡച്ചസ് ഓഫ് സസെക്സ് പറഞ്ഞു.പ്രതിസന്ധികൾ എത്ര വലുതാണെന്ന് തോന്നിയാലും പ്രതീക്ഷയുടെ സൂര്യൻ എവിടെയോ ഉദിച്ചുനിൽപ്പുണ്ടെന്ന ഓർമ്മപ്പെടുത്തലാണ് ഹാരിയുടെ വാക്കുകളെന്ന് മേഗൻ പറഞ്ഞു. ഈ പോസിറ്റീവ് മനോഭാവമാണ് ഏതൊരു ദുരന്തമുഖത്തും ഉറച്ചുനിൽക്കാൻ മനുഷ്യർക്ക് കരുത്ത് നൽകുന്നത്. ജീവിതത്തിലെ വെല്ലുവിളികളെ നേരിടുമ്പോൾ എല്ലാവരും ഇത്തരം ഓർമ്മപ്പെടുത്തലുകൾ മനസ്സിൽ സൂക്ഷിക്കണമെന്നും അവർ നിർദ്ദേശിച്ചു.



## മ്യൂസിക് ലോകത്തെ ഞെട്ടിച്ച് ബിടിഎസ്; ഗ്രാമി അവാർഡിൽ നിന്ന് പിന്മാറി


ലോകമെമ്പാടും കോടിക്കണക്കിന് ആരാധകരുള്ള പ്രശസ്ത ദക്ഷിണ കൊറിയൻ സംഗീത സംഘമായ ബിടിഎസ് ഗ്രാമി അവാർഡുകളിൽ നിന്ന് പിന്മാറാൻ തീരുമാനിച്ചു. സംഗീത ലോകത്തെ ഏറ്റവും വലിയ പുരസ്കാര ചടങ്ങായ ഗ്രാമിയുടെ വരാനിരിക്കുന്ന പതിപ്പിൽ പങ്കെടുക്കില്ലെന്നാണ് ബാൻഡ് സംഘം വ്യക്തമാക്കിയത്.

ബിടിഎസിന്റെ ഈ അപ്രതീക്ഷിത തീരുമാനം ആഗോളതലത്തിൽ വലിയ ചർച്ചയായി മാറിയിരിക്കുകയാണ്.ബിടിഎസ് സംഘത്തിന്റെ പിന്മാറ്റ വാർത്ത ഗ്രാം അവാർഡ് സംഘാടകരെയും നിരാശരാക്കിയിട്ടുണ്ട്. റെക്കോർഡിംഗ് അക്കാദമി ചീഫ് ഈ തീരുമാനത്തിൽ തന്റെ കടുത്ത വിഷമം പരസ്യമായി രേഖപ്പെടുത്തി. സംഗീത ലോകത്ത് ഇത്രയധികം തരംഗം സൃഷ്ടിച്ച ഒരു ബാൻഡ് ചടങ്ങിൽ നിന്ന് മാറിനിൽക്കുന്നത് വലിയ നഷ്ടമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.തങ്ങളുടെ പുതിയ മ്യൂസിക് ആൽബങ്ങളുടെ നിർമ്മാണത്തിലും വേൾഡ് ടൂറുകളിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് ബാൻഡ് ഈ തീരുമാനമെടുത്തതെന്നാണ് സൂചന. എന്നാൽ ആരാധകർ ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന ഒരു നിമിഷമാണ് ഇതോടെ ഇല്ലാതായിരിക്കുന്നത്. തീരുമാനത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയാൻ കെ-പോപ്പ് പ്രേമികൾ കാത്തിരിക്കുകയാണ്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ആഗോള സംഗീത വിപണിയെ പൂർണ്ണമായും കീഴടക്കിയ സംഘമാണ് ബിടിഎസ്. ആർഎം, ജിൻ, സുഗ, ജെ-ഹോപ്പ്, ജിമിൻ, വി, ജങ്കൂക്ക് എന്നീ ഏഴ് അംഗങ്ങളാണ് ഈ ബാൻഡിലുള്ളത്. ഇവരുടെ ഓരോ പാട്ടുകളും ലോകമെമ്പാടുമുള്ള ചാർട്ടുകളിൽ ഒന്നാമതായി എത്താറുണ്ട്.മുൻ വർഷങ്ങളിൽ നിരവധി തവണ ഗ്രാമി പുരസ്കാരങ്ങൾക്കായി ബിടിഎസ് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുണ്ട്. എങ്കിലും പ്രധാന പുരസ്കാരം സ്വന്തമാക്കാൻ അവർക്ക് ഇതുവരെ സാധിച്ചിരുന്നില്ല.

## ക്രിസ്റ്റോഫർ നോളന്റെ സിനിമ കണ്ട് ഞെട്ടി ഉലകനായകൻ; ദ ഓഡിസിയെ പ്രശംസിച്ച് കമൽ ഹാസൻ

ഹോളിവുഡിലെ വിഖ്യാത സംവിധായകൻ ക്രിസ്റ്റോഫർ നോളന്റെ ഏറ്റവും പുതിയ ബ്രഹ്മാണ്ഡ ചിത്രം ദ ഓഡിസിയെ വാനോളം പുകഴ്ത്തി തമിഴ് സിനിമയുടെ ഉലകനായകൻ കമൽ ഹാസൻ. ലോക സിനിമയിലെ ഈ പുതിയ അത്ഭുതം പ്രേക്ഷകർ തീർച്ചയായും തിയേറ്ററുകളിൽ തന്നെ കണ്ടിരിക്കേണ്ട ചിത്രമാണെന്ന് അദ്ദേഹം സോഷ്യൽ മീഡിയയിൽ കുറിച്ചു. ഹോമർ കണ്ട സ്വപ്നം നോളൻ സിനിമയാക്കി മാറ്റിയപ്പോൾ താൻ ആ കൈയടികളുടെ ഭാഗമായെന്ന് കമൽ ഹാസൻ പറഞ്ഞു. കാലങ്ങളെ അതിജീവിക്കുന്ന സിനിമകളുടെ കൂട്ടത്തിലാണ് ഈ പടത്തിന്റെ സ്ഥാനമെന്നും അദ്ദേഹം വ്യക്തമാക്കുന്നു. ആഗോള തലത്തിൽ വലിയ സ്വീകാര്യത നേടി പ്രദർശനം തുടരുന്ന ഈ ചിത്രത്തോടുള്ള തന്റെ ആദരവ് ഉടൻ തന്നെ ഇന്ത്യൻ തിയേറ്ററുകളിൽ എത്തുമെന്നും അദ്ദേഹം വെളിപ്പെടുത്തി. സെൻസർ ബോർഡിന്റെ അനുമതി ഇതിനോടകം ലഭിച്ച പ്രത്യേക വീഡിയോ രൂപത്തിലാണ് ഇത് പ്രേക്ഷകർക്ക് മുന്നിൽ അവതരിപ്പിക്കുക. ചിത്രം റിലീസ് ചെയ്തതിന് പിന്നാലെ ഇൻസ്റ്റാഗ്രാമിലൂടെയാണ് കമൽ ഹാസൻ തനിക്ക് സിനിമ നൽകിയ അനുഭവം ആരാധകരുമായി പങ്കുവെച്ചത്.



# കൈവിട്ട സ്വപ്നങ്ങളും മലയാളി യുവാക്കളുടെ ആശങ്കകളും; പുതിയ കുടിയേറ്റ നയങ്ങളിൽ കാനഡ വല വീശുമ്പോൾ തകരുന്ന വിദേശ വിദ്യാഭ്യാസ പ്രതീക്ഷകൾ



ഇന്ത്യൻ കുടിയേറ്റക്കാരുടെ, പ്രത്യേകിച്ച് മലയാളി യുവാക്കളുടെ സ്വപ്നഭൂമിയായിരുന്ന കാനഡയിൽ തങ്ങളുടെ ജീവിതം കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്ന ആയിരക്കണക്കിന് ആളുകളെ ഞെട്ടിച്ചുകൊണ്ട് കടുത്ത സ്ഥിതിവിവരക്കണക്കുകളാണ് ഇമിഗ്രേഷൻ, റെഫ്യൂജീസ് ആൻഡ് സിറ്റിസൺഷിപ്പ് കാനഡ പുറത്തുവിട്ടിരിക്കുന്നത്. കാനഡയിലെ പുതിയ സ്ഥിരതാമസക്കാരുടെ എണ്ണത്തിൽ വൻതോതിലുള്ള കുറവാണ് സമീപകാലത്ത് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഏറ്റവും ഞെട്ടിക്കുന്ന വസ്തുത എന്തെന്നാൽ, ആകെയുണ്ടായ ഈ കുറവിന്റെ ഏകദേശം അറുപത് ശതമാനത്തോളം ഇടിവും ഇന്ത്യയിൽ നിന്നുള്ള അപേക്ഷകരിലാണ് ഉണ്ടായിരിക്കുന്നത്.

കഴിഞ്ഞ വർഷത്തേക്കാൾ ഇരുപതിനായിരത്തിലധികം ആളുകളുടെ കുറവാണ് ഇന്ത്യക്കാരുടെ സ്ഥിരതാമസ അനുമതികളിൽ ഉണ്ടായിട്ടുള്ളത്. പത്തു വർഷത്തോളമായി ഇന്ത്യൻ യുവാക്കൾ സുരക്ഷിത താവളമായി കണ്ടിരുന്ന കാനഡ പെട്ടെന്ന് കൈപ്പിടിയിലൊതുങ്ങാത്ത വിദൂര സ്വപ്നമായി മാറിയതിന് പിന്നിലെ നയതന്ത്ര തടസ്സങ്ങളെക്കുറിച്ചും, വിദ്യാർത്ഥികൾ, സ്ഥിരതാമസ ആഗ്രഹികൾ, ഇന്ത്യൻകേരളസാമ്പത്തികവ്യവസ്ഥഎന്നിവയിലുണ്ടാകുന്ന കടുത്ത ചലനങ്ങളെക്കുറിച്ചുമുള്ള സമഗ്രമായ വിവരണം താഴെ നൽകുന്നു:

## കാനഡയിലെ സ്ഥിരതാമസക്കാരുടെ നിരക്കിലുണ്ടായ കുറ്റൻ ഇടിവ്

**1. കണക്കുകളിൽ തെളിയുന്ന കടുത്ത കുറവും അറുപത് ശതമാനം ഇടിവും**

ഒട്ടാവ പുറത്തുവിട്ട ഏറ്റവും പുതിയ കണക്കുകൾ പ്രകാരം കാനഡയിലേക്ക് പുതുതായി എത്തുന്ന സ്ഥിരതാമസക്കാരുടെ എണ്ണം വലിയ തോതിൽ ഇടിഞ്ഞിട്ടുണ്ട്. ആകെയുണ്ടായ കുറവിന്റെ പ്രധാന പങ്കും ഇന്ത്യയിൽ നിന്നുള്ള അപേക്ഷകരിലാണ് പ്രതിഫലിക്കുന്നത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ അനുവദിച്ച അനുമതികളെ അപേക്ഷിച്ച് ഇരുപതിനായിരത്തിലധികം കുറവാണ് ഇന്ത്യക്കാർക്ക് ലഭിച്ചത്.

**2. വിദ്യാർത്ഥി വിസ നിഷേധങ്ങളും പുതിയ നിയന്ത്രണങ്ങളും**

കാനഡയിലെ സ്ഥിരതാമസത്തിലേക്കുള്ള പ്രധാന വാതിൽ അവിടെ പഠിക്കാൻ എത്തുന്ന അന്താരാഷ്ട്ര വിദ്യാർത്ഥികളായിരുന്നു. എന്നാൽ പഠന പെർമിറ്റുകളിൽ ഏർപ്പെടുത്തിയ കടുത്ത പരിധികളും വിസ അപേക്ഷകൾ കർശനമായി പരിശോധിക്കാൻ തുടങ്ങിയതും ഇന്ത്യക്കാരായ വിദ്യാർത്ഥികൾക്ക് കനത്ത തിരിച്ചടിയായി. വിസ അപേക്ഷകളിൽ തുടർച്ചയായി ഉണ്ടായ നിരസിക്കൽ നിരക്കുകൾ വിദ്യാർത്ഥികളെ പ്രതിസന്ധിയിലാക്കി. ഇതിന്റെ നേരിട്ടുള്ള ഫലമായാണ് പുതിയ സ്ഥിരതാമസക്കാരിലെ ഇന്ത്യക്കാരുടെ പങ്ക് അറുപത് ശതമാനത്തോളം താഴ്ന്നുപോയത്.

**3. എക്സ്പ്രസ് എൻട്രിയും സ്കോർ വ്യവസ്ഥകളിലെ തടസ്സങ്ങളും**

നൈപുണ്യമുള്ള തൊഴിലാളികൾക്കായി കാനഡ നടപ്പിലാക്കുന്ന വിസ സ്കോറിംഗ് രീതികളിൽ നിരന്തരം വർദ്ധനവുണ്ടായിട്ടുണ്ട്. കാനഡയിലെ പ്രാദേശിക തൊഴിൽ പരിചയമില്ലാത്ത വിദേശ അപേക്ഷകർക്ക് പോയിന്റുകൾ നേടുക അത്യന്തം ദുഷ്കരമാണ്. ഇതോടെ എക്സ്പ്രസ് എൻട്രി വഴി സ്ഥിരതാമസ അനുമതി കാത്തിരുന്ന ആയിരക്കണക്കിന് ഭാരതീയരുടെ പ്രതീക്ഷകൾ മങ്ങി.

**4. ഒട്ടാവയിലെ പുതിയ നയവ്യതിയാനങ്ങളും കുടിയേറ്റ ഭരണഘടനയും**

കാനഡയിലെ ആഭ്യന്തര താമസസൗകര്യങ്ങളുടെ ക്ഷാമവും വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകളുമാണ് പുതിയ നയങ്ങൾ രൂപീകരിക്കാൻ ഗവൺമെന്റിനെ നിർബന്ധിതരാക്കിയത്. തദ്ദേശീയരായ ജനങ്ങളുടെ അമർഷം ഒഴിവാക്കാൻ താൽക്കാലിക താമസക്കാരുടെയും വിദ്യാർത്ഥികളുടെയും എണ്ണം പരിമിതപ്പെടുത്താൻ നിർബന്ധിതമായി. കുടിയേറ്റ നിരക്കുകൾ നിയന്ത്രിച്ചു നിർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഭരണകൂടം മുന്നോട്ടുപോകുന്നത്.

## സ്വപ്ന ഭൂമിയിൽ നിന്ന് പ്രതിസന്ധികളിലേക്ക്: മലയാളി യുവാക്കളുടെ അവസ്ഥ

**1. കൈവിട്ട സ്വപ്നങ്ങളും വാടകയിലെയും തൊഴിലിലെയും യാഥാർത്ഥ്യങ്ങളും**

കേരളത്തിൽ നിന്നും വലിയ പ്രതീക്ഷകളോടെ കാനഡയിലേക്ക് കുടിയേറിയ പതിനായിരക്കണക്കിന് മലയാളി യുവാക്കളാണ് ഇന്ന് കടുത്ത നിരാശ നേരിടുന്നത്. നഗരങ്ങളിൽ വാടക നിരക്കുകൾ മുൻപെങ്ങുമില്ലാത്ത വിധം ഉയർന്നതും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവും വിദ്യാർത്ഥികളുടെ ജീവിതം ദുസ്സഹമാക്കി.

**2. പാർട്ട് ടൈം ജോലികളുടെ ക്ഷാമവും വർദ്ധിച്ചുവരുന്ന സാമ്പത്തിക ബാധ്യതകളും**

പഠനത്തോടൊപ്പം പാർട്ട് ടൈം ജോലികൾ ചെയ്ത് ജീവിതച്ചെലവുകളും കോഴ്സ് ഫീസും കണ്ടെത്തിയിരുന്ന രീതിക്ക് പൂർണ്ണമായി തടസ്സം നേരിട്ടിരിക്കുകയാണ്. വിപണിയിൽ തൊഴിലവസരങ്ങൾ ചുരുങ്ങിയതോടെ ഒരു സാധാരണ ജോലി പോലും ലഭിക്കാത്ത അവസ്ഥയിലാണ് പല വിദ്യാർത്ഥികളും.

**3. കാനഡയിൽ അനുഭവപ്പെടുന്ന പ്രതികൂല വിപണി പണപ്പെരുപ്പങ്ങൾ**

സൂപ്പർമാർക്കറ്റുകളിൽ നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്നത് അവിടെ കഴിയുന്ന ഇന്ത്യൻ വിദ്യാർത്ഥികളുടെ കുടുംബ ബജറ്റുകളെ തകിടം മറിക്കുന്നു. ഭക്ഷ്യ വസ്തുക്കൾക്കും ഗതാഗതത്തിനും നൽകേണ്ടി വരുന്ന കനത്ത തുക വിദ്യാർത്ഥികളുടെ സമ്പാദ്യത്തെ ഇല്ലാതാക്കുന്നു. താങ്ങാൻ കഴിയാത്ത ജീവിതച്ചെലവുകൾ കാരണം പലരും ഒന്നിലധികം ആളുകളുമായി ചെറിയ മുറികൾ പങ്കുവെച്ചാണ് കഴിയുന്നത്. ഇത് അവരുടെ മാനസികാരോഗ്യത്തെയും ദോഷകരമായി ബാധിക്കുന്നുണ്ട്.

**4. വിദേശ വിദ്യാഭ്യാസം ലക്ഷ്യമിട്ട മലയാളി കുടുംബങ്ങളുടെ ആകുലതകൾ**

കാനഡയിലെ തടസ്സങ്ങൾ പുറത്തുവന്നതോടെ തങ്ങളുടെ മക്കളെ വിദേശത്തേക്ക് അയക്കാൻ ലക്ഷ്യമിട്ട കേരളത്തിലെ ആയിരക്കണക്കിന് മാതാപിതാക്കൾ കടുത്ത ആശങ്കയിലാണ്. കോടികൾ കടമെടുത്ത് മക്കളെ വിദേശത്തേക്ക് അയച്ചിട്ട് ജോലി ലഭിക്കാതെ മടങ്ങേണ്ടി വരുമോ എന്ന ഭയം അതിശക്തമാണ്. സ്ഥിരതാമസം ലഭിക്കാനുള്ള സാധ്യതകൾ ഇല്ലാതാകുന്നത് വിദേശ വിദ്യാഭ്യാസത്തിനായുള്ള ആഗ്രഹങ്ങളിൽ കരിനിഴൽ വീഴ്ത്തിയിട്ടുണ്ട്. ഇതോടെ പല കുടുംബങ്ങളും തങ്ങളുടെ മുൻതീരുമാനങ്ങൾ പുനപരിശോധിക്കാൻ നിർബന്ധിതരായി.

## ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയിലും കേരളത്തിലും ഉണ്ടാകുന്ന കടുത്ത ആഘാതങ്ങൾ

**1. കേരളത്തിലെ ബാങ്കിംഗ് മേഖലയും വിദ്യാഭ്യാസ വായ്പകളും**

കാനഡ കുടിയേറ്റം പ്രതിസന്ധിയിലായതോടെ കേരളത്തിലെ ബാങ്കിംഗ് മേഖലയിൽ വൻ മാറ്റങ്ങളാണ് ഉണ്ടാകുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി വിദേശ വിദ്യാഭ്യാസത്തിനായി കോടിക്കണക്കിന് രൂപയുടെ വായ്പകളാണ് പ്രമുഖ ബാങ്കുകൾ വിതരണം ചെയ്തിരുന്നത്. നിലവിലെ സാഹചര്യത്തിൽ പഠനം പൂർത്തിയാക്കിയവർക്ക് ജോലി ലഭിക്കാതെ വരുതോടെ വായ്പാ തിരിച്ചടവുകൾ മുടങ്ങാനുള്ള സാധ്യതകൾ ഏറിവരികയാണ്. ഇത് ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി വർദ്ധിപ്പിക്കാൻ ഇടയാക്കുമെന്ന് സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു.

**2. കൺസൾട്ടൻസികളുടെ തകർച്ചയും അനുബന്ധ വിപണിയും**

കേരളത്തിലെ ചെറുനഗരങ്ങളിൽ പോലും തഴച്ചുവളർന്നിരുന്ന വിദേശ വിദ്യാഭ്യാസ കൺസൾട്ടൻസി സ്ഥാപനങ്ങൾ കടുത്ത തകർച്ചയെ അഭിമുഖീകരിക്കുകയാണ്. കാനഡയിലേക്കുള്ള അപേക്ഷകരുടെ എണ്ണത്തിൽ വൻ ഇടിവുണ്ടായതോടെ പല ഏജൻസികളും പൂട്ടലിന്റെ വക്കിലാണ്. ഇംഗ്ലീഷ് ഭാഷാ പരിശീലന കേന്ദ്രങ്ങൾ, വിസ പ്രൊസസിംഗ് ഏജൻസികൾ എന്നിവയെ ആശ്രയിച്ചു ജീവിച്ചിരുന്ന ആയിരക്കണക്കിന് ജീവനക്കാർക്ക് തൊഴിൽ ഭീഷണി നേരിടുന്നു. ഇത് പ്രാദേശിക സർവീസ് വിപണിയിൽ വലിയ നിശ്ചലാവസ്ഥ ഉണ്ടാക്കിയിട്ടുണ്ട്.

**3. വിദേശത്തുനിന്നുള്ള ധനപ്രവാഹത്തിലെ വ്യതിയാനങ്ങൾ**

മലയാളി കുടിയേറ്റക്കാരുടെ പ്രധാന ആകർഷണം നാട്ടിലേക്ക് അയക്കുന്ന വിദേശ പണമായിരുന്നു. കാനഡയിൽ സ്ഥിരതാമസം ലഭിക്കാത്തതും ജോലി അവസരങ്ങൾ കുറഞ്ഞതും കാരണം നാട്ടിലേക്ക് പണം അയക്കുന്നതിന്റെ അളവിൽ കുറവുണ്ടായിട്ടുണ്ട്. ഇത് കേരളത്തിലെ പ്രാദേശിക സാമ്പത്തിക വിപണിയെയും റിയൽ എസ്റ്റേറ്റ് മേഖലയെയും പ്രതികൂലമായി ബാധിക്കും. വിദേശ സമ്പാദ്യം പ്രതീക്ഷിച്ച് നിർമ്മിച്ച പല വൻകിട വീടുകളും നിർമ്മാണം പകുതിവഴിയിൽ നിലച്ച അവസ്ഥയിലാണ്.

**4. യൂറോപ്പിലേക്കും മറ്റ് രാജ്യങ്ങളിലേക്കും ചുവടുമാറുന്ന പുതിയ കുടിയേറ്റ പാതകൾ**

കാനഡ വാതിലുകൾ കൊട്ടിഅടച്ചതോടെ മലയാളി പുതിയ ലക്ഷ്യസ്ഥാനങ്ങൾ തേടിത്തുടങ്ങിയിട്ടുണ്ട്. ജർമ്മനി, മാൾട്ട, ജോർജിയ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലേക്കും മറ്റ് ഏഷ്യൻ വിപണികളിലേക്കുമാണ് ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. എന്നാൽ ഈ രാജ്യങ്ങളിലെ ഭാഷാ തടസ്സങ്ങളും തൊഴിൽ ചട്ടങ്ങളും കാനഡയേക്കാൾ സങ്കീർണ്ണമാണെന്ന യാഥാർത്ഥ്യം ഇവർ തിരിച്ചറിയുന്നുണ്ട്. കൃത്യമായ ആസൂത്രണമില്ലാതെ പുതിയ രാജ്യങ്ങളിലേക്ക് ചേക്കേറുന്നത് കൂടുതൽ അപകടങ്ങൾ സൃഷ്ടിച്ചേക്കാം.

## ഭാവി വീക്ഷണങ്ങളും കുടിയേറ്റ നയങ്ങളിലെ പുനർചിന്തനങ്ങളും

**1. യോഗ്യത അടിസ്ഥാനമാക്കിയുള്ള കുടിയേറ്റത്തിന്റെ അവശ്യകത**

കേവലം ഏതെങ്കിലും ഒരു സാധാരണ കോഴ്സ് പഠിച്ച് വിദേശത്ത് സ്ഥിരതാമസം നേടാം എന്ന ചിന്താഗതി പൂർണ്ണമായും തെറ്റാണെന്ന് പുതിയ അനുഭവങ്ങൾ തെളിയിക്കുന്നു. ഉയർന്ന സാങ്കേതിക നൈപുണ്യവും പ്രൊഫഷണൽ യോഗ്യതയുമുള്ളവർക്ക് മാത്രമേ ഭാവിയിൽ വിദേശ വിപണികളിൽ നിലനിൽപ്പുള്ളൂ. അനാവശ്യമായ ഡിപ്ലോമ കോഴ്സുകൾക്ക് പുറകെ പോകാതെ തൊഴിൽ അധിഷ്ഠിത യോഗ്യതകൾ നേടാൻ യുവാക്കൾ തയ്യാറാകണം. ആഗോള വിപണിക്ക് അനുയോജ്യമായ കഴിവുകൾ വളർത്തിയെടുക്കുക മാത്രമാണ് ഏക പോംവഴി.

**2. തട്ടിപ്പ് സ്ഥാപനങ്ങൾക്കെതിരെയുള്ള കർശന നടപടികൾ**

കാനഡയിലെ ഗുണനിലവാരമില്ലാത്ത പല സ്വകാര്യ കോളേജുകളും വിദ്യാർത്ഥികളെ ആകർഷിച്ച് കോടികൾ തട്ടിയെടുക്കുന്ന രീതി തുറന്നുകാട്ടപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ വിദേശ ഭരണകൂടങ്ങളും ഇന്ത്യൻ ഗവൺമെന്റും കടുത്ത നടപടികൾ സ്വീകരിക്കുന്നുണ്ട്. അംഗീകാരമില്ലാത്ത ഏജൻസികളെയും സ്ഥാപനങ്ങളെയും കുറിച്ച് വിദ്യാർത്ഥികൾ കൃത്യമായ വസ്തുതാ പരിശോധന നടത്തേണ്ടതുണ്ട്. മുൻകൂട്ടിയുള്ള ജാഗ്രത മാത്രമാണ് സാമ്പത്തിക നഷ്ടങ്ങൾ ഒഴിവാക്കാൻ സഹായിക്കുക.

**3. നാട്ടിലെ തൊഴിൽ അവസരങ്ങളും സ്വയംപര്യാപ്തതയും**

വിദേശ കുടിയേറ്റങ്ങൾ മാത്രം ലക്ഷ്യമിടാതെ തദ്ദേശീയമായി സംരംഭങ്ങൾ തുടങ്ങാനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും യുവാക്കൾ മുൻകൈയെടുക്കണം. സാങ്കേതിക വിദ്യ വികസിച്ച ഇക്കാലത്ത് നാട്ടിൽ ഇരുന്നുകൊണ്ട് തന്നെ ആഗോള കമ്പനികൾക്ക് വേണ്ടി ജോലി ചെയ്യാനുള്ള അവസരങ്ങൾ നിരവധിയാണ്. ഐടി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലകളിൽ അറിവ് നേടുന്നത് മികച്ച വരുമാനം ഉറപ്പാക്കും. സ്വന്തം നാട്ടിലെ വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത് കുടുംബ സുരക്ഷിതത്വം ഉറപ്പാക്കും.

**4. അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ അവകാശങ്ങളും സുരക്ഷിതത്വവും**

വിദേശത്ത് എത്തുന്ന ഇന്ത്യൻ വിദ്യാർത്ഥികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നയതന്ത്ര തലത്തിലുള്ള ഇടപെടലുകൾ അനിവാര്യമാണ്. താമസ സൗകര്യങ്ങൾ, തൊഴിൽ ചൂഷണങ്ങൾ എന്നിവയിൽ നിന്നും വിദ്യാർത്ഥികളെ സംരക്ഷിക്കാൻ കർശന നിയമങ്ങൾ ഉണ്ടായിരിക്കണം. വിദേശത്ത് എത്തുന്നതിന് മുൻപ് തന്നെ അവിടുത്തെ നിയമങ്ങളെക്കുറിച്ചും ചെലവുകളെക്കുറിച്ചും കൃത്യമായ ധാരണ ഉറപ്പാക്കണം. അനാവശ്യ പ്രലോഭനങ്ങളിൽ വീഴാതെ സുരക്ഷിതമായ ഭാവിക്കായി ആസൂത്രിതമായി നീങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

കാനഡയിലെ കുടിയേറ്റ നയങ്ങളിൽ വന്ന ഈ അടിയന്തിര മാറ്റങ്ങൾ വിദേശ പഠനം മാത്രം സ്വപ്നം കണ്ടിരുന്ന ഭാരതീയ യുവാക്കൾക്ക് വലിയൊരു തിരിച്ചറിവാണ് നൽകുന്നത്. സുരക്ഷിതമായ വിദേശ ജീവിതം എന്നത് കേവലം കോഴ്സ് ചേരലിലൂടെ സാധ്യമല്ലെന്നും, കൃത്യമായ നൈപുണ്യവും സാമ്പത്തിക ഭദ്രതയും അത്യാവശ്യമാണെന്നും നിലവിലെ അന്തരീക്ഷം വ്യക്തമാക്കുന്നു.

# ലോകം സ്വർണത്തിലേക്ക് തിരിയുമ്പോൾ കരുതൽ ശേഖരം വിറ്റഴിച്ച് കാനഡയും നോർവേയും



ലോകമെമ്പാടുമുള്ള കേന്ദ്ര ബാങ്കുകൾ സാമ്പത്തിക അനിശ്ചിതത്വങ്ങൾക്കും പണപ്പെരുപ്പത്തിനുമെതിരെ കരുതൽ ശേഖരമായി സ്വർണം വൻതോതിൽ വാങ്ങിക്കൂട്ടുന്ന കാലഘട്ടത്തിലാണ് കാനഡയും നോർവേയും വേറിട്ട വഴി തിരഞ്ഞെടുത്തിരിക്കുന്നത്. ഭൗമരാഷ്ട്രീയ സംഘർഷങ്ങളും വിപണിയിലെ ചാഞ്ചാട്ടങ്ങളും കണക്കിലെടുത്ത് മിക്ക രാജ്യങ്ങളും തങ്ങളുടെ സ്വർണ ശേഖരം വർധിപ്പിക്കുമ്പോൾ, ഈ രണ്ട് വികസിത രാജ്യങ്ങളുടെയും ഔദ്യോഗിക കരുതൽ ശേഖരത്തിൽ ഒരുതരി സ്വർണം പോലും ഇല്ലാത്ത അവസ്ഥയാണ്.

വേൾഡ് ഗോൾഡ് കൗൺസിലിന്റെ 2026 ലെ റിപ്പോർട്ടുകൾ പ്രകാരം ആഗോളതലത്തിൽ 89 ശതമാനം റിസർവ് മാനേജർമാരും വരും വർഷങ്ങളിൽ സ്വർണ ശേഖരം ഉയരുമെന്ന് പ്രവചിക്കുമ്പോഴും കാനഡയും നോർവേയും ഇതിനോട് വിമുഖത കാണിക്കുന്നു. വൻതോതിൽ സ്വർണം ഉത്പാദിപ്പിക്കുന്ന രാജ്യങ്ങളിലൊന്നായിരുന്നിട്ടും, കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളിലായി തങ്ങളുടെ പക്കലുണ്ടായിരുന്ന മുഴുവൻ സ്വർണവും ഘട്ടംഘട്ടമായി വിറ്റഴിക്കുകയാണ് കാനഡ ചെയ്തത്.

സ്വർണത്തിന് പലിശയോ നിശ്ചിത വരുമാനമോ ലഭിക്കില്ലെന്നതും പെട്ടെന്ന് വിറ്റഴിച്ച് പണമാക്കാനുള്ള ബുദ്ധിമുട്ടുമാണ് സ്വർണ ശേഖരം ഒഴിവാക്കാൻ കാനഡയെ പ്രേരിപ്പിച്ചത്. സ്വർണത്തിന് പകരം ലിക്വിഡിറ്റി കൂടുതലുള്ള യു.എസ് ട്രഷറി സെക്യൂരിറ്റികളിലും മറ്റ് വിദേശ ബോണ്ടുകളിലും നിക്ഷേപിക്കുന്നതാണ് രാജ്യത്തിന്റെ ആസ്തിബാധ്യത പൊരുത്തപ്പെടുത്തലിന് അനുയോജ്യമെന്ന് കാനഡയുടെ കേന്ദ്ര ബാങ്ക് വിലയിരുത്തുന്നു.

സമാനമായ നിലപാടാണ് നോർവേയുടേതും. രണ്ടാം ലോകമഹാ യുദ്ധകാലത്ത് സുരക്ഷിതത്വത്തിനായി വിദേശത്തേക്ക് മാറ്റിയ സ്വർണ ശേഖരത്തിന്റെ നല്ലൊരു പങ്കും 2004 ഓടെ നോർഗെസ് ബാങ്ക് വിറ്റഴിച്ചു. ഇന്ന് ചരിത്രപരമായ ആവശ്യങ്ങൾക്കും പ്രദർശനത്തിനുമായി സൂക്ഷിച്ചിരിക്കുന്ന ഏതാനും നാണയങ്ങളും ഏഴ് സ്വർണക്കട്ടികളും മാത്രമാണ് അവിടെയുള്ളത്. ഉയർന്ന ലിക്വിഡിറ്റിയുള്ള സാമ്പത്തിക ആസ്തികളിലാണ് കാനഡയെപ്പോലെ നോർവേയും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

അതേസമയം ലോകത്തിലെ പ്രമുഖ രാജ്യങ്ങളെല്ലാം സ്വർണത്തെ പ്രധാന സുരക്ഷാ കവചമായി കാണുന്നു. അമേരിക്ക തങ്ങളുടെ ഔദ്യോഗിക കരുതൽ ശേഖരത്തിന്റെ 83 ശതമാനത്തിലധികം സ്വർണമായി നിലനിർത്തി ഒന്നാം സ്ഥാനത്ത് തുടരുമ്പോൾ, ജർമ്മനി, ഇറ്റലി, ഫ്രാൻസ്, ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങളും വൻ സ്വർണശേഖരം കൈവശം വെക്കുന്നു. സമീപകാലത്ത് പോളണ്ട്, കസാക്കിസ്ഥാൻ, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളും തങ്ങളുടെ സ്വർണ ശേഖരം വലിയ തോതിൽ വർധിപ്പിച്ചിട്ടുണ്ട്. ഇന്ത്യയുടെ വിദേശ നാണ്യ കരുതൽ ശേഖരത്തിന്റെ 18.4 ശതമാനവും സ്വർണമാണ്.

നിക്ഷേപത്തിൽ ഒരൊറ്റ മാതൃക പിന്തുടരുന്നതിന് പകരം, പലിശ ലഭിക്കുന്നതും സുരക്ഷിതവുമായ സാമ്പത്തിക ആസ്തികളിലേക്ക് മാറുക എന്ന ദീർഘകാല സാമ്പത്തിക നയമാണ് കാനഡയെയും നോർവേയെയും ബാക്കി ലോക രാജ്യങ്ങളിൽ നിന്ന് വേറിട്ടുനിർത്തുന്നത്.

# ഒപിടി തൊഴിൽ അവസരങ്ങൾ ചുരുങ്ങുമ്പോൾ ഇന്ത്യൻ ബിരുദധാരികളും കുടിയേറ്റക്കാരും നേരിടുന്ന വലിയ വെല്ലുവിളികൾ



2026 ജൂലൈ മാസത്തിൽ അമേരിക്കൻ ആഭ്യന്തര സുരക്ഷാ വകുപ്പും ഇമിഗ്രേഷൻ വിഭാഗവും പുറപ്പെടുവിച്ച് വരാനിരിക്കുന്ന സെപ്തംബറിൽ പ്രാബല്യത്തിൽ വരുത്താൻ പോകുന്ന കടുത്ത വിദ്യാർത്ഥി വിസ ഭേദഗതികൾ ആഗോള വിദ്യാഭ്യാസ വിപണിയിൽ വൻ പ്രകമ്പനമാണ് സൃഷ്ടിക്കുന്നത്. വിദേശ വിദ്യാർത്ഥികൾക്ക് അവരുടെ പഠന കോഴ്സ് പൂർത്തിയാകുന്നത് വരെ രാജ്യത്ത് തുടരാൻ അനുവാദം നൽകിയിരുന്ന പാരമ്പര്യമായി നിലനിന്ന 'ഡ്യൂറേഷൻ ഓഫ് സ്റ്റാറ്റസ്' നയം പൂർണ്ണമായി നിർത്തലാക്കിക്കൊണ്ടാണ് ട്രംപ് ഭരണകൂടം പുതിയ നിയമം പ്രഖ്യാപിച്ചിരിക്കുന്നത്.

ഇനിമുതൽ എഫ്-1, ജെ-1 വിസകളിൽ എത്തുന്ന ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് പരമാവധി നാല് വർഷം മാത്രമേ അമേരിക്കൻ മണ്ണിൽ താമസിക്കാൻ അനുവാദമുണ്ടാകൂ. നാല് വർഷത്തിന് ശേഷമുള്ള പഠനങ്ങൾക്കോ തൊഴിൽ പരിശീലനങ്ങൾക്കോ ഗവൺമെന്റ് ഇമിഗ്രേഷൻ ഏജൻസികൾക്ക് മുൻപിൽ പ്രത്യേക അപേക്ഷ നൽകി അനുമതി വാങ്ങണമെന്ന വ്യവസ്ഥ വിദേശ വിദ്യാർത്ഥികളെ കടുത്ത അനിശ്ചിതത്വത്തിലാക്കുന്നു.

യുഎസ് എക്കണോമിയിൽ ഇതിലൂടെ സംഭവിക്കാൻ പോകുന്ന 400 ബില്യൺ ഡോളറിന്റെ പീപ്പിൾസ് ലൊസ്, പിറ്റേഴ്സൺ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർനാഷണൽ ഇക്കണോമിക്സ് നടത്തിയ ശാസ്ത്രീയ പഠനത്തിലെ കണ്ടെത്തലുകൾ, സ്റ്റെം മേഖലയിലെ അടിയന്തിര തടസ്സങ്ങൾ എന്നിവ താഴെ സമഗ്രമായി പരിശോധിച്ച് അവലോകനം ചെയ്യുന്നു.

## നാല് വർഷത്തെ അഡ്മിഷൻ പരിധിയും പുതിയ വിസാ കടമ്പകളും

അരനൂറ്റാണ്ടുകാലമായി തുടർന്നുപോന്നിരുന്ന ലളിതമായ കുടിയേറ്റ നയങ്ങളെ പൂർണ്ണമായി റദ്ദാക്കിക്കൊണ്ടാണ് യുഎസ് ഭരണകൂടം തങ്ങളുടെ പുതിയ വിസ ചട്ടങ്ങൾ കൊണ്ടുവന്നിരിക്കുന്നത്. വിദ്യാർത്ഥികളുടെ സ്വതന്ത്രമായ പഠന സ്വാതന്ത്ര്യത്തിന് മേൽ ഇത് നിർണ്ണായകമായ തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

**1. ഡ്യൂറേഷൻ ഓഫ് സ്റ്റാറ്റസ് നയത്തിന്റെ അന്ത്യം**

മുൻകാലങ്ങളിൽ അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ പ്രവേശനം ലഭിക്കുന്ന വിദേശ വിദ്യാർത്ഥികൾക്ക് തങ്ങളുടെ കോഴ്സ് നീണ്ടുപോയാലും പഠനം പൂർത്തിയാകുന്നത് വരെയും അതിനു ശേഷമുള്ള ഇന്റേൺഷിപ്പ് കാലയളവ് വരെയും നിയമപരമായി യുഎസിൽ തുടരാൻ സാധിച്ചിരുന്നു. എന്നാൽ പുതിയ ഭേദഗതിയോടെ, വിസ കാലയളവ് കൃത്യമായി നാല് വർഷമായി പരിമിതപ്പെടുത്തി. നാല് വർഷത്തിനുള്ളിൽ ബിരുദം പൂർത്തിയാക്കാൻ കഴിയാത്തവരോ, തുടർ പഠനങ്ങൾ ആഗ്രഹിക്കുന്നവരോ ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാൻഡ് സെക്യൂരിറ്റിക്ക് അപേക്ഷ നൽകി പേപ്പർവർക്കുകൾ പൂർത്തിയാക്കി കാത്തിരിക്കേണ്ടി വരും.

**2. വിദ്യാർത്ഥികൾ നേരിടുന്ന കടുത്ത പേപ്പർവർക്കുകളും കാലതാമസങ്ങളും**

നാല് വർഷത്തെ സമയപരിധി കഴിയുമ്പോൾ വീണ്ടും അപേക്ഷ നൽകി ഫെഡറൽ അനുമതി നേടുന്നത് ഇതിനകം ജോലിഭാരത്താൽ അമരുന്ന യുഎസ് ഇമിഗ്രേഷൻ ഏജൻസികളുടെ കാര്യക്ഷമതയെ കടുത്ത രീതിയിൽ ബാധിക്കും. സമയത്തിന് അനുമതി ലഭിക്കാതെ വരുന്നത് മൂലം പതിനായിരക്കണക്കിന് വിദ്യാർത്ഥികളുടെ പഠനം പകുതിവഴിയിൽ മുടങ്ങാനോ അല്ലെങ്കിൽ നിർബന്ധിതമായി സ്വന്തം രാജ്യങ്ങളിലേക്ക് മടങ്ങാനോ ഉള്ള അവസ്ഥകൾ സംജാതമാകും. സങ്കീർണ്ണമായ ഈ പ്രക്രിയ വിദേശ വിദ്യാർത്ഥികളെ അമേരിക്കൻ യൂണിവേഴ്സിറ്റികൾ തിരഞ്ഞെടുക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കും.

**3. കോഴ്സ് മാറ്റങ്ങൾക്കും മേജറുകൾക്കും മേലുള്ള നിരോധനങ്ങൾ**

പുതിയ വ്യവസ്ഥകൾ അനുസരിച്ച് പ്രവേശനാനുമതി ലഭിച്ച വിദ്യാർത്ഥികൾക്ക് ആദ്യ അക്കാദമിക് വർഷത്തിൽ തങ്ങളുടെ വിഷയം മാറ്റാനോ മറ്റൊരു കോളേജിലേക്ക് ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്യാനോ സാധിക്കില്ല. പ്രത്യേക ഫെഡറൽ ഇളവുകൾ ലഭ്യമായാൽ മാത്രമേ അത്തരം മാറ്റങ്ങൾ സാധ്യമാകൂ എന്ന് നിയമം വ്യക്തമാക്കുന്നു. യൂണിവേഴ്സിറ്റികളുടെ അക്കാദമിക് സ്വയംഭരണത്തിന് മേലുള്ള ഭരണകൂടത്തിന്റെ കടന്നുകയറ്റമാണ് ഇതെന്നും പ്രൊഫസർമാരല്ല മറിച്ച് ഇമിഗ്രേഷൻ ഉദ്യോഗസ്ഥരാണ് അക്കാദമിക് ഭാവിയെക്കുറിച്ച് തീരുമാനങ്ങൾ എടുക്കുന്നത് എന്നും എൻഎഎഫ്എസ്എ പോലെയുള്ള വിദ്യാഭ്യാസ കൂട്ടായ്മകൾ കുറ്റപ്പെടുത്തുന്നു.

**4. സുരക്ഷാ വാദങ്ങളും വസ്തുതാപരമായ യാഥാർത്ഥ്യങ്ങളും**

വിദ്യാർത്ഥി വിസ ദുരുപയോഗം ചെയ്യുന്നത് തടയാനും രാജ്യസുരക്ഷ ഉറപ്പാക്കാനുമാണ് ഈ നടപടിയെന്നാണ് ഭരണകൂടം ഔദ്യോഗികമായി ആവർത്തിക്കുന്നത്. മുൻ കാലങ്ങളിൽ എന്റർ ചെയ്ത ചില അപേക്ഷകർ ദശകങ്ങളോളം നിയമവിരുദ്ധമായി യുഎസിൽ തുടരുന്നുണ്ടെന്നാണ് ഡിഎച്ച്എസ് ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ പിഐഐഇ റിപ്പോർട്ട് അനുസരിച്ച് ഇത്തരം വ്യാജ കേസുകൾ കോടിക്കണക്കിന് വരുന്ന വിദേശ വിദ്യാർത്ഥികളിൽ തികച്ചും ചെറിയൊരു ശതമാനം മാത്രമാണ്. നിലവിലുള്ള ട്രാക്കിംഗ് സിസ്റ്റം വഴി ഇവരെ കണ്ടെത്താൻ കഴിയുമെന്നിരിക്കെ ആഗോളതലത്തിൽ പ്രതിഭാശാലികളെ തടയാനാണ് ഭരണകൂടം ശ്രമിക്കുന്നത്.

## 400 ബില്യൺ ഡോളറിന്റെ സാമ്പത്തിക തകർച്ചയും പിഐഐഇ വിലയിരുത്തലുകളും

പിറ്റേഴ്സൺ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർനാഷണൽ ഇക്കണോമിക്സ് നടത്തിയ പഠനം വ്യക്തമാക്കുന്നത് വിദേശ വിദ്യാർത്ഥികളുടെ വരവ് തടസ്സപ്പെടുന്നത് അമേരിക്കൻ ജിഡിപിയെയും സേവന കയറ്റുമതിയെയും കടുത്ത രീതിയിൽ തകർക്കുമെന്നാണ്.

**1. വാർഷിക വരുമാനത്തിലെ ഭീമമായ ഇടിവ്**

അന്താരാഷ്ട്ര വിദ്യാർത്ഥികൾക്ക് നൽകുന്ന ഉപരിപഠനം എന്നത് അമേരിക്കയുടെ ആകെ സേവന കയറ്റുമതിയുടെ അഞ്ച് ശതമാനത്തോളം വരുന്ന ഒരു പ്രധാന സാമ്പത്തിക മേഖലയാണ്. പഠനച്ചെലവുകൾ, കോഴ്സ് ഫീസുകൾ, താമസച്ചെലവുകൾ എന്നിവ വഴി മാത്രം കോടിക്കണക്കിന് ഡോളറാണ് രാജ്യത്തേക്ക് എത്തുമായിരുന്നത്. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികളുടെ നിരക്കിൽ ഒരു ദീർഘകാല മൂന്നിലൊന്ന് ഇടിവുണ്ടായാൽ പ്രതിവർഷം 200 ബില്യൺ മുതൽ 400 ബില്യൺ ഡോളർ വരെ ഉൽപ്പാദന വിപണിയിൽ നിന്നും നഷ്ടപ്പെടുമെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു.

**2. സൗത്ത് കരോളിന സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന് തുല്യമായ നഷ്ടം**

ഈ സാമ്പത്തിക നഷ്ടത്തിന്റെ വ്യാപ്തി വ്യക്തമാക്കാൻ പ്രമുഖ ഗവേഷകനായ മൈക്കിൾ എ. ക്ലെമൻസ് നൽകുന്ന ഒരു വിശകലനമുണ്ട്. 400 ബില്യൺ ഡോളറിന്റെ നഷ്ടം എന്നത് അമേരിക്കൻ ഐക്യനാടുകളിലെ സൗത്ത് കരോളിന അല്ലെങ്കിൽ യൂട്ടാ പോലെയുള്ള ഒരു സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര ഉൽപ്പാദനം പൂർണ്ണമായി ഇല്ലാതാകുന്നതിന് തുല്യമാണ്. യുഎസ് ജിഡിപിയുടെ ഏകദേശം 0.7 മുതൽ 1.3 ശതമാനം വരെ നഷ്ടപ്പെടുന്നത് അമേരിക്കക്കാരുടെ ജീവിത നിലവാരത്തെ ദോഷകരമായി ബാധിക്കും.

**3. സ്റ്റെം മേഖലയിലെ അത്യാധുനിക പ്രതിഭകളുടെ ക്ഷാമം**

ശാസ്ത്രം, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, ഗണിതം തുടങ്ങിയ സ്റ്റെം മേഖലകളെയാണ് ഈ നയ വ്യതിയാനം ഏറ്റവും കൂടുതൽ തളർത്തുന്നത്. യുഎസിൽ എത്തുന്ന വിദേശ സ്റ്റെം ബിരുദധാരികൾ തദ്ദേശീയരായ വിദ്യാർത്ഥികളേക്കാൾ നാലിരട്ടി വേഗത്തിലാണ് പുതിയ പേറ്റന്റുകളും കണ്ടെത്തലുകളും സ്വന്തമാക്കുന്നത്. ഇവരുടെ കടന്നുവരവ് നിലയ്ക്കുന്നതോടെ ശാസ്ത്രീയ ഗവേഷണങ്ങളിലും വികസന പദ്ധതികളിലും പ്രമുഖ സ്ഥാനത്തുണ്ടായിരുന്ന അമേരിക്കൻ സ്ഥാപനങ്ങൾ പിന്നാക്കം പോകും.

**4. സ്റ്റാർട്ടപ്പുകളുടെയും ഉൽപ്പാദന ക്ഷമതയുടെയും തകർച്ച**

അമേരിക്കയിലെ വൻകിട ടെക് കമ്പനികളും അതിവേഗം വളരുന്ന പ്രാരംഭ സംരംഭങ്ങളും ആരംഭിക്കുന്നതിൽ വിദേശ ബിരുദധാരികളുടെ പങ്ക് നിർണ്ണായകമാണ്. യുഎസ് സർവ്വകലാശാലകളിൽ പഠിച്ചിറങ്ങുന്ന വിദേശികൾ സാധാരണ വിദ്യാർത്ഥികളേക്കാൾ ആറിരട്ടി വേഗത്തിലാണ് പുതിയ ബിസിനസ്സ് സ്ഥാപനങ്ങൾ തുറക്കുന്നത്. പുതിയ ടെക് സംരംഭങ്ങളും ഉൽപ്പന്ന നിർമ്മാണങ്ങളും നടക്കാതെ പോകുന്നതോടെ വരും കാലങ്ങളിൽ പുതിയ വ്യവസായ ശൃംഖലകൾ പോലും അമേരിക്കയിൽ ഉൽഭവിക്കാത്ത അവസ്ഥ സംജാതമാകും.

## ഒപിടി ഇന്റേൺഷിപ്പ് ഭീഷണികളും സിലിക്കൺ വാലിയുടെ ആശങ്കകളും

ഓപ്ഷണൽ പ്രാക്ടിക്കൽ ട്രെയിനിംഗ് സംവിധാനങ്ങൾ ഇല്ലാതാക്കാനും വിദേശികൾക്ക് ജോലി നൽകുന്നത് കുറയ്ക്കാനുമാണ് ഈ നിയമങ്ങൾ ലക്ഷ്യമിടുന്നത്.

**1. ഒപിടി പ്രോഗ്രാമുകളുടെ ഭാവിയും വിസ നിയന്ത്രണങ്ങളും**

ബിരുദ പഠനം പൂർത്തിയാക്കിയ ശേഷം അമേരിക്കൻ കമ്പനികളിൽ താൽക്കാലികമായി ജോലി ചെയ്യാൻ വിദ്യാർത്ഥികൾക്ക് അനുവാദം നൽകുന്ന ഒപിടി സംവിധാനത്തിൽ കടുത്ത നിയന്ത്രണങ്ങൾ കൊണ്ടുവരാൻ പുതിയ ചട്ടങ്ങൾ വഴിയൊരുക്കുന്നു. പോസ്റ്റ് ഗ്രാജുവേഷൻ വർക്ക് അനുമതികൾ ഓരോ വിദ്യാർത്ഥിക്കും നൽകണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള പരമാധികാരം ഇമിഗ്രേഷൻ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാകുന്നു. വിദ്യാർത്ഥികൾക്ക് ജോലി ചെയ്യാവുന്ന സമയപരിധി ചുരുക്കുന്നത് വഴി മികച്ച പ്രതിഭകൾ യുഎസ് വിപണിയിൽ തുടരുന്നത് ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്.

**2. ഐടി വ്യവസായത്തിനും ബിസിനസ്സുകൾക്കും ഏൽക്കുന്ന തിരിച്ചടികൾ**

സിലിക്കൺ വാലിയിലെ വൻകിട സോഫ്റ്റ്‌വെയർ കമ്പനികൾ തങ്ങളുടെ പ്രധാന സാങ്കേതിക തസ്തികകളിലേക്ക് പ്രാഥമികമായി തെരഞ്ഞെടുക്കുന്നത് അമേരിക്കൻ സർവ്വകലാശാലകളിൽ നിന്നും ഇറങ്ങുന്ന കഴിവുള്ള വിദേശ വിദ്യാർത്ഥികളെയാണ്. നാല് വർഷത്തെ പരിധിയും ഒപിടി തടസ്സങ്ങളും കാരണം ഇത്തരം പ്രൊഫഷണലുകൾ വിപണിയിൽ കിട്ടാതാകുന്നത് ഗ്ലോബൽ ടെക് കമ്പനികളുടെ ഉൽപ്പാദനക്ഷമതയെ ബാധിക്കും. കഴിവുള്ള ജീവനക്കാരെ കിട്ടാതെ വരുന്നത് പല വിദേശ സ്ഥാപനങ്ങളെയും തങ്ങളുടെ ഗവേഷണ കേന്ദ്രങ്ങൾ യുകെ, കാനഡ അല്ലെങ്കിൽ യൂറോപ്പ് എന്നിവിടങ്ങളിലേക്ക് മാറ്റാൻ പ്രേരിപ്പിക്കും.

**3. യുകെ, കാനഡ, ഓസ്ട്രേലിയ വിപണികളുടെ പുതിയ കുതിപ്പ്**

അമേരിക്ക തങ്ങളുടെ വാതിലുകൾ കൊട്ടിയടയ്ക്കുമ്പോൾ, യൂറോപ്യൻ രാജ്യങ്ങളും മറ്റ് വികസിത രാഷ്ട്രങ്ങളും ഈ അവസരം മുതലെടുക്കാൻ തയ്യാറായി രംഗത്തെത്തിയിട്ടുണ്ട്. പഠനശേഷം എളുപ്പത്തിൽ ജോലി അനുമതിയും സ്ഥിരതാമസ സാധ്യതകളും നൽകുന്ന ജർമ്മനി, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതിയ ബാച്ച് വിദ്യാർത്ഥികൾ തിരിയാൻ തുടങ്ങും. ഇത് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട എജ്യുക്കേഷൻ ഹബ്ബ് എന്ന അമേരിക്കൻ പദവിക്ക് വൻ തകർച്ച സൃഷ്ടിക്കും.

**4. എച്ച്‌വൺബി വിസ അപേക്ഷകരിലുണ്ടാകുന്ന ശൂന്യത**

അമേരിക്കയിലെ വിദഗ്ദ്ധ തൊഴിൽ വിസയായ എച്ച്‌വൺബിയുടെ സിംഹഭാഗവും നേടിയിരുന്നത് യുഎസ് ബിരുദങ്ങളും ഒപിടി പരിചയവുമുള്ള വിദേശികളായിരുന്നു. പുതിയ നിയമ ഭേദഗതികൾ വരുന്നതോടെ അമേരിക്കൻ സ്ഥാപനങ്ങൾക്ക് തദ്ദേശീയമായി എച്ച്‌വൺബി കാൻഡിഡേറ്റുകളെ കണ്ടെത്തുക അസാധ്യമാകും. ഇത് കോർപ്പറേറ്റ് കമ്പനികളുടെ ആഗോള വിപണി മത്സര ശേഷിയെ ഇല്ലാതാക്കുമെന്ന് ഐടി അസോസിയേഷനുകൾ വെളിപ്പെടുത്തുന്നു.

## ഇന്ത്യൻ വിദ്യാർത്ഥികൾക്ക് മുന്നിലെ തടസ്സങ്ങളും ഭാവി നയതന്ത്ര മാർഗ്ഗങ്ങളും

അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന ഭാരതീയരുടെ എണ്ണത്തിൽ മുൻവർഷങ്ങളിൽ വൻ വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സാഹചര്യത്തിലാണ് പുതിയ പ്രഹരം എത്തുന്നത്.

**1. വായ്പകൾ എടുത്ത ഇന്ത്യൻ കുടുംബങ്ങളുടെ ആശങ്കകൾ**

നാട്ടിലെ വസ്തുവകകൾ പണയം വെച്ചും ബാങ്കുകളിൽ നിന്നും കോടിക്കണക്കിന് രൂപ വിദ്യാഭ്യാസ വായ്പകൾ എടുത്തുമാണ് ഭൂരിഭാഗം ഇന്ത്യൻ കുടുംബങ്ങളും തങ്ങളുടെ മക്കളെ അമേരിക്കൻ പഠനത്തിനായി അയക്കുന്നത്. പഠനത്തിന് ശേഷം ഒപിടി വഴി അമേരിക്കയിൽ ജോലി ചെയ്ത് ഈ ഭീമമായ വായ്പകൾ തിരിച്ചടയ്ക്കാം എന്ന പ്രതീക്ഷയ്ക്കാണ് പുതിയ നാല് വർഷ വിസ പരിധി തടസ്സം സൃഷ്ടിക്കുന്നത്. നാല് വർഷം കൊണ്ട് പഠനം പൂർത്തിയാക്കി ജോലി ലഭിച്ചില്ലെങ്കിൽ അടിയന്തിരമായി രാജ്യം വിടേണ്ടി വരുന്നത് ഇന്ത്യൻ കുടുംബങ്ങളെ കടുത്ത കടക്കെണിയിലേക്ക് തള്ളിവിടും.

**2. കോൺഗ്രഷണൽ റിവ്യൂ ആക്റ്റും കോടതി ഹർജികളും**

സാമ്പത്തിക തകർച്ച ഉണ്ടാക്കുന്ന ഈ വിചിത്രമായ നയത്തിനെതിരെ യുഎസ് കോൺഗ്രസിന് ഇടപെടാൻ സാധിക്കുമെന്ന് പിഐഐഇ റിപ്പോർട്ട് നിർദ്ദേശിക്കുന്നുണ്ട്. കോൺഗ്രഷണൽ റിവ്യൂ ആക്ട് പ്രകാരം ഭരണകൂടത്തിന്റെ ഈ ഏകപക്ഷീയ തീരുമാനങ്ങൾ റദ്ദാക്കാൻ ജനപ്രതിനിധികൾക്ക് അധികാരമുണ്ട്. കൂടാതെ, വിദേശ വിദ്യാർത്ഥികളുടെ ഭീമമായ സാമ്പത്തിക സംഭാവനകൾ കണക്കിലെടുക്കാതെ ധൃതിപിടിച്ച് കൊണ്ടുവന്ന നിയമത്തിനെതിരെ പ്രമുഖ അമേരിക്കൻ യൂണിവേഴ്സിറ്റികൾ ഫെഡറൽ കോടതികളിൽ അടിയന്തിര ഹർജികൾ നൽകാൻ തയാറെടുക്കുകയാണ്.

**3. വിദ്യാർത്ഥികൾ സ്വീകരിക്കേണ്ട പുതിയ തന്ത്രങ്ങൾ**

അമേരിക്കയിലേക്ക് ഉപരിപഠനത്തിന് തയ്യാറെടുക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ കോഴ്സുകൾ തിരഞ്ഞെടുക്കുമ്പോൾ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. കൃത്യമായി നാല് വർഷത്തിനുള്ളിൽ തീർക്കാൻ കഴിയുന്ന അക്കാദമിക് പ്രോഗ്രാമുകളും, ഫെഡറൽ ഏജൻസികളുടെ അംഗീകാരമുള്ള പ്രധാന സ്റ്റെം കോഴ്സുകളും മാത്രം തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം.

യൂണിവേഴ്സിറ്റികൾ നൽകുന്ന കൃത്യമായ അക്കാദമിക് പോയിന്റുകൾ പാലിക്കുകയും, വിസ വിപുലീകരണത്തിനായുള്ള രേഖകൾ മുൻകൂട്ടി തയാറാക്കി വെക്കുകയും ചെയ്യുന്നത് അനാവശ്യ തിരിച്ചടികൾ ഒഴിവാക്കാൻ സഹായിക്കും.

**4. ബദൽ വിദേശ സർവ്വകലാശാലകളിലേക്കുള്ള ചുവടുമാറ്റം**

വരാനിരിക്കുന്ന സെപ്തംബറിലെ ഇമിഗ്രേഷൻ തീരുമാനങ്ങൾ നിരീക്ഷിച്ച് മാത്രം അന്തിമ കോളേജ് തിരഞ്ഞെടുപ്പുകൾ നടത്താനാണ് വിദ്യാഭ്യാസ വിദഗ്ദ്ധർ നിർദ്ദേശിക്കുന്നത്. അമേരിക്കൻ വിസ ലഭ്യതകൾ കഠിനമാകുന്ന പക്ഷം, യൂറോപ്യൻ രാജ്യങ്ങളിലെ അത്യാധുനിക സർവ്വകലാശാലകളിലേക്കോ ഏഷ്യൻ സാങ്കേതിക കേന്ദ്രങ്ങളിലേക്കോ പ്രവേശനങ്ങൾ മാറ്റുന്നതാണ് സാമ്പത്തികമായി സുരക്ഷിതം. ആഗോള വിപണിയിലെ തടസ്സങ്ങൾ തിരിച്ചറിഞ്ഞ് സുരക്ഷിതമായ പുതിയ ദിശകൾ തിരഞ്ഞെടുക്കാൻ വിദ്യാർത്ഥികളും രക്ഷിതാക്കളും തയ്യാറാകണം.

ട്രംപ് ഭരണകൂടം സ്വീകരിക്കുന്ന ഇമിഗ്രേഷൻ നിയന്ത്രണങ്ങൾ കേവലം ഒരു വിസ നിബന്ധനയിൽ ഒതുങ്ങുന്നതല്ല, മറിച്ച് അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെയും സാങ്കേതിക വിപ്ലവങ്ങളുടെയും അടിത്തറ ഉലയ്ക്കാൻ പോകുന്ന ഒന്നാണ്. 400 ബില്യൺ ഡോളറിന്റെ സാമ്പത്തിക ബാധ്യത വരുത്തിവെക്കുന്ന ഈ വിദ്യാർത്ഥി വിസ പരിധികൾ അമേരിക്കൻ കോൺഗ്രസും വിപണിയും എങ്ങനെ തരണം ചെയ്യും എന്നത് വരും നാളുകളിൽ കണ്ടറിയേണ്ടി വരും.

## കണ്ണീരായി ജപ്പാൻ; ഭൂകമ്പത്തിന് പിന്നാലെ

# കടുത്ത വെയിൽ, കുടിവെള്ളവും വൈദ്യുതിയുമില്ലാതെ ആയിരങ്ങൾ ദുരിതത്തിൽ



ജപ്പാനിൽ കടുത്ത നാശനഷ്ടം വിതച്ച 7.1 തീവ്രത രേഖപ്പെടുത്തിയ ശക്തമായ ഭൂകമ്പത്തിന് പിന്നാലെ ദുരിതത്തിലായി ജനങ്ങൾ. കുമാമോട്ടോ പ്രവിശ്യയിലെ പ്രമുഖ തുറമുഖ നഗരമായ യാത്സുഷിറോയിൽ വീടുകൾ തകരുകയും റോഡുകൾ പിളരുകയും ചെയ്തു. എന്നാൽ തകർന്ന കെട്ടിടങ്ങളെക്കാൾ തങ്ങളെ ഭയപ്പെടുത്തുന്നത് കുടിവെള്ളത്തിന്റെയും വൈദ്യുതിയുടെയും അഭാവമാണെന്ന് പ്രദേശവാസികൾ പറയുന്നു. കടുത്ത വേനൽച്ചൂട് അനുഭവപ്പെടുന്ന സമയത്ത് കുടിവെള്ളം തടസ്സപ്പെട്ടത് നഗരവാസികളുടെ ജീവിതം പൂർണ്ണമായും ദുസ്സഹമാക്കിയിട്ടുണ്ട്. നിലവിൽ അൻപത്തിയെണ്ണായിരത്തോളം കുടുംബങ്ങളാണ് കുടിവെള്ളവും വൈദ്യുതിയും ഇല്ലാതെ കടുത്ത ദുരിതം അനുഭവിക്കുന്നത്. ഭൂകമ്പത്തിൽ ഇതുവരെ കുറഞ്ഞത് 17 ആളുകൾ കൊല്ലപ്പെട്ടതായാണ് ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നത്.തകർന്ന ജലവിതരണ ശൃംഖലകൾ പുനഃസ്ഥാപിക്കാൻ എത്ര ദിവസങ്ങളോ ആഴ്ചകളോ എടുക്കുമെന്ന് പറയാനാകില്ലെന്ന് നഗരസഭാ ഉദ്യോഗസ്ഥനായ അകിയോ മത്സുഷിത വ്യക്തമാക്കി. ശുചിമുറി സംവിധാനങ്ങൾ പോലും പ്രവർത്തനരഹിതമായതോടെ നഗരസഭാ കാര്യാലയത്തിന് പുറത്ത് താൽക്കാലിക ക്രമീകരണങ്ങൾ ഒരുക്കേണ്ടി വന്നു. ഉയർന്ന ചൂടും ഈർപ്പവും രക്ഷാപ്രവർത്തനങ്ങളെ സങ്കീർണ്ണമാക്കുന്നുണ്ട്.രക്ഷാപ്രവർത്തനം വേഗത്തിലാക്കാൻ സ്വയം പ്രതിരോധ സേനയുടെ പ്രത്യേക വാഹനങ്ങൾ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കുന്നുണ്ട്.

## യുക്രെയ്നിൽ റഷ്യയുടെ വൻ മിസൈലാക്രമണം; കിയവിലും ലവീവിലും ഭീതി, അതിർത്തിയിൽ പോളണ്ട് യുദ്ധവിമാനങ്ങൾ പറത്തി

യുക്രെയ്നിലെ പ്രധാന നഗരങ്ങളെ ലക്ഷ്യമിട്ട് റഷ്യ വീണ്ടും ശക്തമായ ബാലിസ്റ്റിക് മിസൈൽ ആക്രമണം നടത്തി. രാജ്യ തലസ്ഥാനമായ കിയവ് മുതൽ പടിഞ്ഞാറൻ നഗരമായ ലവീവ് വരെയുള്ള പ്രദേശങ്ങളിൽ കനത്ത പ്രഹരമാണ് റഷ്യ ഏൽപ്പിച്ചത്. ആക്രമണത്തിൽ നിരവധി പേർ കൊല്ലപ്പെടുകയും വലിയ തോതിൽ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തതായി പ്രാദേശിക ഭരണകൂടം അറിയിച്ചു. വ്യോമാക്രമണത്തെ തുടർന്ന് യുക്രെയ്നിലെ ഭൂരിഭാഗം മേഖലകളിലും അടിയന്തര മുന്നറിയിപ്പ് സൈറണുകൾ മുഴങ്ങി. തലസ്ഥാനമായ കിയവിൽ ശക്തമായ സ്ഫോടന ശബ്ദങ്ങളാണ് ഉയർന്നത്. നഗരത്തിലെ ജനവാസയോഗ്യമല്ലാത്ത ചില കെട്ടിടങ്ങൾക്ക് തീപിടിച്ചതായി മേയർ വിറ്റാലി ക്ലിച്ച്കോ വ്യക്തമാക്കി. റഷ്യൻ മിസൈലുകൾ പടിഞ്ഞാറൻ അതിർത്തിയിലേക്ക് കുതിച്ചെത്തിയതോടെ അയൽരാജ്യമായ പോളണ്ടും അതീവ ജാഗ്രത പ്രഖ്യാപിച്ചു. തങ്ങളുടെ വ്യോമാതിർത്തിയുടെ സുരക്ഷ ഉറപ്പാക്കാൻ പോളണ്ട് യുദ്ധവിമാനങ്ങൾ അടിയന്തരമായി ആകാശത്തേക്ക് അയച്ചു. കര അധിഷ്ഠിത പ്രതിരോധ സംവിധാനങ്ങളും റഡാറുകളും സജ്ജമാക്കിയതായി പോളിഷ് സൈന്യം ഔദ്യോഗികമായി അറിയിച്ചു. യൂറോപ്യൻ യൂണിയനിലും നാറ്റോയിലും അംഗമായ പോളണ്ട് മുൻകരുതൽ നടപടിയുടെ ഭാഗമായാണ് സൈനിക വിമാനങ്ങൾ വിന്യസിച്ചത്.

## ഇറാനിൽ വൻ വ്യോമാക്രമണം നടത്തി അമേരിക്കൻ സൈന്യം; ഡസൻ കണക്കിന് സൈനിക കേന്ദ്രങ്ങൾ തകർത്തു



പശ്ചിമേഷ്യയിൽ യുദ്ധഭീതി ഇരട്ടിയാക്കി ഇറാന് നേരെ വീണ്ടും ശക്തമായ വ്യോമാക്രമണം നടത്തി അമേരിക്കൻ സൈന്യം. രണ്ട് മണിക്കൂർ നീണ്ടുനിന്ന ശക്തമായ ആക്രമണത്തിൽ ഇറാന്റെ നിരവധിയേറെ സൈനിക ലക്ഷ്യസ്ഥാനങ്ങൾ തകർത്തതായി അമേരിക്കൻ സെൻട്രൽ കമാൻഡ് അറിയിച്ചു. മിഡിൽ ഈസ്റ്റിലെ അമേരിക്കൻ സേനയ്ക്ക് നേരെ ഇറാൻ നടത്തിയ മിസൈൽ ആക്രമണത്തിനുള്ള ശക്തമായ മറുപടിയാണ് ഇതെന്ന് വാഷിംഗ്ടൺ വ്യക്തമാക്കി.ജോർദാനിലെ യുഎസ് സൈനിക താവളത്തിന് നേരെ ഇറാൻ തൊടുത്തുവിട്ട ബാലിസ്റ്റിക് മിസൈലുകൾ അമേരിക്കൻ വ്യോമസേന വിജയകരമായി പ്രതിരോധിച്ചിരുന്നു. ഇതിന് പിന്നാലെ ഇറാനെതിരെ കടുത്ത തിരിച്ചടി നൽകുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചിരുന്നു. തങ്ങളുടെ സൈന്യത്തെ ആക്രമിക്കാൻ തുനിയുന്നവർക്ക് കടുത്ത പ്രഹരം നൽകുമെന്ന മുന്നറിയിപ്പാണ് ഈ ആക്രമണത്തിലൂടെ അമേരിക്ക നൽകിയിരിക്കുന്നത്.രണ്ട് മണിക്കൂർ നീണ്ട വ്യോമാക്രമണത്തിൽ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സിന്റെ കമാൻഡ് സെന്ററുകൾ പ്രധാന ലക്ഷ്യമായി. ഇവ കൂടാതെ ഇറാന്റെ ഡ്രോൺ നിർമ്മാണ കേന്ദ്രങ്ങളും മിസൈൽ കേന്ദ്രങ്ങളും റഡാർ വിന്യാസങ്ങളും അമേരിക്കൻ സൈന്യം തകർത്തു. ഇറാന്റെ തീരദേശ നിരീക്ഷണ കേന്ദ്രങ്ങൾക്കും നാവിക ശേഷികൾക്കും വലിയ നാശനഷ്ടമാണ് ആക്രമണത്തിൽ സംഭവിച്ചിട്ടുള്ളത്.

## അമേരിക്കയെ സഹായിച്ചാൽ പണി പാളും; ഹോർമൂസ് കടലിടുക്ക് അടച്ചിടുമെന്ന് ഇറാന്റെ കടുത്ത മുന്നറിയിപ്പ്



അമേരിക്കയെ സഹായിക്കുന്ന രാജ്യങ്ങൾക്കും കമ്പനികൾക്കും കടുത്ത മുന്നറിയിപ്പുമായി ഇറാൻ രംഗത്തെത്തി. തങ്ങളുടെ മരവിപ്പിച്ച സാമ്പത്തിക ആസ്തികളിൽ നിന്ന് നഷ്ടപരിഹാരം കൈപ്പറ്റുന്ന കപ്പലുകൾക്ക് ഹോർമൂസ് കടലിടുക്കിലൂടെയുള്ള യാത്ര പൂർണ്ണമായി നിരോധിക്കുമെന്നാണ് ഇറാന്റെ പുതിയ പ്രഖ്യാപനം. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ അടുത്തിടെ നടപ്പിലാക്കാൻ തുനിഞ്ഞ പുതിയ സാമ്പത്തിക നയമാണ് മേഖലയിൽ വൻ പ്രകോപനത്തിന് വഴി വെച്ചത്. യുഎസ് ഉപരോധത്തിന്റെ ഭാഗമായി മരവിപ്പിച്ച ഇറാന്റെ ആസ്തികൾ ഉപയോഗിച്ച് സംഘർഷത്തിൽ കേടുപാടുകൾ സംഭവിച്ച കപ്പലുകൾക്ക് നഷ്ടപരിഹാരം നൽകുമെന്ന് ട്രംപ് പ്രഖ്യാപിച്ചിരുന്നു. ഇതിനെതിരെയാണ് ഇറാന്റെ ഖാതം അൽ അൻബിയ സായുധ സേനാ ആസ്ഥാനം ശക്തമായി പ്രതികരിച്ചത്.അമേരിക്കയുടെ ഈ നീക്കത്തെ പൂർണ്ണമായും നിയമവിരുദ്ധമെന്നാണ് ഇറാന്റെ സൈനിക വക്താവ് ഇബ്രാഹിം സോൾഫഖാരി വിശേഷിപ്പിച്ചത്. അമേരിക്കൻ നിർദ്ദേശം അംഗീകരിച്ച് ഫണ്ട് സ്വീകരിക്കുന്ന ഏതൊരു രാജ്യത്തിന്റെയും കപ്പലുകൾക്ക് കടലിടുക്കിൽ പ്രവേശനം ഉണ്ടാകില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. ഇത്തരം കപ്പലുകളെ തങ്ങളുടെ പ്രദേശിക സമുദ്രത്തിലൂടെ കടന്നുപോകാൻ അനുവദിക്കില്ലെന്ന് സൈന്യം തറപ്പിച്ചുപറയുന്നു


ഭവന വിപണിയിലെ ഏറ്റവും താഴ്ന്ന ഘട്ടം
കൃത്യമായി കണ്ടുപിടിക്കാനുള്ള പരിശ്രമത്തിലുപരിയായി നിങ്ങളുടെ ആവശ്യകതയും സാമ്പത്തിക സുരക്ഷയും മുൻനിർത്തി
വിൽക്കാനുള്ളവർ ആശങ്കപ്പെടുമ്പോൾ
ശാന്തമായി യുക്തിപരമായ തീരുമാനങ്ങൾ എടുക്കാൻ തയ്യാറാകുക എന്നതാകും വാങ്ങുന്നവരുടെ ശരിയായ വിജയം
നിങ്ങളുടെ ആവശ്യകതകൾ
സാമ്പത്തിക സുരക്ഷ
യുക്തിപരമായ തീരുമാനങ്ങൾ
ശരിയായ നിക്ഷേപം
647 860 4624
realtorgibi@gmail.com
gibijohn.ca
Never satisfied until you are
GIBI JOHN
Broker
RE/MAX
REAL ESTATE CENTRE INC. BROKERAGE
INDEPENDENTLY OWNED AND OPERATED
1140 Burnhamthorpe Rd W # 141
Mississauga, ON L5C 4E9
Ph: (905) 795-1900

# BRISTOL DENTAL CLINIC

## Family, Cosmetic & Specialty Dentistry

Dr. Annie Thomas, Family, Cosmetic & Laser
Dr. Laura Minea, Family & Cosmetic
Dr. Roshini Gopal, Family & Cosmetic
Dr. Mahima Mahima, Family & Cosmetic
Dr. James Chacko, Oral Surgery & Implants
Dr. Shakti Singh, Orthodontist
Dr. Manav Nayyar, Endo
Dr. Mehrdad Radvar, Perio
Dr. Saurabh Chhabra, Prosthodontist




• Informed Dentistry • New Patients & Emergencies Welcome
• Comprehensive Dental Services Provided Under One Roof

## SPECIALITY SERVICES

• Laser Dentistry • Cosmetic Dentistry • Orthodontics • Endodontics
• Periodontics • Oral Surgery • Implants • Dentures & Snap-On Smiles

**We Accept CDCP (Canadian Dental Care Plan)**

1-512 Bristol Road West,
Mississauga, ON L5R 3Z1
info@bristoldental.ca

**(905) 712-3409**

@ Bristol Road West & McLaughlin Road

**CALL US FOR**

Smile Contouring, Braces,
Invisalgn, Perio & Gum Surgery,
Root Canals, Oral Surgery,
Wisdom Teeth, Implants,
Dentures - all types

LOOK DEEPER™
BRISTOL DENTAL CLINIC

www.bristoldental.ca